Aikyadeepam

# ഐക്യദീപം

നവംബർ 2014

Since 1976 വില ₹ 10




വളച്ചൊടിക്കുന്ന വാർത്തകൾ

സഭയും മാധ്യമങ്ങളും

മാധ്യമങ്ങളുടെ കച്ചവട കണ്ണ്

സിനിമയും സംസ്ക്കാരവും

ഓൺലൈൻ മരുപ്പച്ചകൾ അഥവാ ക്ഷുഭിത യൗവനങ്ങളുടെ തടവറ



# ബോധന


തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി

രജി. നമ്പർ 9/72

പുഷ്പഗിരി റോഡ്, തിരുവല്ല, പത്തനംതിട്ട, കേരള,

സൗത്ത് ഇന്ത്യ – 686 101,

ഫോൺ: 0469 2730561,2606063

e-mail: bodhanathiruvalla@gmail.com




## HONEY BY-PRODUCTS

1. Honey Dates
2. Honey Amla
3. Honey Garlic
4. Honey Cherry
5. Honey Chilli (Cherry pepper)
6. Honey Grapes
7. Honey Cashew Nuts
8. Honey Syrup
9. Honey Ginger
10. Cardamom Honey
11. Honey Asparagus
12. Natural Face Cream
13. Natural Bee Balm
    (excellent Pain Killer)

തേനീച്ച വളർത്തൽ പരിശീലനവും
തേൻ സംഭരണവും വിപണനവും
തേനിച്ച വളർത്തലിന് ആവശ്യമായ
ഉപകരണങ്ങളും ലഭ്യമാക്കുന്ന
അംഗീകൃത സ്ഥാപനം

കൂൺകൃഷിയിൽ പരിശീലനവും, കൂൺ വിത്തും ലഭ്യമാക്കുന്നു.
ജൈവ ഉത്പന്നങ്ങളുടെ വിപണനത്തിന് പ്രത്യേക വിപണനകേന്ദ്രം.


# എഡിറ്റോറിയൽ

## editorial



കാഴ്ചകളുടെ ചില്ലുജാലകത്തിനപ്പുറത്തേക്ക് ദൃശ്യങ്ങൾക്ക് ഒട്ടും ആയുസ്സില്ലാതിരുന്ന ആ പഴയ കാലമിന്ന് അസ്തമിച്ചിരിക്കുന്നു. ചിതലരിച്ച ചിത്രങ്ങളും അവയുടെ ഓർമ്മകളും ചുവരുകളിൽ നിന്നും ഓർമ്മകളിൽനിന്നും മാഞ്ഞുമറഞ്ഞു പോയിരിക്കുന്നു. അത്ഭുതങ്ങളിലേക്കാണിന്ന് നമ്മുടെ കണ്ണുകൾ തുറക്കപ്പെടുന്നത്. സ്വരങ്ങൾ കാതുകളിൽ സമ്മാനിക്കുന്നതോ വിസ്മയത്തിന്റെ ഒരു പുതിയ ലോകവും. അതിരുകളും അതിർത്തികളും കടന്ന് സാദ്ധ്യതകളുടെ ആകാശത്തോളം തുറന്ന ഈ ജാലകത്തിനരികിലിരിക്കുമ്പോൾ ലോകം തന്നെ കൺമുൻപിൽ ഒതുങ്ങുന്നു. ദൃശ്യങ്ങൾക്ക് സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ... സ്വരങ്ങൾക്ക് കാറ്റിനോളം വേഗതയും.

ഒരു മഷിത്തുള്ളി വാക്കുകളുടെ ചിത്രം വരയ്ക്കുമ്പോൾ അവയ്ക്ക് രക്തത്തുള്ളികളേക്കാൾ ചലനം സൃഷ്ടിക്കാനാവുമെന്നത് യാഥാർത്ഥ്യമാണ്. ചരിത്രത്തിലെത്ര മഷിത്തുള്ളികൾ ഇങ്ങനെ മനുഷ്യവികാരങ്ങളെ ഒപ്പിയെടുത്തിട്ടുണ്ട്; അപ്പോൾ അവയ്ക്ക് സ്നേഹത്തിന്റെയും പ്രണയത്തിന്റെയും ഭക്തിയുടെയുമൊക്കെ ഭാഷകൾ സൃഷ്ടിക്കാൻ സാധിച്ചു. മാധ്യമങ്ങളിന്ന് ജീവിതത്തെ കൂടുതൽ സ്വച്ഛമാക്കുന്നു; ഒപ്പം പ്രക്ഷുപ്തവും.



“നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ” എന്ന യേശുവിന്റെ ആത്യന്തികമായ ആഹ്വാനത്തിന്റെ ശുശ്രൂഷയിലാണെന്നും സഭ. അകലങ്ങൾ ഇല്ലാതാകുന്ന മാധ്യമസംസ്കാരം. സഭയുടെ ഈ ശുശ്രൂഷയിൽ എന്നും ശക്തിയായി മാറിയിട്ടുണ്ട്. 2014 നവംബർ 16-ാം തീയതി സാമൂഹ്യസമ്പർക്ക മാധ്യമദിനമായി സഭ ആചരിക്കുമ്പോൾ, മാധ്യമങ്ങളെ അടുത്തറിയുവാനും അവയോട് സുരക്ഷിതമായ ഒരു അകലം പാലിക്കുവാനും നമുക്ക് സാധിക്കണം. അരികിലെ കാഴ്ചകളിൽ നിന്ന് കണ്ണുകൾ പൊത്തി അകലങ്ങളിലേക്ക് ചേക്കേറാൻ അവ നമ്മെ പഠിപ്പിച്ചിരിക്കുന്നു. അമേരിക്കയും അയർലണ്ടും അയൽപക്കത്തെ വീടുകൾ പോലെയും, അയൽപക്കത്തെ വീടുകൾ അമേരിക്കയും അയർലണ്ടും പോലെ ദൂരെയാകുന്ന... ബന്ധങ്ങൾ മുരടിക്കുന്ന.... ഹൃദയം ചുരുങ്ങുന്ന സംസ്കാരവും ഇന്ന് പടരുന്നു.

ഈ തുറന്നിട്ട ജാലകത്തിനരികെ ആകാശത്തോളം വിശാലമായ ഹൃദയവുമായി നമുക്കിരിക്കാം. അരികിലും അകലെയും എത്ര നല്ല ദൃശ്യങ്ങൾ.നന്മയുടെയും സ്നേഹത്തിന്റെയും മനോഹരമായ കാഴ്ചകൾ. നീലാകാശത്തോളം വിശാലമായ സ്നേഹഭാവത്തിന്റെ അളവുകോലുകൾ നമ്മിൽ രൂപപ്പെടുത്താം.... ഓർമ്മച്ചെപ്പിൽ മഷിത്തുള്ളികൾ ഇനിയും ഒരായിരം സ്നേഹഭാഷ വിടർത്തുവോളം...





# ഐക്യദീപം

*Aikyadeepam*

2014 നവംബർ പുസ്തകം 45 ലക്കം 11



- രക്ഷാധികാരി
  മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ
- സഹ രക്ഷാധികാരി
  മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ
- ചീഫ് എഡിറ്റർ
  ഫാദർ വർഗ്ഗീസ് ചാമക്കാലായിൽ
- പ്രസാധകൻ
  ഫാദർ തോമസ് കൊടിനാട്ടുകുന്നേൽ
- സർക്കുലേഷൻ മാനേജർ
  ബ്രദർ വർഗ്ഗീസ് കണ്ടത്തിൽ
- ഉപദേശക സമിതി
  മോൺ. ആന്റണി ചെത്തിപ്പുഴ
  റവ. ഫാ. ചെറിയാൻ താഴമൺ
  റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
  ശ്രീ. ഷാജി കാരയ്ക്കൽ
  പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
  ശ്രീ. ജോമി കലയപുരം
  ശ്രീ. ജിജി മുളമൂട്ടിൽ
  ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ



Printing at: Dona Offset, Kottayam

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com
























## സ്ഥിരം പംക്തികൾ


പ്രബോധനം,
കുടുംബവേദി
അമ്മ മനസ്സ്
ഉള്ളതുപറഞ്ഞാൽ
സീൻ ബൈ സീൻ
ഔഷധത്തോട്ടം
ആരോഗ്യം

06 വളച്ചൊടിക്കുന്ന വാർത്തകൾ
പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

10 സഭയും മാധ്യമങ്ങളും
ഫാ. ചെറിയാൻ താഴമൺ

15 മാധ്യമങ്ങളുടെ കച്ചവട കണ്ണ്
പിങ്കി ബേബി





18 സിനിമയും സംസ്ക്കാരവും മാധ്യമവിചാരത്തിൽ
ജോൺ മാത്യു


24 When The "Called" Ones Fail!
Bro. Jerry USA

34 ഓൺലൈൻ മരുപ്പച്ചകൾ അഥവാ ക്ഷുഭിത യൗവനങ്ങളുടെ തടവറ
ഫാ. ഷീൻ തങ്കാലയം



All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex Kacheripady, Tiruvalla-1. Phone: 0469-2600626 Fax: 0469-2600822. E-mail: aikyadeepamtvla@gmail.com

# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്**

അതിരൂപതയിലെ വൈദിക ഗണത്തിന്റെ വാഷിക ധ്യാനം വലിയ ദൈവാനുഭവത്തിന്റെ സന്ദർഭമായിരുന്നു. സഹന പുത്രിയും കേരളസഭയുടെ അഭിമാനവുമായ വി. അൽഫോൺസയുടെ കബറിടത്തിൽ അതിരൂപതാ വൈദികർ ഒന്നിച്ച് വന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തി ൽ ഒരു സായാഹ്നം തീർത്ഥാടനത്തിനവും പ്രാർത്ഥനയു മായി ചെലവഴിച്ചു. പാലാരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ചിന്തോദ്ദീപകമായ സന്ദേശവും, തൃശൂർ അതിരൂപത സഹായമെത്രാ നും, അപ്പസ്തോലിക് വിസിറ്ററുമായ മാർ റാഫേൽ തട്ടിൽ പിതാവിന്റെ സന്ദർശനവും സാന്നിദ്ധ്യവും വേറിട്ട അനുഭവമായിരുന്നു. ഒരു രൂപതയെ സംബന്ധിച്ച് വൈദികരുടെ വാർഷികധ്യാനം ഏറെ പ്രസക്തമാണ്. സമകാലിന സമൂഹത്തിൽ മോശയുടെ നിയോഗം പേറുന്ന വൈദികൻ ദൈവദർശനം സമീപസ്ഥമാകുവാൻ ഹോറേബ് മല കയറുന്ന സന്ദർഭമാണത്. തന്റെ ചെരിപ്പുകൾ അഴിച്ചു മാറ്റിയും വിമോചനനിയോഗം ഏറ്റെടുത്തും ദൈവസാന്നിദ്ധ്യം സദാ ഓർമ്മിപ്പിക്കുന്ന അത്ഭുതവടിയുമായി താഴ്വാരങ്ങളിലേക്ക്, ജനമദ്ധ്യത്തിലേക്ക് ഇറങ്ങുന്ന മോശ വൈദികന്റെ നേർചിത്രമായിരിക്കണമെന്ന ധ്യാനചിന്ത ദിവ്യകാരുണ്യ സഭാംഗമായ ബഹു. ജോമോൻ കൊച്ചുകണിയാമ്പറമ്പിലച്ചൻ പകർന്ന് ബോദ്ധ്യപ്പെടുത്തി. പ്രാർത്ഥനയുടെ പിന്തുണ നൽകിയ ദൈവജനത്തിന് നന്ദിയർപ്പിക്കുന്നു.

ഒക്ടോബർ മാസം ജപമാലയുടെ മാസമായി അറിയപ്പെടുന്നു. ഒരു സഹസ്രാബ്ദത്തിന്റെ പാരമ്പര്യം പേറുന്ന ഭക്താനുഷ്ഠനമാണ് ജപമാലഭക്തി. വിശുദ്ധ ഡൊമിനിക്കിലൂടെയും ഡൊമിനിക്കൻ സന്ന്യസികളിലൂടെയും ജപമാല ഭക്തിക്ക് പ്രചുരപ്രചാരം സിദ്ധിച്ചു. സഭാഗാത്രത്തെ പടുത്തുയർത്തുന്നതിൽ വി.കുർബ്ബാന കഴിഞ്ഞാൽ ഏറ്റവും സഹായിച്ച അനുഷ്ഠനമാണത്. ആകുലതയിലും ഒറ്റപ്പെടലിലും ഏകാന്തതയിലും പൈശാചിക പോരട്ടങ്ങളിലും അനേകായിരങ്ങളെ താങ്ങിനിർത്തിയത് ജപമാലപ്രാർത്ഥനയാണ്. തിന്മയെ പ്രതിരോധിക്കുന്നതിനുള്ള ദൈവിക ഉപകരണമാണത്.

നമുക്കും വാഹനങ്ങൾക്കും അലങ്കാരമെന്നോണം സൂക്ഷിക്കാൻ മാത്രം പറ്റുന്ന ഒന്നായി ജപമാലയെ കാണുന്നത് ആ പ്രാർത്ഥനാസങ്കേതത്തിന്റെ അർത്ഥമറിയാത്തതു കൊണ്ടാണ്. ദൈവിക രഹസ്യങ്ങൾ ഭാവാത്മകമായി അനുദിനം

*(ശേഷം പേജ് 28)*

# വളച്ചൊടിക്കുന്ന വാർത്തകൾ






**പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള**
(ഡയറക്ടർ, ജേർണലിസം വകുപ്പ്,
എം.ജി.യൂണിവേഴ്സിറ്റി)

ബ്രസീൽതാരം നെയ്മർ ലോകകപ്പോടുകൂടി ലോകമാസകലമുള്ള ഫുട്ബോൾ പ്രേമികളുടെ ഹരമായി മാറുകയായിരുന്നു. ബ്രസീലിന്റെ ഭാഗ്യനക്ഷത്രമായി എല്ലാവരും ഈ കായികതാരത്തെ പുകഴ്ത്തി. പ്രതീക്ഷയുടെ പറുദീസയിലേക്കു വാണം പോലെ കുതിക്കുകയായിരുന്നു നെയ്മർ. അതിനാൽതന്നെ, ബ്രസീൽ ഇക്കുറി ലോകകപ്പു നേടുമെന്നെല്ലാവരും കണക്കുകൂട്ടി. ഈ പ്രത്യാശയുടെ ലഹരിയിലായിരുന്നു ബ്രസീലിലെ ആബാലവൃദ്ധം ജനങ്ങളും. ലോകകപ്പു മേളയുടെ സംഘാടക ശക്തിക്കു തന്നെ ഇതൂർജമായി.

പക്ഷേ, എല്ലാം പെട്ടെന്നു കെട്ടടങ്ങി. പ്രതീക്ഷയുടെ കൊടുമുടിയിൽ നിന്നും നെയ്മറെ തള്ളിത്താഴെയിട്ടു ചവിട്ടി മെതിച്ചു. ഒരു കൊളംബിയൻ താരം നെയ്മറുടെ നട്ടെല്ലും നെഞ്ചെല്ലുമൊക്കെ കളിക്കിടയിൽ ഞെക്കിയൊടിച്ചു. ചാനലിൽ കളി കണ്ടവർക്കും നേർകാഴ്ച കണ്ടവർക്കും മനപ്പൂർവമായുള്ള ആക്രമണമാണതെന്ന കാര്യത്തിൽ സംശയമില്ല. മത്സരത്തിലെ ശത്രുവായ നെയ്മറെ നിർവീര്യനാക്കുക. ഫലമുണ്ടായി.



ബ്രസീൽ തോറ്റു തുന്നംപാടി. ബ്രസീലിയൻ ജനത കണ്ണീരൊഴുക്കി. ലോക ഫുട്ബോൾ പ്രേമികൾ നിരാശരായി. അസ്ഥിബന്ധങ്ങൾ തകർന്ന നെയ്മർ ചികിത്സയിലാണ്. ഇതേ സന്ദർഭത്തിലാണു മലയാളം ചാനലുകൾ നെയ്മറെ വട്ടമിട്ടു പിടിച്ചത്. ഒരുഗ്രൻ വാർത്ത ബ്രേക്കിംഗ് ന്യൂസായി ഓരോ ചാനലും മത്സരിച്ചു വിളമ്പി നല്കി. “നെയ്മർ കേരളത്തിലേയ്ക്ക്!”

ഈ വാക്കുകൾ വാർത്തയായി ചാനലിൽ സ്ക്രോൾ ചെയ്യാൻ തുടങ്ങിയതോടെ കാണികൾ ഞെട്ടി. ഇതെന്തൊരത്ഭുതം! എന്താണിതിന്റെ ഗുട്ടൻസ്.

ജനം അസ്ഥംവിട്ടിരിക്കുമ്പോൾ അടുത്ത വരികൾ പ്രത്യക്ഷമായി. "ആയുർവേദ ചികിത്സയ്ക്കായിട്ടാണു നെയ്മർ കേരളത്തിലെത്തുന്നത്. ബ്രസീലിയൻ സർക്കാർ മുഖ്യമന്ത്രിയുമായി ആശയവിനിമയം നടത്തിക്കഴിഞ്ഞു. എല്ലാ സൗകര്യങ്ങളും ഏർപെടുത്താമെന്നു മുഖ്യമന്ത്രി ഉറപ്പുനല്കുകയും ചെയ്തു."

അപ്പോൾ ചികിത്സയാണു കാര്യം. ആദ്യം വിശ്വസിക്കാൻ വിഷമം തോന്നിയെങ്കിലും രണ്ടാം വായനയിൽ നല്ല സാധ്യത തോന്നാതിരുന്നില്ല. ആയുർവേദത്തിനു പുകൾപെറ്റ കേരളത്തിനു ലഭിക്കുന്ന ഒരു ലോട്ടറിയായിട്ടാണു തോന്നിയത്. ആയുർവേദത്തെപ്പറ്റിയുള്ള സന്ദേശം ബ്രസീലിലും എത്തിയതിലുള്ള ആഹ്ലാദം ചില്ലറയായിരുന്നില്ല.

ഏതാനും മിനിറ്റുകൾക്കു ശേഷം ഇതേപ്പറ്റിയുള്ള വിശദമായ വാർത്തകൾ ചാനുകൾ വിളംബരം ചെയ്യാൻ തുടങ്ങി. അവസാനിക്കാത്ത വാർത്തകൾ. ആയുർവേദ ഡയറക്ടർ, തിരുവനന്തപുരം ആയുർവേദ കോളജ് പ്രിൻസിപ്പൽ തുടങ്ങിയവരുമായുള്ള അഭിമുഖങ്ങൾ. ഏതു തരം ചികിത്സയും നല്കാനുള്ള പ്രാപ്തി കേരളത്തിനുണ്ടെന്നു ഡയറക്ടറും മറ്റും ചങ്കൂറ്റത്തോടെ പ്രഖ്യാപിക്കുന്നു.

വാർത്ത തീരുന്നില്ല. പിന്നെ ചാനൽ ചർച്ചകളായി. ചർച്ചയോടുചർച്ചകൾ. ചർച്ചയിൽ ഒരാളുടെ ആവശ്യം നെയ്മറെ മലബാർ മേഖലയിലേക്കു കൊണ്ടുവരണം!

ചുരുക്കത്തിൽ ഉച്ചമുതൽ പാതിരാത്രിവരെ ന്യൂസ് ചാനലുകളിൽ നെയ്മറും കേരളവും ആയുർവേദവും മാത്രമായിരുന്നു. പാലാ മഹാകവിയുടെ വരികൾ അന്വർത്ഥമാകുകയാണെന്നു തോന്നിപ്പോയി. "കേരളം വളരുന്നു, അന്യമാം ദേശങ്ങളിൽ." വളരട്ടങ്ങനെ വളരട്ടെ. ഏതു കേരളീയന്റെ മനസ്സിലും ആഹ്ലാദത്തിന്റെ തിരതല്ലുന്ന ആയുർവേദ വാർത്ത.

പിറ്റേന്നത്തെ ദിനപത്രങ്ങളിലും ഈ വാർത്ത അല്പം കാര്യമായിത്തന്നെ പ്രസിദ്ധീകരിച്ചിരുന്നു. പക്ഷേ, പിറ്റേന്നു ചാനലുകളിലൊന്നും ഒരുവരിപോലും ഇതേപ്പറ്റി എഴുതിയോ പറഞ്ഞോ കാണുകയോ കേൾക്കുകയോ ചെയ്തില്ല. ഇതെന്തു മറിമായം?

രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോഴാണു സംഗതിയുടെ കിടപ്പുവശം വ്യക്തമാകുന്നത്. നെയ്മർ പോയിട്ടു ബ്രസീലിലെ ഒരു നായക്കുട്ടിപോലും കേരളത്തിലേക്കു വരുന്നില്ല. ഇങ്ങനെ ഒരു സംഭവം നെയ്മറോ ബ്രസീൽകാരോ സ്വപ്നത്തിൽപോലും ചിന്തിച്ചിട്ടുമില്ല!

പക്ഷേ, പുകയില്ലാതെ തീയുണ്ടാകില്ലല്ലോ? അല്പം പുകഞ്ഞുവെന്നുള്ളത് ഒരു പുകയായി മാറിയെന്നുള്ളതു സത്യം. അതുകൊണ്ടാണല്ലോ ചാനലുകൾ അതിട്ട് ഊതിയൂതി തീനാളങ്ങളാക്കിയതും.

അവസാനം ഇതേ മാധ്യമങ്ങൾ തന്നെ ഇതിന്റെ ഉത്തരവാദിത്വം മുഖ്യമന്ത്രിയുടെ തലയിൽ വച്ചു ചാർത്തുകയും ചെയ്തു. അതിൽ വിഷണ്ണനായ ഉമ്മൻചാണ്ടി പരസ്യമായി തന്റെ നീരസം ഒരു പത്രസമ്മേളനത്തിൽ പുറത്തെടുക്കുകയും ചെയ്തു.

"സ്വന്തം ഇഷ്ടാനുസരണം നല്കുന്ന ബ്രേക്കിംഗ് ന്യൂസുകൾ തെറ്റായി മാറുമ്പോൾ അതിന്റെ പഴിയും എന്റെ തലയിൽ കെട്ടിവയ്ക്കരുത്." മുഖ്യമന്ത്രി തുറന്നുപറഞ്ഞു.

"ആരോ പറഞ്ഞറിഞ്ഞ വിവരമനുസരിച്ചു നെയ്മറെപ്പറ്റി വാർത്ത കൊടുത്തു. നെയ്മറോ ബ്രസീലു




കാരോ ഇക്കാര്യം സ്വപ്നം കണ്ടിട്ടുപോലുമില്ലായിരുന്നു. അവസാനം മുഖ്യമന്ത്രിയുടെ ഓഫീസ് തെറ്റിദ്ധരിപ്പിച്ചുവെന്നായി. കാര്യങ്ങൾ അന്വേഷിച്ചു വാർത്തകൊടുക്കാത്തതിന്റെ ദുരന്തം." അദ്ദേഹം കൂട്ടിച്ചേർത്തു.

ഇതിവിടെ സൂചിപ്പിക്കാനൊരു പ്രത്യേക കാരണവും ഇല്ലാതില്ല. ജൂലൈ 23 ദേശീയ പ്രക്ഷേപണ ദിനമാണ്. ഇതോടനുബന്ധിച്ചു ദൂരദർശൻ 'മാധ്യമങ്ങളുടെ മരണപ്പാച്ചിൽ' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ സംവാദത്തിൽ ഞാനും പങ്കെടുക്കുകയുണ്ടായി. മുതിർന്ന പത്രപ്രവർത്തകരായിരുന്നു ചർച്ചയിൽ. മാധ്യമങ്ങളുടെ ഇന്നത്തെ ലക്കും ലഗാനുമില്ലാത്ത ഇത്തരം വാർത്താ പ്രചാരണ പ്രക്രിയയിൽ ഭൂരിഭാഗം പേരും ആശങ്ക പ്രകടിപ്പിക്കുകയും ചെയ്തു.

നെഗറ്റീവ് പത്രപ്രവർത്തനത്തിന്റെ ശക്തി വർധിച്ചു വരികയാണെന്നുള്ളതായിരുന്നു എന്റെ പ്രധാന വാദമുഖം. കുറ്റാരോപിതരെയും കുറ്റം ചെയ്തവരെയുമൊക്കെ ആദ്യം പത്രങ്ങൾ തല്ലിത്തകർക്കും. കുറേ കഴിയുമ്പോൾ ഇതേ മാധ്യമങ്ങൾ ഇ

ക്കൂട്ടരെ പൊക്കിയെടുത്ത് അതുവരെ പറ്റിപ്പിടിച്ചിട്ടുള്ള അഴുക്കുകളെല്ലാം സുഗന്ധസോപ്പിട്ടു തേച്ചു കഴുകി വൃത്തിയാക്കി പടിപടിയായി ഉയർത്തിക്കാട്ടുക. കുറേ കഴിയുമ്പോൾ അവരെ പരിശുദ്ധരായി പ്രഖ്യാപിച്ചെന്നുംവരും.

മദനിയും സരിതാനായരും ധർമരാജനും അഫ്സൽഗുരുവും ചാൾസ് ശോഭരാജും ഒക്കെ ഇങ്ങനെ വാഴ്ത്തപ്പെട്ടവരാണ്. താഴ്ത്തപ്പെട്ട ശേഷം വാഴ്ത്തപ്പെട്ടവർ! മദനിയും കുടുംബാംഗങ്ങളും പോകുന്ന വഴിയെല്ലാം ഇപ്പോൾ തത്സമയസംപ്രേഷണം! പണ്ടു മദനിയെ ഓടിച്ചിട്ട് ഇകഴ്ത്തുകയായിരുന്നു. സരിതാനായരാകട്ടെ ഇപ്പോൾ സെലിബ്രിറ്റിയും! സരിതയുടെയും ഐസ്ക്രീംഫെയിം റജീനയുടെയുമൊക്കെ വാക്കുകൾക്കുവേണ്ടി ചാനൽ കാമറാമാന്മാർ കണ്ണോർത്തു നില്ക്കുന്നു. ഇത്തരം പുകഴ്ത്തലുകൾ വഴി ലഭിച്ച പ്രതിച്ഛായയുടെ പേരിൽ ഓട്ടോഗ്രാഫ് വാങ്ങാൻ പോലും ആളുകൾ കാത്തുനില്ക്കുന്ന ദുരവസ്ഥ.




'വേദ്പ്രകാശ് വൈദിക്-ഹാഫിസ് സെയ്ദ്' കൂടിക്കാഴ്ചയെപ്പറ്റി ഞാൻ സംവാദത്തിൽ ശക്തമായി ഉന്നയിക്കുകയുണ്ടായി. എന്താണീ വിഷയം? ഇന്ത്യയുടെ ആജന്മശത്രുവാണു ഹാഫിസ് സെയ്ദെന്ന ഭീകരൻ. ബോംബെ ആക്രമണത്തിന്റെ പ്രേരകശക്തി. ഇന്ത്യയുടെ സാമ്പത്തികസിരാകേന്ദ്രം തന്നെ തകർക്കാൻ പദ്ധതിയിട്ട സെയ്ദിനെയാണു പത്രപ്രവർത്തകനായ വേദപ്രകാശ് വൈദിക് പാകിസ്ഥാനിലെത്തി കണ്ടതും അഭിമുഖ സംഭാഷണം നടത്തിയതും.

പക്ഷേ, വൈദിക് ഈ അഭിമുഖം ഇന്നേവരെ പ്രസിദ്ധീകരിച്ചിട്ടില്ല. ഒരക്ഷരം പ്രക്ഷേപണം ചെയ്തിട്ടുമില്ല. ആകെ ഇരുവരും ഒപ്പമിരിക്കുന്ന ഒരു ഫോട്ടോ ഫേസ്ബുക്കിൽ ഇട്ടുവെന്നു മാത്രം. അതിന്റെ പേരിൽ, ദേശീയ ചാനലുകളും പത്രങ്ങളും നാലഞ്ചുദിവസം നിലക്കാത്ത ചർച്ചകളും വാർത്തകളും ഇട്ടലക്കുകയായിരുന്നു. വൈദിക് അങ്ങനെ സൂപ്പർതാരമായി.

ഫലമോ? നാലഞ്ചുദിവസം പാർലമെണ്ടിന്റെ ഇരുസഭകളും സ്തംഭിച്ചു. കേന്ദ്രസർക്കാരിന്റെ അറിവോടെയാണു വൈദിക്, സെയ്ദിനെ കണ്ടതെന്നായിരുന്നു ആരോപണം; മധ്യസ്ഥനെന്ന മട്ടിൽ.

പാകിസ്ഥാനിലെ ഇന്ത്യൻ എംബസി ഈ കൂടിക്കാഴ്ച ഒരുക്കിയതായിട്ടാണു ചാനൽ ചർച്ചകളിലെ അമിട്ടുകൾ. മേക്കപ്പണിഞ്ഞു രാഷ്ട്രീയ നേതാക്കളും പത്രപ്രവർത്തകരുമൊക്കെ ചാനലുകളിലിരുന്നു വൈദിക്കിന്റെ അത്ഭുതസിദ്ധികളെപ്പറ്റി ടൺ കണക്കിനുള്ള വാക്കുകൾ ഡൗൺലോഡ് ചെയ്തു പുറത്തുവിട്ടു.

കേന്ദ്ര ഗവൺമെണ്ടിന്റെ അറിവോടെയല്ല വൈദിക്കിന്റെ സന്ദർശനമെന്നു വിദേശകാര്യമന്ത്രിയും മറ്റു മന്ത്രിമാരും ആവർത്തിച്ചു പറഞ്ഞിട്ടും വാർത്തയിൽ അതൊന്നും കാര്യമായി ഒളിമിന്നിയില്ല. ഇന്ത്യയിലെ പാകിസ്ഥാൻ എംബസിയും പാകിസ്ഥാനിലെ ഇന്ത്യൻ എംബസിയും ഒന്നുപോലെ ആണയിട്ടു പറഞ്ഞു- ഇവരുടെ കൂടിക്കാഴ്ചയെപ്പറ്റി ഞങ്ങൾക്കൊരറിവുമില്ല. പക്ഷേ, ഈ രണ്ടു 'സത്യപ്രതിജ്ഞ'കളും മാധ്യമങ്ങളിൽ തിളങ്ങിയില്ല.

ഇതാണു പത്രപ്രവർത്തനമെന്നു വന്നാൽ? ഈ വിഷയത്തിൽ മാധ്യമങ്ങൾ കുറ്റവാളിയായി മുദ്രകുത്തിയ സർക്കാരിന്റെ ഔദ്യോഗിക പ്രഖ്യാപനത്തിനു സരിതയ്ക്കും മദനിക്കും നല്കുന്ന വാർത്താപ്രാധാന്യത്തിന്റെ പതിനായിരത്തിലൊരു ഭാഗമെങ്കിലും നല്കേണ്ടതല്ലേ?

ഇനി എന്റെ ഒരു സംശയം. ഈ വേദ്പ്രകാശ് വൈദിക്, ഹാഫീസ് സെയ്ദിനെ കണ്ടെന്നുള്ളതിന് എന്താണു യഥാർത്ഥ തെളിവ്? ഇരുവരും അടുത്തടുത്തിരിക്കുന്ന ഒരു പടം ഫേസ്ബുക്കിൽ വന്നതുകൊണ്ടു മാത്രം അതു സത്യമാകണമെന്നുണ്ടോ? ഈ കമ്പ്യൂട്ടർയുഗത്തിൽ ആർക്കും ആരോടൊപ്പം ഇരിക്കുന്ന ഫോട്ടോകളും മോർഫ് ചെയ്തെടുക്കാൻ ഒരു വിഷമവുമില്ല.

പൊങ്ങച്ചം നടിക്കാനായി ഇങ്ങനെയൊരു നാടകം കളിച്ചുവെന്നു ചിന്തിക്കുന്നതിൽ കഴമ്പില്ലെന്നു പറയാനാകുമോ? ഒരു പത്രപ്രവർത്തകൻ കുപ്രസിദ്ധനായ ഒരു പ്രമാണിയുടെ വെറും ദർശനത്തിനായി മാത്രം പോകാറില്ലല്ലോ? അഭിമുഖ സംഭാഷണം നടത്തിയെങ്കിൽ അതു പ്രസിദ്ധീകരിക്കുമായിരുന്നില്ലേ?

കാരണം, അഭിമുഖം എവിടെയെന്ന് എത്രയോ പേർ ഇതിനോടകം വൈദികിനോടു ചോദിച്ചു കഴിഞ്ഞിരിക്കുന്നു. പഠിച്ച കള്ളനെപ്പോലെ ‘വൈദികൻ’ മൗനം പാലിക്കുകയാണ്, ഉത്തരം മുട്ടിയ മട്ടിൽ.

നേരറിയാനും അതു നേരെ ചൊവ്വേ മാലോകരെ അറിയിക്കാനുമുള്ള ധാർമിക ഉത്തരവാദിത്വമാണു മാധ്യമങ്ങൾക്കുള്ളത്. പക്ഷേ, ഇന്നാകട്ടെ നേരത്തെ അറിയിക്കാനുള്ള തത്രപ്പാടിൽ നേരിനു പാരവയ്ക്കുന്ന പ്രവണതവഴി മാധ്യമങ്ങളുടെ വിശ്വാസ്യതയ്ക്ക് ഊനം തട്ടിയിട്ടുണ്ടെന്നുള്ളതു സത്യം.

കസ്റ്റഡിയിലെടുത്തു ക്വസ്റ്റിൻ ചെയ്യുന്ന മട്ടിൽ ചർച്ചയ്ക്കെത്തുന്നവരെ ചില ചാനൽ ആങ്കർമാർ തേജോവധം ചെയ്യുന്നതിനെപ്പറ്റിയും ചർച്ചാവിഷയമായി. എത്രയോ പ്രമാണികൾ ചർച്ചകളിൽ നിന്നും ഇടയ്ക്കുവച്ചു വാക്ഔട്ട് നടത്തിയിരിക്കുന്നു. അർണബ്ഗോസ്വാമിമാരുടെയും തരുൺ ഥാപർമാരുടെയും വലയിൽപെടുന്നവരെ ഇരുത്തിപ്പൊരിക്കുകയാണ്. ഇതേ ജനുസിൽപെട്ടവർ മലയാളത്തിലും കുറവല്ല.

ദൂരദർശൻ 21 വർഷം മുമ്പ് ആദ്യമായി സംഘടിപ്പിച്ച ചർച്ചയിൽ പങ്കെടുത്ത എന്റെ അനുഭവം, ആങ്കർ പ്രത്യേകം ആരായുകയുണ്ടായി. അതു സംവാദത്തിൽ ഞാൻ വിവരിക്കുകയും ചെയ്തു. ഒരർത്ഥത്തിൽ അവകാശപ്പെട്ടാൽ, മലയാളത്തിലെ പ്രഥമ ചാനൽചർച്ചയിൽ പങ്കെടുത്തവരിൽ ഒരാൾ ഞാനാണ്. കാരണം, അക്കാലത്തു ദൂരദർശൻ മാത്രമേയുണ്ടായിരുന്നുള്ളൂ. ദൂരദർശനിലെ ആദ്യത്തെ ചർച്ചയെന്നാൽ മലയാള ചാനലുകളിലെ ആദ്യത്തെ ചർച്ചയെന്നു വ്യക്തം.

പ്രഥമ ചർച്ചയിലെ ആങ്കർ പത്രപ്രവർത്തനമേഖലയിലെ അന്നത്തെ ഗ്ലാമർ താരം ലീലാമേനോനായിരുന്നു. കേരളത്തിലെതന്നെ ആദ്യത്തെ വനിതാ റിപ്പോർട്ടറെന്ന റിക്കാർഡിനുടമയായ ഇന്ത്യൻ എക്സ്പ്രസിലെ പ്രിൻസിപ്പൽ കറസ്പോണ്ടന്റ്. അന്നും ഇന്നും പത്രപ്രവർത്തന മേഖലയിലെ ഒരു വണ്ടറാണു ലീലാമേനോൻ.

ചർച്ചയിൽ പങ്കെടുത്തവരാകട്ടെ, പി. ഗോവിന്ദപ്പിള്ള, ടി.എൻ.ജയചന്ദ്രൻ ഐ.എ.എസ്. എന്നിവരോടൊപ്പം ഞാനും. നേമത്തുള്ള നീലാ സിനിമാ സ്റ്റുഡിയോയിലായിരുന്നു റിക്കാർഡിംഗ്. മായംചേർക്കൽ, സ്ത്രീശാക്തീകരണമടക്കം മൂന്നു വിഷയങ്ങൾ. മൂന്ന് എപ്പിസോഡുകളായി ഒറ്റ ദിവസം തന്നെ റിക്കാർഡ് ചെയ്തു മൂന്നുദിവസങ്ങളിലായി പ്രക്ഷേപണം ചെയ്യുകയായിരുന്നു.

പ്രഥമചർച്ചയിൽ സംഘർഷമോ സംഘട്ടനമോ ഇല്ല. മറിച്ച്, കാര്യങ്ങൾ വിശദമാക്കാനുള്ള ഇടപെടൽ മാത്രമായിരുന്നു ലബ്ധപ്രതിഷ്ഠയായ ലീലാമേനോനിൽ നിന്നും ആ ങ്കറെന്ന നിലയിൽ ഉണ്ടായിട്ടുള്ളതും. ഇന്നാകട്ടെ ആങ്കറും (അവതാരകർ) ചർച്ചയ്ക്കെത്തുന്നവരും തമ്മിൽ ഗുസ്തിയാണ്. ചർച്ചയിൽ പങ്കെടുക്കുന്നവർ തമ്മിൽ തമ്മിൽ പഞ്ചഗുസ്തിയും. ●

## ഓർമ്മതിരുന്നാൾ

(നവംബർ 03)



**അഭി. പൗലോസ് മാർ പീലക്സിനോസ്**

# സഭയും മാധ്യമങ്ങളും

**'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ' (മർക്കോസ് 16:15)**



## താത്വിക അടിത്തറ



**ഫാ. ചെറിയാൻ താഴമൺ**
സി.ഇ.ഒ., ദീപിക

**'രക്ഷയുടെ കൂദാശ'** (ജനതകളുടെ പ്രകാശം 48) ആയിരിക്കാൻ വേണ്ടി ജനതകളുടെ പക്കലേക്ക് ദൈവത്താൽ അയയ്ക്കപ്പെട്ട സഭ തനിക്കു സ്വതസിദ്ധമായ സാർവത്രികതയുടെ ആന്തരികാഭിമുഖ്യങ്ങൾ നിമിത്തം, തന്റെ സ്ഥാപകന്റെ കല്പനയനുസരിച്ച് സകലമനുഷ്യരോടും സുവിശേഷം പ്രഘോഷിക്കാൻ പരിശ്രമിക്കുന്നു. സഭയുടെ അടിസ്ഥാനമായ ശ്ലീഹന്മാർ തന്നെയും മിശിഹായുടെ പാദമുദ്രകൾ പിന്തുടർന്ന് **'സത്യത്തിന്റെ വചനം പ്രസംഗിക്കുകയും സഭകളെ ജനിപ്പിക്കുകയും ചെയ്തു'** (വി. അഗസ്തീനോസ്). അവരുടെ പിൻഗാമികളുടെ ചുമതല ഈ ജോലി ശാശ്വതമാക്കുകയും അതുവഴി ദൈവവചനം 'പ്രചരിക്കുകയും മഹത്വപ്പെടുകയും' (2 തെസ.3:1) ദൈവരാജ്യം ലോകം മുഴുവൻ പ്രഘോഷിക്കപ്പെടുകയും സുസ്ഥാപിക്കപ്പെടുകയും ചെയ്യുക എന്നതാണ്.

യേശു തമ്പുരാൻ തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു... തന്നോടുകൂടി ആയിരിക്കുന്നതിനും പ്രഘോഷിക്കാൻ അയക്കുന്നതിനും... അവൻ

പന്ത്രണ്ടുപേരെ നിയോഗിച്ചു. (മർക്കോസ് 3:13-14). അങ്ങനെ ശ്ലീഹന്മാർ പുതിയ ഇസ്രയേലിന്റെ മുകുളവും അതോടൊപ്പം വിശുദ്ധ ഹയരാർക്കിയുടെ ആരംഭവുമായിത്തീർന്നു. പിന്നീട് തന്റെ മരണവും ഉത്ഥാനവും വഴി നമ്മുടെ രക്ഷയുടെയും പ്രപഞ്ചത്തിന്റെ നവീകരണത്തിന്റെയും രക്ഷാകര രഹസ്യം എന്നേക്കുമായി തന്നിൽതന്നെ പൂർത്തിയാക്കിയ ശേഷം സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും കൈക്കൊണ്ട കർത്താവ് സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നതിനു മുമ്പ് രക്ഷയുടെ കൂദാശയായി സഭയെ സ്ഥാപിക്കുകയും ശ്ലീഹന്മാരെ ലോകത്തിലേക്കു മുഴുവൻ താൻ പിതാവിനാൽ അയയ്ക്കപ്പെട്ടതുപോലെ അയക്കുകയും ചെയ്തുകൊണ്ടു കല്പിച്ചു. **"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ"** (മർക്കോ.16:15). ഇക്കാരണത്താൽ സഭയ്ക്കു മിശിഹായിലുള്ള വിശ്വാസവും രക്ഷയും പ്രചരിപ്പിക്കുന്നതിനുള്ള കടമ ലഭിച്ചു. സഭയുടെ സകല ശുശ്രൂഷകളുടെയും അടിസ്ഥാനം 'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ' എന്ന യേശുനാഥന്റെ കല്പനയാണ്. ആശയവിനിമയത്തിനു സഹായിക്കുന്ന എല്ലാ മാധ്യമങ്ങളെയും സഭ തന്റെ ഈ ദൗത്യനിർവഹണത്തിന് ഉപയോഗിക്കാൻ ബാധ്യസ്ഥയാണ്. സഭയുടെ ആരംഭം മുതൽ സഭ ഇത് ചെയ്തിട്ടുമുണ്ട്. ആധുനിക കാലത്തേക്ക് എത്തിയപ്പോൾ ആശയവിനിമയത്തിന് ലഭ്യമായ ആധുനിക വാർത്താവിനിമയ സംവിധാനങ്ങളും സഭ ഉപയോഗിക്കുവാൻ തുടങ്ങി.

വിസ്മയകരമായ സാങ്കേതിക വിദ്യകളിൽ പ്രത്യേകിച്ച്, ആധുനിക കാലത്ത് ദൈവസഹായത്താൽ മനുഷ്യബുദ്ധി സൃഷ്ടവസ്തുക്കളിൽ നിന്നു തെരഞ്ഞുപിടിച്ചിട്ടുള്ളവയിൽ മനുഷ്യന്റെ മനസിനെ പ്രത്യക്ഷമായും സ്പർശിക്കുന്നവയും ഏതെങ്കിലും തരത്തിലുള്ള വാർത്തകളും ചിന്തകളും നിർദേശങ്ങളും ഏറ്റവും സുഗമമായി വിനിമയം ചെയ്യാനുള്ള പുതിയ മാർഗങ്ങൾ തുറക്കുന്നവയുമായ കാര്യങ്ങൾ സഭാമാതാവ് പ്രത്യേക താല്പര്യത്തോടെ സ്വീകരിക്കുകയും പിന്തുടരുകയും ചെയ്യുന്നു. ഈ കണ്ടുപിടിത്തങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഉപകരണങ്ങൾ, ഓരോ വ്യക്തിയെയും മാത്രമല്ല, ജനസാമാന്യത്തെ മുഴുവനും മനുഷ്യസമൂഹത്തെ മുഴുവനും സ്വഭാവത്താൽ പ്രാപിക്കാനും – കഴിവുള്ള പ്രസിദ്ധീകരണങ്ങൾ, സിനിമ, റേഡിയോ, ടെലവിഷൻ (ഇന്റർനെറ്റ്, മൊബൈൽ ഫോൺ) ഇതുപോലുള്ള മറ്റു സാമൂഹിക സമ്പർക്ക മാധ്യമങ്ങളെന്നു സ്വാർഥകമായി വിളിക്കപ്പെടാവുന്ന എല്ലാമുണ്ട് (Inter Mirifica 1).



**അറിവിന്റെ വലിയൊരു ലോകത്തെ മാധ്യമങ്ങൾ മനുഷ്യനു മുമ്പിൽ തുറന്നു വയ്ക്കുമ്പോൾ ക്രിയാത്മകമായി അതിനെ പ്രയോജനപ്പെടുത്തുകയാണ് അവന്റെ ചുമതല. വിജ്ഞാനത്തിന്റെ വലിയൊരു ശേഖരം തുറന്നു വയ്ക്കാൻ മാധ്യമങ്ങൾക്കു സാധിക്കും. വിനോദം പകരുക എന്നതും മാധ്യമങ്ങളുടെ അപ്രധാനമല്ലാത്ത ധർമ്മമാണ്.**

സഭ മനുഷ്യകുലത്തിന്റെ മുഴുവനും രക്ഷ കൈവരുത്താൻ മിശിഹാനാഥനാൽ സ്ഥാപിതമായിരിക്കുന്നതുകൊണ്ടും അതിനാൽതന്നെ അവരെ സുവിശേഷവത്കരിക്കുന്നതിന് നിർബന്ധിതയായിരിക്കുന്നതുകൊണ്ടും സാമൂഹിക സമ്പർക്കമാധ്യ

മങ്ങൾ ഉപയോഗിച്ചും രക്ഷയുടെ സന്ദേശം പ്രചരിപ്പിക്കുകയും അവയുടെ ശരിയായ ഉപയോഗത്തെക്കുറിച്ച് മനുഷ്യരെ പഠിപ്പിക്കുകയും ചെയ്യുന്നത് തന്റെ കടമയുടെ ഭാഗമായി പരിഗണിക്കുന്നു (IM-3).

ഈ ഉപകരണങ്ങൾ വേണ്ടവിധം ഉപയോഗിക്കുകയാണെങ്കിൽ മനുഷ്യകുലത്തിന് ശക്തമായ സഹായങ്ങളാകുമെന്ന് സഭാമാതാവിന് അറിവുണ്ട്. കാരണം, മാനസിക വിശ്രമത്തിനും മാനസിക രൂപവത്കരണത്തിനും ദൈവരാജ്യത്തിന്റെ വിപുലപ്പെടുത്തലിനും ഉറപ്പിക്കലിനും ഇവ വളരെയേറെ ഉപകരിക്കുന്നു (IM-2). ഇത്തരത്തിലുള്ള ഏതെങ്കിലും ഉപകരണങ്ങൾ ക്രിസ്തീയ വിദ്യാഭ്യാസത്തിനോ ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയുള്ള ഏതെങ്കിലും പ്രവർത്തനത്തിനോ ആവശ്യാവശ്യകമോ പ്രയോജനപ്രദമോ ആയിരിക്കുന്നിടത്തോളം ഉപയോഗിക്കുന്നതിനോ കൈവശമാക്കുന്നതിനോ സഭയ്ക്ക് ജന്മസിദ്ധമായ അവകാശമുണ്ട്. (IM-3). സാമൂഹിക സമ്പർക്ക മാധ്യമങ്ങളെ അനന്തമായ സാധ്യതകളുടെ വൻ സ്രോതസായി കണ്ട് തന്റെ ദൗത്യനിർവഹണത്തിൽ പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് സഭയുടെ വീക്ഷണം.

## മാധ്യമങ്ങളുടെ ലക്ഷ്യങ്ങൾ


ആധുനിക മനുഷ്യന്റെ സഹയാത്രികരാണ് മാധ്യമങ്ങൾ. പകലെന്നോ രാത്രിയെന്നോ ഭേദമില്ലാതെ മനുഷ്യനു മുന്നിൽ തുറക്കപ്പെട്ട ജാലകങ്ങളാണവ. സാമൂഹ്യ സമ്പർക്ക മാധ്യമങ്ങൾക്ക് പ്രധാനമായും മൂന്നു ലക്ഷ്യങ്ങൾ ഉള്ളതായി കണാം. അറിവു നൽകുക, പഠിപ്പിക്കുക, വിനോദിപ്പിക്കുക. അറിവിന്റെ വലിയൊരു ലോകത്തെ മാധ്യമങ്ങൾ മനുഷ്യനു മുമ്പിൽ തുറന്നു വയ്ക്കുമ്പോൾ ക്രിയാത്മകമായി അതിനെ പ്രയോജനപ്പെടുത്തുകയാണ് അവന്റെ ചുമതല. മാധ്യമങ്ങളുടെ രണ്ടാമത്തെ ലക്ഷ്യം പഠിപ്പിക്കുക എന്നതാണ്. വിജ്ഞാനത്തിന്റെ വലിയൊരു ശേഖരം തുറന്നു വയ്ക്കാൻ മാധ്യമങ്ങൾക്കു സാധിക്കും. വിനോദം പകരുക എന്നതും മാധ്യമങ്ങളുടെ അപ്രധാനമല്ലാത്ത ധർമ്മമാണ്. തിരക്കിട്ട ജീവിതത്തിൽ ആയാസരഹിതമായ ഇടവേളകൾ മനുഷ്യർക്കാവശ്യമാണ്. ഒരു നാടിന്റെ വിനോദോപാധികൾ ആ നാടിന്റെ സംസ്കാരം വെളിവാക്കുന്നവയാണ്. ആ നിലയ്ക്ക് മാധ്യമങ്ങൾ മറുനാടുകളിൽ സംസ്കാരത്തിന്റെ സ്ഥാനപതികളാണെന്നു പറയാം.

## അപകടങ്ങൾ

ക്ഷണിക്കപ്പെട്ടും ക്ഷണിക്കപ്പെടാതെയും നമ്മുടെ ഭവനങ്ങളിൽ അധിഥികൾ വരാറുണ്ട്. വിവിധ മാധ്യമങ്ങൾ വീടുകളിലെത്തുന്നത് ക്ഷണിക്കപ്പെട്ടിട്ടാണോ? ക്ഷണിക്കപ്പെട്ടു വരുന്ന അതിഥികൾ പോലും പലപ്പോഴും വിനയായിത്തീരാറുമുണ്ടെന്ന് ഓർക്കണം. മാധ്യമങ്ങളെ നമുക്കിന്നു മാറ്റിനിർത്താനാവില്ല. അവ നമ്മുടെ ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞു. നാം ക്ഷണിച്ചു വരുത്തുന്ന മാധ്യമങ്ങളിലൂടെയും നാം അംഗീകരിക്കാത്ത പല കാര്യങ്ങളും കുടുംബങ്ങളിൽ വന്നു കയറുന്നു. വിരുന്നുകാരനായി വന്നവൻ വീടിന്റെ നായകനായി മാറുന്ന അവസ്ഥ ചിലപ്പോഴൊക്കെ വന്നു പെടാറുണ്ടെന്ന് ഓർക്കുന്നത് നന്ന്. ഒരു ആഭാസനോ മദ്യപാനിയോ അധർമ്മിയോ വസ്ത്രം ധരിക്കാത്തവനോ നമ്മുടെ വീട്ടിൽ കടന്നു വരാൻ നാം അനുവദിക്കുമോ? ഇല്ല., എന്നാൽ ആധുനിക മാധ്യമങ്ങൾ വഴി അവൻ നമ്മുടെ മക്കളുടെ കിടപ്പറയിൽ കയറിപ്പറ്റിയിരിക്കുന്നു. അവനെ ആട്ടിപ്പുറത്താക്കിയേ മതിയാകൂ.

## താല്പര്യങ്ങളെ തകിടം മറിക്കും

സുവിശേഷ പ്രഘോഷണത്തിനുതകുന്ന മാധ്യമമെന്ന നിലയിലാണ് സഭയ്ക്ക് സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളോടുള്ള മമത. സത്യാന്വേഷണമാണല്ലോ മാധ്യമപ്രവർത്തനത്തിന്റെ കാതൽ. അറിയാനുള്ള അവകാശവും അറിയിക്കാനുള്ള കടമയും ഒരുപോലെ കാത്തുസൂക്ഷിക്കപ്പെടേണ്ടതാണ്. ഉദാത്ത




മായ ചിന്തയിലേക്കും ജീവിതവീക്ഷണങ്ങളിലേക്കും മനുഷ്യമനസിനെ നയിക്കാൻ മാധ്യമങ്ങൾക്കു സാധിക്കും. എന്നാൽ, കച്ചവട താല്പര്യങ്ങൾ കടന്നു കൂടുമ്പോൾ അധാർമികവും അരാജത്വം നിറഞ്ഞതുമായ ഒരു സമൂഹമായിരിക്കും രൂപപ്പെടുക. ലൈംഗിക അരാജകത്വം, മൂല്യങ്ങളിലെ ആപേക്ഷികത, പരസ്യങ്ങളുടെ അമിത സ്വാധീനം തുടങ്ങി മനുഷ്യന്റെ ധാർമ്മിക ബോധത്തെ നശിപ്പിക്കുന്ന ഘടകങ്ങൾ മാധ്യമങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യനിലെ ദൈവികതയെ തൊട്ടുണർത്താനല്ല, മൃഗീയതയെ തുറന്നു വിടാനാണ് ഇന്നു മാധ്യമങ്ങൾ കൂടുതലും ഇടവരുത്തുന്നത്.

മുയലിനോടൊപ്പം ഓടുകയും വേട്ടപ്പട്ടിയോടൊപ്പം വേട്ടയാടുകയും ചെയ്യുന്ന ഇരട്ടത്താപ്പു നയമാണ് പല മാധ്യമങ്ങളുടേതും. ഇതിനെയാണ് ബ്രിട്ടീഷ് പ്രധാനമന്ത്രി സ്റ്റാൻലി ബാൾഡ്വിൻ 'വേശ്യയുടെ അധികാരം' (Harlost's privilage) എന്നു വിളിച്ചത്. 'ഉത്തരവാദിത്വം ഇല്ലാത്ത അധികാരം, അതാണ് വേശ്യയുടെ അധികാരം, അതാണ് അവർക്ക് എന്നും വേണ്ടിയിരുന്നത്, അതിനാണ് അവർ എന്നും മുറവിളി കൂട്ടുന്നത്.

മുതലാളിമാരുടെ കച്ചവട താല്പര്യം ശക്തമാണ്. അതിനെ ബലികഴിച്ചുകൊണ്ട് ഒരു മുതലാളിയും മാധ്യമം നടത്തുകയില്ല. സ്വന്തം മടിശീല വീർപ്പിക്കാൻ യുദ്ധമില്ലാത്തിടത്ത് യുദ്ധവും വിപ്ലവമില്ലാത്തിടത്ത് വിപ്ലവവും സൃഷ്ടിക്കാൻ മടിക്കാത്ത മാധ്യമ ഉടമകളുടെ കഥകൾ പ്രസിദ്ധമാണ്. ഏറ്റവും പ്രസി



ദ്ധമായത് വില്യം റാൻഡോൾഫ് ഹെഴ്സ്റ്റ് എന്ന അമേരിക്കൻ മാധ്യമ ഉടമയുടേതാണ്.

ന്യൂയോർക്ക് ജേർണലിന്റെ ഉടമയായിരുന്ന ഹെഴ്സ്റ്റ് 1897-ൽ തന്റെ ഫോട്ടോഗ്രാഫറെ ക്യൂബയിലേക്കയച്ചു. അവിടെനിന്ന് യുദ്ധത്തെക്കുറിച്ച് പടങ്ങൾ അയക്കുക എന്നതായിരുന്നു അയാളുടെ ദൗത്യം. ക്യൂബയിലെത്തിയ ഫോട്ടോഗ്രാഫർ യുദ്ധത്തിന്റെ ലക്ഷണമൊന്നും അവിടെ കണ്ടില്ല. അദ്ദേഹം മുതലാളിക്ക് കമ്പിയടിച്ചു. ഇവിടെ യുദ്ധത്തിനുള്ള യാതൊരു സാധ്യതയും കാണുന്നില്ല. ഞാൻ എന്തു ചെയ്യണം. ഹെഴ്സ്റ്റിന്റെ വിഖ്യാതമായ മറുപടി ഇങ്ങനെ. "I will furnish the war, you furnish the pictures'. യുദ്ധം ഞാൻ സംഘടിപ്പിക്കാം. താൻ പടങ്ങൾ സംഘടിപ്പിച്ചാൽ മതി. മാധ്യമങ്ങൾക്ക് ചരിത്രഗതിയെ മാറ്റാനുള്ള ശക്തിയുണ്ട്. അതവർ കച്ചവട ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാം എന്നു സാരം.

ഭാരതത്തിൽ ഇന്നു കാണുന്നത് രാഷ്ട്രീയ നേതാക്കളുടെയും ഉദ്യോഗസ്ഥരുടെയും അഴിമതിക്കെതിരെ തങ്ങളുടെ എഡിറ്റർമാരെക്കൊണ്ട് മുഖപ്രസംഗങ്ങൾ എഴുതിക്കുകയും ചാനൽ ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്യുക. പിറ്റേ ദിവസം അതേ എഡിറ്റർമാരെ ഉപയോഗിച്ച് തങ്ങളുടെ കച്ചവടം അതേ രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും വഴി ഉറപ്പാക്കുക. അതായത് മുയലിന്റെ കൂടെ ഓടുകയും വേട്ടപ്പട്ടിയോടൊപ്പം വേട്ടയാടുകയും ചെയ്യുക. കാവൽ നായ്ക്കൾ എച്ചിൽപട്ടികളാകുന്ന കാഴ്ച.

## സഭ മാധ്യമങ്ങളുടെ ടാർജറ്റ്

മാധ്യമങ്ങളുടെ ടാർജറ്റാണിന്ന് കത്തോലിക്കാ സഭ. അവരുടെ പ്രത്യേക അജണ്ടയാണിത്. കാരണം, അവർക്കറിയാം ലോകത്തിലെ ഏറ്റവും പ്രബലമായ ധാർമ്മികശക്തി കത്തോലിക്കാ സഭയാണ്. അധാർമ്മികതയ്ക്ക് തഴച്ചുവളരണമെങ്കിൽ ധാർമ്മികശക്തി ക്ഷയിക്കേണ്ടതുണ്ട്. ആഗോളതലത്തിൽ പ്രത്യേകിച്ച് ഐക്യരാഷ്ട്രസഭയിലും മറ്റും ലൈംഗികത, കുടുംബം, വിവാഹജീവിതം എന്നിവയ്ക്ക് പുതിയ നിർവചനങ്ങളും വ്യാഖ്യാനങ്ങളും വന്നപ്പോൾ അത്തരം നീക്കങ്ങളെ ആഗോളതലത്തിൽ എതിർത്ത ശക്തി കത്തോലിക്കാ സഭയായിരുന്നു. സ്വവർഗവിവാഹവും ഉഭയസമ്മതപ്രകാരമുള്ള സഹവാസവും ഗർഭഛിദ്രവും ഭ്രൂണഹത്യയുമൊക്കെ പലരാജ്യങ്ങളും നിയമാനുസൃതമാക്കിയപ്പോൾ അവയ്ക്കെതിരെ നിലകൊണ്ട കത്തോലിക്കാ സഭ എടുത്ത നിലപാട് പലപ്പോഴും ലിബറൽ ലോബിക്ക് തലവേദന സൃഷ്ടിച്ചു. അത്യാധുനികതയുടെ ലക്ഷണങ്ങളെന്നു വിശേഷിപ്പിച്ചവയോടുള്ള സഭയുടെ ചെറുത്തുനില്പ് കത്തോലിക്കാ സഭയെ ശത്രുപക്ഷത്താക്കി. സഭയെ ഇകഴ്ത്താനും സഭയുടെ ധാർമ്മിക ശക്തിയെ വെല്ലുവിളിക്കാനും കിട്ടുന്ന അവസരങ്ങളെല്ലാം ലിബറൽ വ്യവസ്ഥിതിയുടെ വക്താക്കളും അവർക്കൊപ്പം നിൽക്കുന്ന മാധ്യമങ്ങളും ഉപയോഗിക്കുന്നു.


കരുതിക്കൂട്ടി ഒരുക്കുന്ന ചില അന്താരാഷ്ട്ര നയരൂപീകരണങ്ങളുടെ ഇരയാവുകയാണ് കത്തോലിക്കാ സഭ. അവിടെയും ഇവിടെയും കത്തോലിക്കാ വൈദികരുടെയോ സമർപ്പിതരുടെയോ ഭാഗത്തുനിന്നുണ്ടാകുന്ന തെറ്റുകൾ പെരുപ്പിച്ചു കാണിക്കുകയും എന്നാൽ ലോകമാസകലം അവർ ചെയ്യുന്ന സമാനതകളില്ലാത്ത സേവന ശുശ്രൂഷകളെ തമസ്കരിക്കുകയും ചെയ്യുന്നു. ഏതൊരു പ്രൊഫഷനിൽപെട്ടയാൾ കുറ്റം ചെയ്താലും ആ വ്യക്തി മാത്രമാണ് ആരോപിതനാകുന്നതും വിമർശിക്കപ്പെടുന്നതും. ഒരാളുടെ കുറ്റത്തിന് ആ സമൂഹത്തെ അടങ്കം കുറ്റപ്പെടുത്തിയാൽ ലേബർ കോഡുള്ള അവരുടെ കാര്യത്തിൽ മനുഷ്യാവകാശ സംഘടനകളും മറ്റും എത്തും. എന്നാൽ ഒരു വൈദികനോ


aikyadeepam monthly

സമർപ്പിതനോ തെറ്റു ചെയ്താൽ സമൂഹം ഒന്നടങ്കം വിമർശിക്കപ്പെടുകയാണ്. അതിനെ ചോദ്യം ചെയ്യാൻ ആരും മുന്നോട്ടു വരുന്നുമില്ല. ഇതെല്ലാം മാധ്യമങ്ങളുടെ ഒരു പ്രത്യേക അജണ്ടയുടെ ഭാഗമാണ്. സഭയ്ക്കെതിരെയുള്ള ഒരു അന്താരാഷ്ട്ര അജണ്ട.

## കേരളത്തിലെ സ്ഥിതി

കേരളത്തിലും സഭയ്ക്കെതിരെയുള്ള മാധ്യമങ്ങളുടെ ആസൂത്രിത ആക്രമണം പകൽപോലെ വ്യക്തമാണ്. അവരുടെ സഭാവിരോധം മറയില്ലാതെ പുറത്തുവന്ന സംഭവമാണ് അഭയാ കേസ്. കുറ്റാരോപിതരായ ബഹു. വൈദികരും സിസ്റ്ററും കുറ്റക്കാരെന്നു മാധ്യമങ്ങൾ വിധിയെഴുതി. സി.ബി.ഐ മെനഞ്ഞ അശ്ലീലകഥകൾ സത്യമാണെന്ന വ്യാജേന പ്രചരിപ്പിച്ച് സഭയെ അവഹേളിക്കാൻ പരമാവധി ശ്രമിച്ചു. സഭയുടെ ധാർമ്മികതയെയും ഉയർന്ന മൂല്യബോധത്തെയും പ്രതിക്കൂട്ടിൽ നിർത്താനാണ് മാധ്യമങ്ങൾ മത്സരിച്ചത്. കുറ്റാരോപിതർക്ക് അനുകൂലമായ വാർത്തകൾ തമസ്കരിച്ചു. പത്രധർമ്മവും മാധ്യമ മര്യാദകളും നിയമവാഴ്ചയോടുള്ള ബഹുമാനവുമെല്ലാം വിസ്മരിക്കപ്പെട്ടു.



സ്വാശ്രയ കോളജ് കേസായിരുന്നു മറ്റൊന്ന്. കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ സഭ വഹിച്ച പങ്ക് ബോധപൂർവം മറച്ചുവച്ചുകൊണ്ട് കച്ചവടക്കാരായി ചിത്രീകരിച്ചു. സ്വാശ്രയ പ്രശ്നം പരിഹരിക്കാതെ സങ്കീർണ്ണമാക്കാൻ മാധ്യമങ്ങൾ ശ്രമിച്ചു. നേരായ വഴിയിൽ കാര്യങ്ങൾ ചെയ്യുന്ന സഭ കുറ്റക്കാരിയും വളഞ്ഞ വഴിയിൽ കച്ചവടം നടത്തുന്നവർ മാന്യന്മാരുമായിരുന്നു മാധ്യമങ്ങൾക്ക്. ഏറ്റവും സുതാര്യവും നീതിപൂർവവുമായി സ്വാശ്രയ കോളജുകൾ നടത്തുന്നത് സഭയാണെന്നു പരമോന്നത നീതിപീഠം നിരീക്ഷിച്ചിട്ടുപോലും മാധ്യമങ്ങൾ കൊലക്കയറുമായി സഭയുടെ പിന്നാലെ നടന്നു.

സഭാധികാരികളുടെ പ്രസ്താവനകളെയും പ്രസംഗങ്ങളെയും സാഹചര്യങ്ങളിൽ നിന്ന് അടർത്തിമാറ്റി തെറ്റായ വ്യാഖ്യാനവും നിറവും നല്കി സഭയെ കുറ്റപ്പെടുത്താനും വിശാലസമൂഹമധ്യത്തിൽ അധിക്ഷേപിക്കാനും മാധ്യമങ്ങൾ മത്സരത്തിലാണ്.

മുരിങ്ങൂർ ധ്യാനകേന്ദ്രത്തിനെതിരായി എന്തുമാത്രം ദുരാരോപണങ്ങളാണ് മാധ്യമങ്ങൾ സ്പോൺസർ ചെയ്തത്. നിതിയും ന്യായവും അവർ അശേഷം ഗൗനിച്ചില്ല. അവസാനം പരമോന്ന കോടതി ധ്യാനകേന്ദ്രത്തിന് ക്ലീൻചിറ്റ് നൽകിയിട്ട് മാധ്യമങ്ങൾ അത് അറിഞ്ഞതായി പോലും നടിച്ചില്ല. സഭാവിരുദ്ധരെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് മാധ്യമങ്ങൾ തുടരുന്നത്. സഭ വിട്ടുപോകുന്ന വൈദികരെയും സന്യസ്തരെയും വാഴ്ത്തിപ്പുകഴ്ത്താൻ മാധ്യമങ്ങൾക്ക് ആയിരം നാവാണ്. വിശുദ്ധ കുർബാനയ്ക്ക് പരിമിതമായി ഉപയോഗിക്കുന്ന വീഞ്ഞുപോലും വിവാദമാക്കാൻ മാധ്യമങ്ങൾക്കെന്തൊരു ഉത്സാഹമാണ്.

മാധ്യമങ്ങൾക്ക് എല്ലുമുറിയെ പണിയെടുത്ത് പട്ടിണി മാറ്റാൻ ശ്രമിക്കുന്ന ക്രിസ്ത്യാനി ഭൂമികയ്യേറ്റക്കാരനാണ്. പശ്ചിമഘട്ടം, ഗാഡ്ഗിൽ, കസ്തൂരിരംഗൻ, മൂന്നാർ... എന്തു വന്നാലും കുറ്റം ക്രിസ്ത്യാനിക്ക്. മൂന്നാർ കുടിയൊഴിപ്പിക്കൽ മാധ്യമങ്ങൾ ആഘോഷിച്ചത് ഓർമ്മയില്ലേ? ക്രൈസ്തവനായിരിക്കും ഇര എന്നു കരുതിയാണ് ആഘോഷം തുടങ്ങിയത്. ടാറ്റായും പാർട്ടിക്കാരുമാണ് യഥാർഥ പ്രതികളെന്നറിഞ്ഞപ്പോൾ മാധ്യമങ്ങൾ മാളത്തിലൊളിച്ചു. സഭയെ താറടിക്കുന്നതിലപ്പുറം മാധ്യമങ്ങൾക്കെന്താ അവിടെ ലക്ഷ്യം. സഭയുടെ വളർച്ചയിലുള്ള അസഹിഷ്ണുത, വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റത്തിലുള്ള അസ്വസ്ഥത, സാമ്പത്തിക ഭദ്രതയിലുള്ള അസൂയ. ഇവയൊക്കെയല്ലേ ഈ വിദ്വേഷ പ്രചരണത്തിന്റെയും സമീപനത്തിന്റെയും പിന്നിലുള്ളത്.

## മാധ്യമങ്ങളുടെ മങ്ങിയ നിറം


നീല വെളിച്ചത്തിൽ വീണ കുറുക്കൻ സൂത്രത്തിൽ രാജാവാകുകയും മറ്റു കുറുക്കന്മാരുടെ ഓരിയിടൽ കേട്ടപ്പോൾ അറിയാതെ കൂവിപ്പോവുകയും ചെയ്ത കുറുക്കനെപ്പോലെയാണ് കേരളത്തിലെ പല മാധ്യമങ്ങളും മാധ്യമപ്രവർത്തകരും. വലിയ പുരോഗമനവാദികളും ബുദ്ധിജീവികളും ചമഞ്ഞ് സമൂഹത്തെ ഉപദേശിക്കുന്നു. ഇവർ ചില സന്ദർഭങ്ങൾ വരുമ്പോൾ അറിയാതെ കൂവിപ്പോകുന്നു.

സഭയെ ഇകഴ്ത്താനും സംശയത്തിന്റെ മുൾമുനയിൽ നിർത്താനും അവഹേളിക്കാനും കിട്ടുന്ന ഒരു അവസരവും ഈ കൂട്ടർ പാഴാക്കില്ല എന്നു മാത്രമല്ല, ഇതിനുള്ള അവസരങ്ങൾ അവർ സൃഷ്ടിക്കുകയും ചെയ്യും. ആടിനെ പട്ടിയാക്കുക, പട്ടിയെ പേപ്പട്ടിയാക്കുക, വിളിച്ചു കൂവുക, തല്ലിക്കൊല്ലുക. ഇതു

*(ശേഷം പേജ് 17)*



# മാധ്യമങ്ങളുടെ കച്ചവട കണ്ണ്






**പിങ്കി ബേബി**
ബിസിനസ് റിപ്പോർട്ടർ,
റിപ്പോർട്ടർ ചാനൽ

സമാധാനത്തിനുള്ള നോബൽ സമ്മാനം പ്രഖ്യാപിക്കാൻ പോകുന്നു. സമയം ഏതാണ്ട് ഉച്ചക്ക് രണ്ടര. എല്ലാ ന്യൂസ് റൂമുകളും നോബൽ പുരസ്കാരം പ്രഖ്യപിക്കുന്നതിലും ആകാംഷയോടെ അക്കാദമി (നോബൽ) അവാർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിലും ജനീവയുടെ ടി വി ചാനലുകളിലും കണ്ണും നട്ടിരിക്കുന്നു. കാരണം സ്വാഭാവികമായും ലോകത്തിലെ ഏറ്റവും വലിയ താരതിളക്കമുള്ള അവാർഡ് വാങ്ങാൻ സാധ്യതയുള്ളവരെ എല്ലാവരും അറിയും. മലാല യൂസഫ് സായി എന്ന കൗമാരക്കാരി, താലിബാനെതിരെ പെൺ വിദ്യാഭ്യാസത്തിനു വേണ്ടി പ്രയത്നിച്ച് വിജയിച്ചവൾ. താലിബാന്റെ വെടിയുണ്ടകൾക്ക് മുന്നിലും തന്റെ ഉൾക്കരുത്ത് കൊണ്ട് പൊരുതി ജീവിതത്തിലേക്ക് തിരികെ വന്നവൾ. മാധ്യമങ്ങൾ മലാലയെ ലോകത്തിന്റെ മുക്കിലും മൂലയിലും പരിചയപ്പെടുത്തിയിട്ടുണ്ട്.പിന്നെ ഫ്രാൻസ്സിസ് മാർപ്പാപ്പ, എളിമയും ശാന്തതയും നിറഞ്ഞ ജീവിതരീതി കൊണ്ട് ലോകം മുഴുവനെയും പ്രത്യേകിച്ച് യുവാക്കളെയും ആകർഷിച്ച കത്തോലിക്കാ സഭയുടെ ഇടയൻ. ഇങ്ങനെ പോകുന്ന കുറെ പരിചിതരുടെ പട്ടികയാണ് മാധ്യമങ്ങൾ ആദ്യം അവതരിപ്പിച്ചത്.

പക്ഷെ പെട്ടന്ന് തന്നെ പ്രഖ്യാപനം വന്നു... നോബൽ പുരസ്കാരം രണ്ട് പേര് പങ്കിടുന്നു. കൈലാഷ് സത്യാർത്ഥിയും മലാല യൂസഫ് സായിയും.

**പത്ര മാധ്യമങ്ങളുടെ ചരിത്രത്തിലേക്ക് പോയാൽ പത്രങ്ങൾ തുടങ്ങുന്നത് തന്നെ വായനക്കാരിലേക്ക് അറിവും വിവേകവും പകർന്നു കൊടുത്ത് ഒരു പൊതു വികാരം രൂപപ്പെടുത്തുക എന്നൊരു ധർമത്തിനു വേണ്ടിയാണ്. സ്വാതന്ത്ര്യ സമരകാലഘട്ടത്തിലും അതിനു മുൻപും കേരളത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങൾക്ക് എതിരെയും എല്ലാം പോരാടിയത് അക്കാലത്തെ പത്രങ്ങളായിരുന്നു.**



ബ്രേക്കിംഗ് ന്യൂസിൽ കൊടുക്കാൻ രണ്ടാമതൊരു വരി തേടി ന്യൂസ് എഡിറ്റർമാർ പോലും വിളിച്ചുചോദിക്കുന്നു... കൈലാഷ് സത്യാർത്ഥി ഇന്ത്യക്കാരൻ തന്നെയാണോ? ഉറപ്പാണോ? കൊടുക്കാമോ?

പക്ഷെ ഉറപ്പിച്ച് വാർത്ത! കൊടുക്കാൻ ജനീവയിൽ അക്കാദമി പ്രതിനിധികൾ ഇങ്ങനെ പറയുന്നത് വരെ കാത്തിരിക്കേണ്ടിവന്നു. സമാധാനത്തിനുള്ള നോബേൽ സമ്മാനം ഒരു ഇന്ത്യക്കാരനും പാകിസ്ഥാനിയും പങ്കിടുന്നു എന്ന്. രണ്ടുപേരും ലോക നന്മക്കായി പ്രവർത്തിക്കുന്നവരാണ്.എന്നാൽ മലാല യൂസഫ് സായി എന്ന 17 കാരിക്ക് മാധ്യമങ്ങൾ നല്കിയ ഹൈപ് സത്യാർത്ഥിക്ക് ഒരിക്കലും ലഭിച്ചില്ല. അതുകൊണ്ടുതന്നെ ഗാന്ധിജിക്ക് പോലും ലഭിക്കാത്ത നോബേൽ പുരസ്കാരം ഇന്ത്യയിലേക്ക് കൊണ്ടുവന്ന ആ മഹാ മനുഷ്യനെ ആരും അറിയാതെ പോയി.

***ഇനി മറ്റൊരു വശം നോക്കാം..***

50 രൂപക്ക് ഒരു ടൈംസ് ഓഫ് ഇന്ത്യ പത്രം വാങ്ങി വായിക്കാൻ നാം തയ്യാറാണോ? മ്സസ്ക്രിബ് ചെയ്യുന്ന ഓരോ ചാനലിനും വലിയ തുക പ്രത്യേകം പ്രത്യേകം നല്കാൻ തയ്യാറാണോ? ഒരിക്കലും ആയിരിക്കില്ല. നാലോ അഞ്ചോ രൂപക്ക് കിട്ടുന്ന പത്രം പോലും വായിക്കാറില്ല അപ്പോളാണ്... 25 പേജുകളുള്ള ഒരു ടൈംസ് ഓഫ് ഇന്ത്യ പത്രം പുറത്തിറങ്ങാൻ എല്ലാ ചിലവുകളും കൂടി കൂട്ടിയാൽ 50 രൂപക്കും മുകളിലാകും അതിന്റെ ചിലവ്.

50 രൂപക്ക് ടൈംസ് ഓഫ് ഇന്ത്യ പത്രം വാങ്ങാൻ ആരെങ്കിലും തയ്യാറായെങ്കിൽ ഒരു പക്ഷെ ടൈംസ് ഓഫ് ഇന്ത്യ പത്രം പേജ് 3 എന്നാ സമ്പ്രദായം തന്നെ നിർത്താൻ തയ്യാറാകും. അതായത് മഞ്ഞ വാർത്തകൾ നല്കാൻ വേണ്ടി മാത്രം, മാറ്റിവയ്ക്കുന്ന മൂന്നാം പേജ്. പിന്നീട് പേജ് ത്രീ എന്നത് ഒരു പദപ്രയോഗവും പത്ര സംസ്കാരത്തിന്റെ ഒഴിച്ച് കൂടാനാവാത്ത ഒരു ഭാഗവും ആയെങ്കിൽ കൂടി യും. അതായത് വരിസംഖ്യ കൊണ്ട് മാത്രം ഒരു കോർപറേറ്റ് പത്രം, ടി വി സ്ഥാപനത്തിന്റെ മുഴുവൻ ചിലവുകളും കഴിഞ്ഞ് സ്ഥാപനം ലാഭത്തിൽ ആകുന്ന വില നാം കൊടുക്കാൻ തയ്യാറായാൽ. ഒരു മാധ്യമ സ്ഥാപനത്തിന്റെ ഏറ്റവും വലിയ വരുമാന മാർഗമാണ് പരസ്യം. ഒരു ഫ്രന്റ് പേജ് പരസ്യത്തിനായി അല്ലെങ്കിൽ ഒരു പ്രൈം ടൈമിലെ നിമിഷങ്ങൾക്കായി കോടികൾ മുടക്കാൻ കമ്പനികൾ തയ്യാറുമാണ്. പക്ഷെ ആളുകൾ കാണുന്നുണ്ടെന്ന ഉറപ്പ് വേണം അവർക്ക്. പരസ്യക്കാർക്ക് വേണ്ടത് കൂടുതൽ ആളുകൾ വായിക്കുന്നുണ്ടെന്ന, കാണുന്നുണ്ടെന്ന കണക്കുകളാണ്.

ഇനി യഥാർഥ്യത്തിലേക്ക് വരാം. പത്ര മാധ്യമങ്ങളുടെ ചരിത്രത്തിലേക്ക് പോയാൽ പത്രങ്ങൾ തുടങ്ങുന്നത് തന്നെ വായനക്കാരിലേക്ക് അറിവും വിവേകവും പകർന്ന് കൊടുത്ത് ഒരു പൊതു വികാരം രൂപപ്പെടുത്തുക എന്നൊരു ധർമത്തിനു വേണ്ടിയാണ്. സ്വാതന്ത്ര്യ സമരകാലഘട്ടത്തിലും അതിനു മുൻപു. കേരളത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങൾക്ക് എതിരെയും എല്ലാം പോരാടിയത് അക്കാലത്തെ പത്രങ്ങളായിരുന്നു. കേരളത്തിലെ നവോഥാന പ്രസ്ഥാനങ്ങളും ഇന്ത്യയുടെ സ്വതന്ത്ര സമരവും വിജയമാക്കിയതിൽ പത്രങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. ഇത്തരുണത്തിൽ ആണ് ഇന്നത്തെ പത്രങ്ങൾ,പത്രങ്ങളേക്കാൾ അധികം ടി വി ചാനലുകൾ , ഓൺലൈൻ പോർട്ടലുകൾ എല്ലാം എന്താണ് കാഴ്ചക്കാരന് , വായനക്കാരന് നല്കുന്നത് എന്ന ചിന്തിക്കേണ്ടത്. ഓരോ ചാനലുകളും ഓരോ പത്രവും വലിയ കോർപറേറ്റ് സ്ഥാപന ങ്ങൾ ആയതോടെ വാർത്ത! എന്നത് വിപണി യിൽ വിൽക്കാനുള്ള ഒരു ഉത്പന്നം മാത്രമായി മാറി. എത്ര നല്ല പാക്കേജിൽ, എത്ര നിറം ചേർത്ത്, എത്ര

ആകർഷണീയമാക്കി തങ്ങളുടെ ഉത്പന്നത്തെ വിൽക്കാൻ സാധിക്കും എന്നായി മാധ്യമങ്ങളുടെ ചിന്ത. വിപണിയിലെ മത്സരം കൂടുന്തോറും പുതിയ പുതിയ വിപണന തന്ത്രങ്ങൾ പരീക്ഷിക്കാൻ തുടങ്ങി. സെക്സ്, ക്രൈം, മണി എന്നിവയെ മാത്രം വാർത്ത ആക്കുന്ന രീതി പണ്ടേ പരീക്ഷിച്ച് കലാഹരണപ്പെട്ട് സാധ്യത മങ്ങിയതാണ്. എന്നാൽ എല്ലാ വാർത്തയിലും ഇവ മൂന്നും സന്നിവേശിപ്പിക്കുക എന്ന തന്ത്രമാണ് മാധ്യമ ലോകം ഇപ്പോൾ തിരഞ്ഞെടുത്തിരിക്കുന്നത്. അതുകൊണ്ട് ആണ് സോളാർ വിഷയത്തെ കേരള രാഷ്ട്രീയം കണ്ട ഏറ്റവും വലിയ പ്രതിസന്ധിയായി കേരള മാധ്യമങ്ങൾ അവതരിപ്പിച്ചത്. ഇതിൽ മേല്പ്പറഞ്ഞ മൂന്നു ഘടകങ്ങളും വേണ്ടുവോളം ഉണ്ടായിരുന്നു. അതുകൊണ്ടാണ് സരിത വന്നതോടെ ചാനലുകൾ ഒരു കൊട്ടാരം ആയെന്നും വെക്കാനും സരിത വിളമ്പാനും സരിത എന്ന അതിശയോക്തി ഇല്ലാതെ അന്നേ പറഞ്ഞത്. ഇത്തരം വാർത്തകളോട് ജനങ്ങൾ കാണിക്കുന്ന ആവേശമാണ് ചാനലുകളെ ഇത്തരം വാർത്തകളിലേക്ക് അല്ലെങ്കിൽ ഈ മഞ്ഞവൽക്കരണത്തിലേക്ക് ശ്രദ്ധയൂന്നാൻ പ്രേരിപ്പിക്കുന്നത്. സിനിമ, പ്രോഗ്രാം ചാനലുകളേക്കാൾ വാർത്ത! ചനലുകൾക്ക് റേറ്റിംഗ് ലഭിച്ച ദിവസങ്ങള് കൂടി ആയിരുന്നു അത്. വർത്തയെ കച്ചവടം ചെയ്യുമ്പോൾ മധ്യമങ്ങൾ ഇല്ലാതാകുന്നത്(അത് എത്രയോ പണ്ടേ ഇല്ലാതായതാണ്) സമൂഹത്തോടുള്ള പ്രതിബദ്ധത ആണ്. ഡൽഹി പെൺകുട്ടിക്ക് വേണ്ടി മധ്യമങ്ങൾ കൊടുത്ത സമയവും സ്ഥലവും അതിനെക്കാൾ ദാരുണമായ ബാടുവാൻ സംഭവത്തിന് മാധ്യമങ്ങൾ നല്കിയ സമയവും വെറുതെ ഒന്ന് താരതമ്യം ചെയ്താൽ ഇത് മനസിലാകും.

പത്രമാധ്യമങ്ങളുടെ പ്രസക്തി ഒരിക്കലും ഇല്ലാതാകില്ല. പത്രമല്ലെങ്കിൽ ടി.വി അല്ലെങ്കിൽ ഇന്റർനെറ്റ് വേർഷൻ എന്തെങ്കിലും ഉണ്ടാകും ലോകത്തിന്റെ എല്ലാ കോണിലും ഉണ്ടാകുന്ന സംഭവ വികാസങ്ങൾ ജനങ്ങൾക്ക് പറഞ്ഞു കൊടുക്കാൻ. ഇവിടെ തീരുമാനം എടുക്കേണ്ടതും ചിന്തിക്കേണ്ടതും വായനക്കാരനും കാഴ്ചക്കാരനും ആണ്. നിങ്ങൾക്ക് വേണമെങ്കിൽ നല്ലത് കാണാം. നല്ലത് വായിക്കാം. നിങ്ങളുടെ മുൻപിൽ നല്ലതും ചീത്തയും ഉണ്ട്. നല്ലവ തെരഞ്ഞെടുത്താൽ അവക്ക് സ്വാഭാവികമായും റേറ്റിംഗ് ഉയരും, പരസ്യം ലഭിക്കും. അങ്ങനെ അവർക്ക് നല്ലത് തന്നെ നല്കേണ്ടി വരും. മാധ്യമങ്ങൾ കച്ചവടവത്ക്ക രിക്കപ്പെട്ടു എന്നു പറയുമ്പോഴും നമ്മുടെ വായനാ ശീലം, കാഴ്ച രീതി ഇവ എങ്ങനെ മാറി എന്നു കൂടി ചിന്തിക്കണം.

●

# സഭയും മാധ്യമങ്ങളും

14–ാം പേജ് തുടർച്ച

തന്നെ മാധ്യമങ്ങളുടെ രീതി. എന്തു പറഞ്ഞാലും സഭ ഒരു പരിധിയിൽ കവിഞ്ഞ് പ്രതികരിക്കുകയില്ലെന്നും എല്ലാം മൗനമായി സഹിച്ചുകൊള്ളുമെന്നും അവർക്കറിയാം. ശത്രുവാര്, മിത്രമാര് എന്ന് സഭാമക്കളും തിരിച്ചറിയുന്നില്ല.

## മീശയുള്ള അപ്പനെ പേടി

മറ്റു മതവിഭാഗങ്ങളിൽപെട്ടവർ ദേശദ്രോഹ നടപടികൾ സ്വീകരിച്ചാൽപോലും നിശബ്ദത പാലിക്കുകയോ വെള്ളപൂശി കാഠിന്യം കുറയ്ക്കുകയോ ചെയ്യാൻ മാധ്യമങ്ങൾ തമ്മിൽ മത്സരമാണ്. പുരോഗമനക്കാരനെന്ന മേനി നടിയ്ക്കാൻ സഭാവിരുദ്ധരാകണമെന്നതാണ് ഇന്നത്തെ സ്ഥിതി. തിന്മയുടെ അവതാരമായി സഭയെ ചിത്രീകരിക്കുന്നതിൽ അവർക്കു വല്ലാത്ത ആത്മസംതൃപ്തിയാണ്. സഭയിൽ ഒരു നന്മയും കാണാൻ അവർക്കു കഴിയുന്നില്ല, സഭാ വിദ്യാലയങ്ങളിൽ അഡ്മിഷൻ തേടുമ്പോളൊഴികെ.

## ഉപസംഹാരം

തന്റെ ദൗത്യ നിർവഹണത്തിൽ മാധ്യമങ്ങളെ ആശ്രയിക്കുന്ന സഭ സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളെ വേണ്ടപോലെ സ്വാധീനിക്കാനും ഉപയോഗിക്കാനും കഴിയാതെ പോയതിന്റെ പരിണിത ഫലം കൂടിയാണിത്.

സാർവത്രിക സാന്നിധ്യവും ലക്ഷക്കണക്കിനു സമർപ്പിത ശുശ്രൂഷകരും ധനവിനിമയ ശക്തിയും സുസംഘടിത ഭരണക്രമവും കേന്ദ്രീകൃത നേതൃത്വവുമുള്ള കത്തോലിക്കാ സഭയ്ക്ക് മാധ്യമ മേഖലയിൽ എന്തുകൊണ്ട് മങ്ങലേറ്റിരിക്കുന്നു. എന്തുകൊണ്ട് സഭയുടെ അധീനതയിലുള്ള മാധ്യമങ്ങൾ തന്നെ പല്ലും നഖവും നഷ്ടപ്പെട്ട് ജഡകൊഴിഞ്ഞ സിംഹത്തെപ്പോലെ തളർന്നു കിടക്കുന്നു, നായ്ക്കളും നരികളും തട്ടിക്കളിക്കുന്നു. സഭ അവളുടെ ശക്തി തിരിച്ചറിയണം. ശക്തി വീണ്ടെടുക്കണം. പ്രാദേശിക സഭകളും വ്യക്തിഗത സഭകളും സന്യാസ സഭകളും രൂപതകളും എന്നൊക്കെ വ്യതിരിക്തമായി നിന്നുകൊണ്ട് ശത്രുക്കൾക്ക് ഇരയാകാതെ ഒന്നിച്ചു നിന്ന് സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളെ നമുക്കും ധാർമികതയ്ക്കുംവേണ്ടി പ്രയോജനപ്പെടുത്തുവാൻ ഇനിയും അമാന്തിക്കുവാൻ പാടില്ല. ഓരോ സഭയ്ക്കും രൂപതയ്ക്കും പ്രത്യേക മാധ്യമങ്ങളും പ്രസിദ്ധീകരണങ്ങളുമെന്ന ചിന്തയ്ക്കപ്പുറം പൊതുവായ മാധ്യമങ്ങളെയും പ്രസിദ്ധീകരണങ്ങളെയും ശക്തിപ്പെടുത്താനും അവ സഭാമക്കളിൽ മാത്രമല്ല, പൊതുജനങ്ങളിലും എത്തിക്കാനും ഇനി വൈകാൻ പാടില്ല.

●




# സിനിമയും സംസ്കാരവും മാധ്യമ വിചാരത്തിൽ

ആദിയിൽ ദൃശ്യമുണ്ടായി. മനുഷ്യൻ ദൃശ്യത്തിൽ നിന്നും ദൃശ്യമുണ്ടാക്കി, അതിനെ ചലിപ്പിച്ചു. അതിന് ഇരുട്ട് നല്ലതെന്ന് ലൂമിയർ സഹോദരന്മാർ കണ്ടു. ഇരുട്ടുണ്ടാവട്ടെ എന്നു പറഞ്ഞു. ഇരുട്ടുണ്ടായി. ലൂമിയർമാർ വെളിച്ചത്തെ ഇരുട്ടിൽ നിന്നും വേർതിരിച്ചു. അതിനെ സിനിമ എന്നു വിളിച്ചു. ഈശ്വരസൃഷ്ടിയുടെ ഛായ ചലിക്കാൻ തുടങ്ങിയപ്പോൾ മനുഷ്യൻ സ്വന്തം സൃഷ്ടികണ്ട് പേടിച്ചോടി. ലൂമിയർമാർ നട്ടതിനെ പലരും നനച്ച് വളർത്തി. കറങ്ങുന്ന കൈപ്പിടിയുള്ള യന്ത്രം ലോകം കീഴടക്കി. സിനിമ കാലദേശാന്തരങ്ങൾ പിന്നിട്ട് നക്ഷത്രങ്ങളിൽ പോലുമെത്തി. ഇനിയും ഉയരങ്ങൾ കീഴടക്കാൻ കൊതിക്കുന്ന മനസുമായി സിനിമ അതിന്റെ ജൈത്രയാത്ര തുടരുകയാണ്. കാലങ്ങളും ദേശങ്ങളും രാജ്യങ്ങളും സംസ്ക്കാരങ്ങളും പിന്നിട്ട്.

സിനിമ മനസിലാക്കാൻ എളുപ്പമാണ്. അതുകൊണ്ട് തന്നെ അതിനെ വിശദീകരിക്കാൻ പ്രയാസമാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ കലയായി അറിയപ്പെട്ട ചലച്ചിത്രം വേരുകളാഴ്ത്തിയതിയും വളർന്നതും പടർന്നതും പന്തലിച്ചതും വളരെ വേഗത്തിലായിരുന്നു. സ്വന്തം നിലനിർത്തിക്കൊണ്ട് തന്നെ വകഭേദങ്ങൾ സൃഷ്ടിക്കാൻ കാലഘട്ടത്തിന്റെ സിനിമകൾക്കായി. മലയാളി സിനിമ കണ്ടുതുടങ്ങിയപ്പോഴേക്കും സിനിമാസംസ്ക്കാരത്തിന്റെ പ്രതിഫലനമായി മാറിക്കഴിഞ്ഞിരുന്നു. കറുപ്പും വെളുപ്പും മാറി നിറങ്ങൾ വന്നിട്ടും മാറാതെ നിന്നത് പ്രേക്ഷകന്റെ മനസ് മാത്രമായിരുന്നു. മലയാളികളുടെ ദൃശ്യസംസ്ക്കാരത്തിന്റെ അനിഷേധ്യഘടകമായി സിനിമ മാറിട്ട് അധിക കാലമായിട്ടില്ല. മാറിവന്ന മാധ്യമ സംസ്ക്കാരത്തെ പുത്തൻ തലമുറക്കാർ കൈയ്യടക്കിയിട്ടും, സ്വന്തമായൊരു സ്ഥാനം നിലനിർത്താൻ ചലച്ചിത്രങ്ങൾക്കായി.

സംസ്ക്കാരിക വിചാരത്തിൽ സിനിമകൾക്കുള്ള സ്ഥാനം തർക്കവിഷയമല്ല. ആധുനികത തൊട്ടുള്ള സാമൂഹിക പരിണാമങ്ങൾ രാഷ്ട്രീയമായും സാമൂഹികമായും സാംസ്കാരികമായും വിശകലനം ചെയ്യാൻ മാത്രമല്ല ലോകത്തിന്റെ



**ജോൺ മാത്യു,**
**പിണറ്റുംമൂട്ടിൽ**
റിപ്പോർട്ടർ, ടി. വി. ന്യൂസ് ചാനൽ

മാറ്റങ്ങളേയും ജീവിതചര്യകളേയും ചരിത്രപരമായി വ്യാഖ്യാനിക്കാനും സിനിമകൾക്കായിട്ടുണ്ട്. അത്രമേൽ സ്വാധീനമാണ് വ്യവസായ-നവോത്ഥാന ആധുനികതയുടെ സാമൂഹ്യ വിതാനങ്ങളിൽ സിനിമക്കുള്ള സ്ഥാനവും സ്വാധീനവും. മലയാളികളുടെ ജീവിതം മുമ്പൊരിക്കലുമില്ലാത്ത വിധം ചലച്ചിത്ര കേന്ദ്രീകൃതമായ കാലഘട്ടത്തിന്റെ രാഷ്ട്രീയ വിശകലനത്തിന്റെ ആവശ്യം ഉദിക്കുന്നില്ല. യാഥാർത്ഥ്യങ്ങളുടെ, വസ്തുതകളുടെ, പ്രത്യയശാസ്ത്രങ്ങളുടെ നേർരൂപങ്ങളായിരുന്നു സിനിമ പ്രേക്ഷകനോട് സംവദിച്ചത് എന്നതു തന്നെയാണ് അതിന് കാരണം.

''The epics and myths of the country would seem to present the most widely acceptable base for the artistic devolepmant of Indian cinema''. അങ്ങനെ പുരാണങ്ങളിലും ഇതിഹാസങ്ങളിലും തുടങ്ങിയ സിനിമ റിയലിസത്തിന്റെയും അപ്പുറത്തെത്തി നിൽക്കുകയാണ്. സംവിധായകന് ഓരോ തവണ പരീക്ഷിക്കപ്പെടുമ്പോഴും പ്രേക്ഷകന് ലഭിക്കുന്ന കാഴ്ചയുടെ നവ്യനുഭവങ്ങളായിരുന്നു എക്കാലത്തും സിനിമയുടെ വിധി നിർണ്ണയിച്ചിരുന്നത്. മലയാളത്തിലും സ്ഥിതി മറിച്ചായിരുന്നില്ല. അച്ചടിയുടെയും വാമൊഴിയുടെയും സാഹിത്യത്തിന്റെയും ആസ്വാദന തലങ്ങൾ മാത്രം രുചിച്ചിരുന്ന പ്രേക്ഷകന് മുൻപിലേക്ക് ചലച്ചിത്രം തിറന്നിട്ടത് അനന്ത സാധ്യതകളുടെ വാതായനങ്ങളായിരുന്നു.

മനുഷ്യ ജീവിതത്തിന്റെ പച്ചയായ ആവിഷ്ക്കാരങ്ങളെ എന്നും ഇരുകൈയ്യും നീട്ടി സ്വീകരിക്കുന്ന പ്രേക്ഷകന്റെ ക്യാൻവാസിലേക്ക് ഫാന്റെസിയും വെർച്ച്ൽ റിയാലിറ്റിയും, കച്ചവടകണ്ണുമായി സിനിമ പരിഷ്ക്കരിച്ച പതിപ്പുകൾ കടന്നു വന്നത് സാധാരണക്കാരന്റെ കാഴ്ച സംസ്ക്കാരത്തിന് വ്യത്യസ്ത ആഖ്യാനങ്ങൾ നല്കി. മനുഷ്യന്റെ ബലഹീനതകളെയും ലൈംഗീക തീഷ്ണതകളെയും ചൂഷണം ചെയ്യാൻ അത്തരം സിനിമകൾക്കായി. സെക്സ് അപ്പിയറൻസിന്റെ സിനിമയിലുള്ള സാധ്യതകൾ തിരിച്ചറിഞ്ഞതോടെ സിനിമയ്ക്ക് പുതിയ മുഖം കൈവന്നു.

പുരാണങ്ങളിൽ നിന്നും ദൃശ്യസംസ്ക്കാരം ആരംഭിക്കുമ്പോൾ ഭാരതപാരമ്പര്യം, ഇതിഹാസങ്ങളും വെള്ളം ചേർക്കാതെ പ്രേക്ഷകരിലെത്തിക്കുക എന്ന ധർമ്മമായിരുന്നു സിനിമയുടേത്. അവിടെ നിന്നും പുരാണ ഇതിഹാസങ്ങളിലൂന്നി സിനിമ സാധാരണക്കാരന്റെ ജീവിതത്തിലേക്കിറങ്ങി. ശരാശരി പ്രേക്ഷകനിലും ജീവിതം കാണാനാഗ്രഹിക്കുന്ന ലോക വിപണന കേന്ദ്രങ്ങളിലും അങ്ങനെ സിനിമ ഒരു വിൽപന ചരക്കായി മാറി. പിന്നീടങ്ങോട്ട് കലാമൂല്യവും സംസ്ക്കാരത്തിന്റെ പ്രതിഫലനങ്ങളും നോക്കാതെ ഒരു പ്രൊഡക്ട് ആയി മാത്രം സിനിമ മാറി. ഹോളിവുഡിന്റെ പണപ്പെട്ടി കുലുങ്ങിച്ചിരിക്കുന്നത് കണ്ട ലോകത്തിലെ മറ്റു സിനിമക്കാർക്കും അടങ്ങിയിരിക്കാനായില്ല. പണക്കിലുക്കത്തിന്റെ മറ്റൊരു പേരായി സിനിമ മാറാനും അധിക നാൾ വേണ്ടി വന്നില്ല.

ദൃശ്യമാധ്യമം സംസ്കാരത്തിൽ പ്രതിഫലിക്കുന്നത് സിനിമയുടെ ആരംഭം മുതൽ ദൃശ്യമായിരുന്നു. ഓരോ സംസ്ക്കാരത്തിന്റെയും പഥസഞ്ചാരങ്ങളും



കൈമാറ്റങ്ങളും പിന്നിട് ചലച്ചിത്രങ്ങൾ മുഖേന ആയിരുന്നു. ഡച്ചുക്കാർക്കും ഇംഗ്ലീഷുകാർക്കും ശേഷം മലയാളക്കരയെ ലോകത്തിന് മുൻപിൽ തുറന്നു കാണിക്കാൻ സിനിമകൾക്ക് സാധിച്ചിരുന്നു. കേരളത്തെ നേരിൽ കാണുവാനും കേരള സംസ്ക്കാരം വിദേശത്തെത്തിക്കുവാനും മദിരാശിയിൽ നിന്നും മലയാളക്കരയിലെക്കിയ സിനിമകൾക്കായി. ലോകത്തിന് മുമ്പിൽ മലയാളത്തേയും മലയാള സിനിമകളെയും അനാവൃതമാക്കിയ അടൂർ ഗോപാലകൃഷ്ണന്റെ വിധേയൻ ലോകവേദികളിൽ കൈയ്യടി നേടിയ ചിത്രങ്ങളിൽ ഒന്നാണ്. എന്നാൽ സ്വന്തം ഭാര്യയെ രതിസുഖത്തിനായി മുതലളിയായ ജന്മിക്ക്

വിട്ടുകൊടുത്ത് പുറത്ത് കൈയ്യും കെട്ടി നോക്കി നിൽക്കുന്ന ഭർത്താവിനെ അവതരിപ്പിച്ച ചിത്രം ഒരു ലോകവേദിയിൽ ചോദ്യം ചെയ്യപ്പെട്ടു. മലയാളത്തിന്റെ സംസ്ക്കാരം ഇതല്ല എന്നതായിരുന്നു വേദിയിൽ ചിത്രത്തിനെതിരെ ചോദ്യമുയരാൻ കാരണം. സിനിമ സംസ്ക്കാരങ്ങളുടെ പ്രതിഫലനമാണെന്നും അതിന് കാലദേശാന്തരങ്ങളുടെ അതിർ വരമ്പുകളില്ലെന്നും തെളിയിക്കാനാണ് ഇതില്പരം ഒരു തെളിവ് മറ്റൊന്നില്ല. പശ്ചാത്യ സംസ്ക്കാരം അനുകരിക്കാനും കേരളിയശൈലി അനാവൃതമാക്കാനും സിനിമകൾക്ക് സാധിച്ചു.


**ന്യൂജൻ സിനിമക്കാർ പറയുന്നത് മലയാളിക്ക് കാഴ്ചയുടെ സംസ്ക്കാരം തുറന്നത് അവരാണെന്നാണ്. ന്യുജനറേഷൻ  തരംഗമെന്ന സംഗതി ചർച്ചക്കും തർക്കങ്ങൾക്കും പാത്രിഭവിച്ചിട്ട് നാളെറെയായി. പുതുതായി ജനിക്കുന്ന ഓരോ സിനിമയും ന്യുജനറേഷനാണ്.**

സിനിമകളുടെ തലങ്ങളും ആസ്വാദന തലങ്ങളും മാറിയതോടെ ചലച്ചിത്രമെന്ന പ്രദർശന സമസ്യക്ക് പുതിയ രൂപവും ഭാവവും വന്നുതുടങ്ങി. മരിയോ പുസോയുടെ ഗോഡ്ഫാദർ എന്ന നോവലിനെ  ഫ്രാൻസിസ് ഫോർഡ കപ്പോള എന്ന പ്രതിഭാധനന് ദൃശ്യവല്ക്കരിച്ചതോടെ ചലച്ചിത്ര ലോകത്തിന് അതൊരു പുത്തനുണർവ്വായി. ഗോഡ്ഫാദറിന്റെ അനുകരണങ്ങളും അനുരണനങ്ങളും ലോകമെമ്പാടുമുണ്ടായി. ഒരു പൂർണ്ണ സിനിമയുടെ ചേരുവകൾ സമം ചേർത്ത് ചിത്രമായത് കൊണ്ടാവാം ലോകം ഗോഡ്ഫാദറിനെ ലോകം പുഞ്ചിരിയോടെ വരവേറ്റത്. ശൂന്യത അപ്രത്യക്ഷമാകാത്ത  കലയായി മാറിയ സിനിമ അങ്ങനെ നൂറ്റാണ്ടുകളുടെ പ്രദർശന സമസ്യകളായി മാറി. കൊറിയ, ജപ്പാൻ, തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ക്രാഫ്റ്റുള്ള കലാകാരന്മാർ അവരുടെ മികവ് വെള്ളിത്തിരയിലേത്തിച്ചപ്പോൾ സിനിമ വീണ്ടും വളരുകയായിരുന്നു. 1895 ൽ ലോകത്ത് ആദ്യ സിനിമ ഉടലെടുത്തപ്പോൾ കേവലം വർഷങ്ങൾക്കു ശേഷം 1913-ൽ ലൂമിയർമാരുടെ സൃഷ്ടി ഇന്ത്യയിലുമെത്തി. ആ ദൃശ്യ വിസ്മയം മലയാളക്കര വരവേറ്റത് 1928 ലായിരുന്നു (തീയതി സംബന്ധിച്ച തർക്കം ഇപ്പോഴും നിലനിൽക്കുന്നുണ്ട്).




മലയാളിയെ കാഴ്ചയുടെ സംസ്ക്കാരം സ്വാധിനിക്കാൻ തുടങ്ങിയത് 1950 കൾക്ക് ശേഷമാണെന്ന് വേണമെങ്കിൽ പറയാം. എന്നാൽ ന്യൂജൻ സിനിമക്കാർ പറയുന്നത് മലയാളിക്ക് കാഴ്ചയുടെ സംസ്ക്കാരം തുറന്നത് അവരാണെന്നാണ്. ന്യുജനറേഷൻ തരംഗമെന്ന സംഗതി ചർച്ചക്കും തർക്കങ്ങൾക്കും പാത്രിഭവിച്ചിട്ട് നാളെറെയായി. പുതുതായി ജനിക്കുന്ന ഓരോ സിനിമയും ന്യുജനറേഷനാണ്. 1952 ൽ പുറത്തിറങ്ങിയ നീലക്കുയിൽ ആഖ്യാന ശൈലികൊണ്ടും അവതരണ മികവ് കൊണ്ടും അണയറയിലെ പുതുമ കൊണ്ടും ന്യൂജൻ ആയിരുന്നു. 55 ൽ ഒരു കൂട്ടം യുവാക്കൾ അണിയിച്ചരുക്കിയ റിയലിസ്റ്റിക് ചിത്രമായ ന്യൂസ് പേപ്പർ ബോയ് ന്യൂജൻ സിനിമയായിരുന്നില്ലേ? തകഴിയുടെ നോവൽ വെള്ളിത്തിരയിലെത്തിച്ച് പ്രസിഡണ്ടിന്റെ സ്വർണ്ണ മെഡൽ കരസ്തമാക്കിയ ചെമ്മീൻ, 70 ൽ പി എൽ മേനോൻ പുറത്തിറക്കിയ ഓളവും തീരവും മലയാളത്തിൽ ആദ്യമായി ലിവിഗ് ടുഗദർ പ്രമേയമാക്കി അടൂർ ഗോപാലകൃഷ്ണൻ അവതരിപ്പിച്ച സ്വയംവരം, അന്തർദേശിയ ശ്രദ്ധ നേടിയ ഷാജി എൻ കരുണിന്റെ പിറവി, ഇവയൊക്കെ അവരുടെ കാലത്തെ ന്യുജനറേഷൻ ചിത്രങ്ങളായിരുന്നു. 90കളിൽ സിദ്ധിക്ക് ലാൽ കൂട്ടുകെട്ടിലിറങ്ങിയ ഹരിഹർ നഗറും അന്നത്തെ ന്യുജൻ ചിത്രമായിരുന്നല്ലോ. എന്റെ വീട് അപ്പുന്റെയും എന്ന ചിത്രവും ന്യുജനറേഷൻ തരംഗത്തിന് ഉദാഹരണമല്ലേ. പിന്നീടെത്തിയ ട്രാഫിക്കും, ചാപ്പാകുരിശും അടക്കമുള്ള ചിത്രങ്ങളെ ന്യൂജൻ എന്ന ചാപ്പ കുത്തിയത് പ്രേക്ഷകരായിരുന്നില്ല. നിരൂപകരും സ്വയം

ബുദ്ധിജീവികളാണെന്ന് മുദ്രകുത്തിയവരായിരുന്നു. എന്നാൽ അവരുടെ അനുമാനങ്ങൾ സത്യമാവുകയായിരുന്നു. ഈ തലമുറയ്ക്ക് ഇത് പുതിയ തലമുറ ചിത്രങ്ങൾ തന്നെയാണ്. സിനിമയുടെ രീതികളും സംഭാഷണങ്ങളും രൂപവും ഭാവവുമെല്ലാം പുതിയ പ്രേക്ഷകനനുസരിച്ച് മാറുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. ശരിക്കും സിനിമ മാറിയത് കാലത്തിനൊത്തു മാറുന്ന പ്രേഷകനു വേണ്ടിയായിരുന്നു. പ്രേഷകന്റെ ആസ്വാദനതലം മാറിയതറിഞ്ഞ സിനിമ സ്വയം മാറാൻ തയ്യാറായി. സ്വന്തം അസ്ഥിത്വത്തിന് കോട്ടം തട്ടാതെ പുതിയൊരാവരണം എടുത്തണിയാൻ സിനിമ നിർബന്ധിതമായി. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ഉടലെടുത്ത ബക്കറ്റ് വിപ്ലവത്തിന്റെ അലകൾ ഇന്ത്യയിലെത്തിയത് വളരെ വൈകിയായിരുന്നു. അതിന്റെ പ്രോഡക്ടാണ് പിന്നീട് മലയാളത്തിലെ സിനിമ ആസ്വാദകരും അണിയറക്കാരും. അതുകൊണ്ടു തന്നെ ആസ്വാദന തലം മനസ്സിലാക്കി സിനിമയൊരുക്കാൻ എല്ലാവർക്കും കഴിയുന്നുണ്ട്. മറ്റൊരു ശ്രദ്ധേയമായ കാര്യം സിനിമക്കാർ എന്നൊരു വിഭാഗം ഇന്ന് മലയാളത്തിൽ ഇല്ല എന്നതാണ്. സിനിമ കാണുന്നവരും ആസ്വദിക്കുന്നവരുമെല്ലാം ഇന്ന് സിനിമയുടെ ഭാഗമാണ്. സിനിമ കൂടുതൽ ജനകീയമായി. ന്യൂ ജനറേഷൻ സിനിമയല്ല, ജനകീയ സിനിമകളാണ് ഇന്നുള്ളത്. റിയൽ സിനിമകൾ.




കാഴ്ചയുടെ വസന്തത്തിന് വ്യത്യസ്തത പകരുന്ന ചലച്ചിത്ര മേളകളും ജനകീയമായതോടെ സംസക്കാരങ്ങളുടെ സമന്വയത്തിന് സിനിമയുടെ വേദിയാകലിനുള്ള സാധ്യതയേറി. ലോകത്തിന്റെ സംസ്കാരങ്ങൾ, ഭാഷകൾ, വൈവിധ്യങ്ങൾ നമുക്കിടയിലെത്തിയതിന് സിനിമകൾ വഹിച്ച പങ്ക് ചെറുതല്ല. വാർത്തകളിൽ മാത്രം കണ്ടും കേട്ടും ശീലിച്ച ലോകത്തിന്റെ വേദനകൾ, ദുഃഖങ്ങൾ, പരിഭവങ്ങൾ, നൊമ്പരങ്ങൾ ഒരോ മനുഷ്യരിലും എത്തിയത് ചലച്ചിത്രങ്ങളിൽ കൂടിയായിരുന്നു. സിനിമയുടെ കണ്ണ് യഥാർത്ഥത്തിൽ കാണാൻ തുടങ്ങിയാൽ ലോകത്തിന് തീപിടിക്കും എന്നാണ് പ്രമുഖനായ ഒരു ചിത്രകാരൻ ഒരിക്കൽ പറഞ്ഞത്. 24 ഫ്രെയിമുകളുള്ള സത്യമായ സിനിമ ഒരുപോലെ പ്രേക്ഷകനെ നരിക്കണ്ണും പീലിക്കണ്ണും കാണിക്കാറുണ്ട്. അതിനെക്കാളുപരി സിനിമകൾ മനുഷ്യന് സമ്മാനിച്ചത് വിപ്ലവങ്ങളായിരുന്നു. വിപ്ലവസിനിമകളെക്കാൾ വിപ്ലവകരമായ സിനിമകൾക്കായിരുന്നു എന്നും പ്രേക്ഷകരുടെ പിന്തുണ. ലോകസിനിമകളുടെ ഈറ്റില്ലമായ ഹോളിവുഡിനെ ഒരിക്കൽ ഒരാൾ ഇങ്ങനെ വിശേഷിപ്പിച്ചു.

അരിക്കാശിന് വകതേടി
ദിവസേന ഞാൻ
നുണകൾ വാങ്ങാനെത്തുന്നവരുടെ
മാർക്കറ്റിലെത്തും
പ്രതീക്ഷയോടെ ഞാൻ
കച്ചവടക്കാരുടെ കൂട്ടത്തിൽ
സ്ഥാനം പിടിക്കും.

സിനിമ അങ്ങനെയാണ്. എന്നാൽ സംസ്കാരങ്ങളുടെ പതാകവാഹകരായ സിനിമകളെ എങ്ങനെ തള്ളണമെന്നും കൊള്ളണമെന്നും തിരുമാനിക്കേണ്ടത് പ്രേക്ഷകരാണ്. വിവേചന ശക്തിയുള്ള പ്രേക്ഷകർ. ലോകത്തിൽ ഇനിയും സിനിമകളുണ്ടാകും. തീ പിടിക്കുന്നതും വിപ്ലവകരമായതും അന്തരാത്മാവിന്റെ സ്വപ്നങ്ങളും സ്വപ്നങ്ങളുടെ സ്വതന്ത്രമായ ആവിഷ്കാരങ്ങളുമൊക്കെയായി. എന്നാൽ ഈ മാധ്യമത്തെ സ്വീകരിക്കേണ്ടത് എങ്ങനെയെന്ന് തീരുമാനിക്കാൻ പ്രേക്ഷകനെ കഴിയും. പ്രേക്ഷകനു മാത്രമേ അതിന് കഴിയൂ.

●

**ലോകത്തിന്റെ സംസ്കാരങ്ങൾ, ഭാഷകൾ, വൈവിധ്യങ്ങൾനമുക്കിടയിലെത്തിയതിന് സിനിമകൾ വഹിച്ച പങ്ക് ചെറുതല്ല. വാർത്തകളിൽ മാത്രം കണ്ടും കേട്ടും ശീലിച്ച ലോകത്തിന്റെ വേദനകൾ, ദുഃഖങ്ങൾ പരിഭവങ്ങൾ, നൊമ്പരങ്ങൾ ഒരോ മനുഷ്യരിലും എത്തിയത് ചലച്ചിത്രങ്ങളിൽ കൂടിയായിരുന്നു.**

# ഇടയശബ്ദം

ഏറ്റെടുക്കുവാൻ ജപമാലധ്യാനം നമ്മെ സഹായിക്കും. പൗരസ്ത്യ സഭാപാരമ്പര്യത്തിൽ പ്രാർത്ഥനാരൂപങ്ങളും വാക്കുകളും ആവർത്തിക്കുന്നരീതി സമൃദ്ധമാണ്. നന്മയാകട്ടെ തിന്മയാകട്ടെ ആവർത്തിക്കുമ്പോഴാണ് വ്യക്തിത്വരൂപീകരണത്തിന്റെ ഭാഗമായി മാറുന്നത്. നമ്മുടെ ആത്മികവളർച്ചക്കും രൂപീകരണത്തിനും ജപമാല പ്രാർത്ഥന ചൊല്ലുന്നത് ഉചിതമത്രേ. രക്ഷകന്റെ അമ്മയെ സ്വന്തമാക്കാനും രക്ഷസ്വന്തമാക്കാനുമുള്ള ഉദാത്തമായ ഒരു മാർഗ്ഗമാണിത്. മാതാവിന്റെ ബഹുമാനാർത്ഥമുള്ള മദ്ധ്യസ്ഥപ്രാർത്ഥനകളുടെ ഒരു ഭാഗം തന്നെയായി ജപമാലയെ കാണാൻ നമുക്ക് കഴിയണം. പ്രവർത്തനങ്ങളുടെ ഇടവേളകളിലും വൃഥാ കാത്തിരിപ്പു സമയങ്ങളിലും ഉറങ്ങാൻ ഒരുക്കം നടത്തുമ്പോഴുമൊക്കെ ഈ ഭക്താനുഷ്ഠാനം അനായാസം നമുക്ക് നിവർത്തിക്കൻ കഴിയും. ജപമാല പ്രാർത്ഥന വഴി മാത്രം വിശുദ്ധരായിത്തീർന്നവരും സഭാചരിത്രത്തിൽ യഥേഷ്ടമുണ്ട്. രോഗക്കിടക്കയായ ബാക്കാത്താഴ്‌വരയിലൂടെ (Ps 84:16) കടന്നുപോകുമ്പോൾ അതിനെ നീരുറവുകളുടെ - അനുഗ്രഹങ്ങളുടെ - താഴ്‌വരയാക്കിമാറ്റാൻ ജപമാലഭക്തിക്കു കഴിയും.

സാർവ്വത്രികമായി സമാദരിക്കപ്പെടുന്ന വിശുദ്ധരുടെ നീണ്ടനിര തന്നെ ഒക്ടോബർ മാസത്തിൽ നമ്മെ കടന്നുപോയി - വേദപ്രചാരമദ്ധ്യസ്ഥയായ വി. കൊച്ചു ത്രേസ്യ, ദ്വിതിയ ക്രിസ്തുവെന്ന അപരനാമത്തിലറിയപ്പെട്ട അസ്സീസ്സിയിലെ വി. ഫ്രാൻസീസ്, ഇനി എനിക്ക് ദൈവസംസർക്ഷം മാത്രം മതി എന്ന് പറഞ്ഞ് ജീവിതകാലത്തുതന്നെ നീണ്ട മൗനത്തിലേക്ക് പ്രവേശിച്ച ആവിലായിലെ വി. അമ്മത്രേസ്യ തുടങ്ങിയ മഹാത്മാക്കൾ.

ആരാധനാവത്സരത്തിന്റെ സമാരംഭം കുറിക്കുന്ന സൂബോറോ അഥവാ വചനിപ്പ്ു് (മംഗളവാർത്ത) കാലം സമാഗതമായി. ശ്ലീഹന്മാരിൽ പലരുടെയും തിരുനാൾ ആചരണത്തോടൊപ്പം, നവംമ്പർ മാസം 23 ന് ഭാരതസഭയുടെ പ്രകാശനക്ഷത്രമായിരുന്ന വാഴ്ത്തപ്പെട്ട ചാവറയച്ചനും, സന്ന്യസ്തസമർപ്പിത വിശുദ്ധിയുടെ തിലകമായ വാഴ്ത്തപ്പെട്ട എവുപ്രാസ്യാമ്മയും വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്ന മനോജ്ഞമായ സന്ദർഭം കൂടിയാണത്. ഇവ നമുക്ക് ധ്യാനവേളകളും അഭിമാന നിമിഷങ്ങളും വർത്തമാനകാലത്തെ മംഗളവാർത്തകളുമാണ്. പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പയുടെ ദർശനങ്ങൾ കരുണാമയനും ദീനദയാലുവുമായ യേശുവിനെ നമ്മുടെ ഇടയിൽ പുഃനരവതരിപ്പിക്കുന്നു. ലോകസമാനമായ ചിന്തവെടിഞ്ഞു് ഒരു കൈത്തിരി കത്തിച്ച് നമ്മുടെ കാലടിപ്പാതകളിലും ചുറ്റുവട്ടത്തും നുറുങ്ങുവെട്ടം പ്രസരിപ്പിക്കാൻ ശ്രമിക്കാം.

ഒക്ടോബർമാസം 19 (മൂന്നാം ഞായർ) വേദപ്രചാര ഞായറായി ആഗോളസഭ ആചരിച്ചു. വിശ്വാസം കൈമാറ്റം ചെയ്യപ്പെടേണ്ടതാണ്. നമ്മുടെ വിശ്വാസത്തിൽ അടിപതറാതെ ജീവിക്കുന്നതു തന്നെയാണ് സുപ്രധാനമായവേദ പ്രചരണം. സഭയുടെ മടിത്തട്ടിൽ പിറവിയെടുക്കാൻ ഭാഗ്യം സിദ്ധിച്ചതുകൊണ്ട് തൃപ്തിയടയാതെ, സാമൂഹിക കാരണങ്ങൾകൊണ്ടു് മാത്രം സഭാംഗങ്ങളായി തുടരുന്നതു് മാത്രമാകാതെ യേശുവുമായി വ്യക്തിബന്ധത്തിലും ജീവിതസമർപ്പണത്തിലും ആഴപ്പെടുവാൻ വേദപ്രചാരണ്ടായർ സഹായകമാവണം. നമ്മുടെ ജീവിതത്തിലും പ്രവർത്തനത്തിലും പെരുമാറ്റത്തിലും സംസാരത്തിലും സഹനങ്ങളോടുള്ള മനോഭാവത്തിലും പരാജയങ്ങളെ അഭിമുഖീകരിക്കുന്നതിലും വെല്ലുവിളികളെ ഏറ്റെടുക്കുന്നതിലുമെല്ലാം നമ്മുടെ വിശ്വാസാരൂപി നിഴലിടുകയും നിറഞ്ഞു നില്ക്കുകയും വേണം. വിശ്വാസികളും അവിശ്വാസികളും തമ്മിൽ പ്രകടമായ അന്തരമുണ്ടാകണം. മതത്തിന്റെയും ദൈവത്തിന്റെയും പേരിൽ ഇന്നു നടക്കുന്ന വംശീയ കലാപങ്ങളും നരനായാട്ടുകളും ജീവനുവേണ്ടി ജന്മനാട്ടിൽനിന്നു പലായനം ചെയ്യുന്നതുമെല്ലാം സമൂഹമനസ്സാക്ഷിയെ ഞെട്ടിക്കുന്നു. പക്ഷേ പരിഹാരം കാണാൻ ലോക നായകന്മാർ പോലും കഴിയുന്നില്ല. തിന്മയെ ചെറുക്കുവാൻ ഏറെ ശ്രമം ആവശ്യമാണ്.



യേശുക്രിസ്തുവിന്റെ സന്ദേശം സാർവ്വലൗകികമാണ്. അവൻ നല്ക്കുന്ന രക്ഷയും അങ്ങനെ തന്നെ. തന്റെ ഉള്ളിൽ ഉണ്ടാകണമെന്ന് ഓരോ മനുഷ്യനും ആഗ്രഹിക്കുന്ന നന്മയെപ്പറ്റിയും മൂല്യബോധത്തെപ്പറ്റിയുമാണ് കർത്താവായ യേശു പഠിപ്പിച്ചത്. അതാണല്ലോ ആത്മീകത. അത് പുറത്തുനിന്ന് ആർജ്ജിക്കേണ്ടതല്ല, ഉള്ളിൽ ഉരുത്തിരിയേണ്ടതും കണ്ടെത്തേണ്ടതുമാണ്. ക്രിസ്തുവിലേക്കുള്ള യാത്ര അതേസമയം തന്നെ തന്നിലേക്കുള്ള യാത്രയായി ആത്മികമനുഷ്യന് അനുഭവപ്പെടും. അതിന് ഔപചാരികതയില്ല; നിയന്ത്രണങ്ങൾ ഇല്ല; സ്വചരമായ ഒരു ഒഴുക്കാണത്. വേദപ്രചരണങ്ങൾ ഒന്നാമതായി ഈ യാത്രക്ക് നമ്മെ ക്ഷണിക്കുന്നു. ലോകത്തിന്റെ നാനാ ഭാഗങ്ങളിലും വേദനയിലും രോഗത്തിലും, യുദ്ധങ്ങളുടെയും ഭീഷണികളുടെയും

പ്രകൃതിദുരന്തങ്ങളുടെയും വിഹ്വലതയിലും കഴിയുന്നവരെ യേശുവിന്റെ രക്ഷാകര സാന്നിദ്ധ്യംകൊണ്ട് ചേർത്ത് നിർത്തുവാൻ ഈ യാത്രക്ക് തയ്യാറാകുന്നവർക്ക് എളുപ്പമാകും. പ്രത്യാശയിൽനിന്നും ജീവനിൽനിന്നും അക നില്ക്കുന്ന അവരെ യേശുസാന്നിദ്ധ്യത്തിലേക്ക് കൊണ്ടുവരാൻ നമുക്ക് കഴിയണം. അതോടൊപ്പം വൈദിക- സന്ന്യസ്ത-അല്മായ പ്രേഷിത വിളികൾ ശാക്തീകരിക്കപ്പെടേണ്ട സമയം കൂടിയാണത്. സമർപ്പിജീവിതം കൊണ്ടെന്നപോലെ തന്നെ പ്രാർത്ഥനകൊണ്ടും സംഭാവനകൊണ്ടും മിഷൻ ഞായർ അവിസ്മരണീയ അനുഭവമാക്കാൻ നമുക്ക് കഴിയണം.

മംഗളയാന്റെ പ്രഥമദൗത്യത്തിലെ വിജയം ഭാരതത്തിന്റെ മുഴുവൻ വിജയമാണ്. ശാസ്ത്രനേട്ടങ്ങൾ മനുഷ്യരാശിക്ക് സഹായകരമാകണം. ആ ദൗത്യത്തിന്റെ ചുക്കാൻ പിടിച്ച I.S.R.O. ചെയർമാനും മലയാളിയുമായ ഡോ. കെ. രാധകൃഷ്ണനും സഹപ്രവർത്തകർക്കും, നേതൃത്വവും ദിശാബോധവും നല്ക്കുന്ന നമ്മുടെ ഭരണകർത്താ ക്കൾക്കും അഭിനന്ദനമർപ്പിക്കാം.




2015 ലെ പുനരൈക്യ വാർഷികവും സഭാസംഗമവും നമ്മുടെ അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടത്ത പ്പെടണമെന്ന ബാവാതിരുമനസ്സിന്റെ ആഗ്രഹം പൂർണ്ണ മനസ്സോടെ നമുക്ക് സ്വീകരിക്കാം. നമ്മുടെ സഭ സാമൂഹ്യപ്രതിബദ്ധതയിൽ എന്നും മുൻപന്തിയിൽ നിന്നിട്ടുണ്ട്. നമ്മുടെ സംഗമവും ആഘോഷങ്ങളും സാധുക്കളും സാധരണക്കാരുമായ പൊതുജനത്തിന് നന്മയുടെ വെളിച്ചം പകർന്ന സന്ദർഭംകൂടി ആയിരിക്കണമെന്ന ചിന്ത ശ്ലാഘനീയമാണ്. അത് പരിഗണിച്ച് നമ്മുടെ സാമൂഹ്യ പ്രതിബദ്ധതയുടെ തിളങ്ങുന്ന സാക്ഷ്യമായ പുഷ്പഗിരി മെഡിക്കൽ കോളജുമായി സഹകരിച്ച് ഏതാനും പദ്ധതികൾ സഭാസംഗമത്തിന്റെ ഭാഗമായി നടപ്പാക്കുവാൻ നമുക്ക് അണിചേരാം. 85-ാം പുനരൈക്യ വാർഷികത്തെ അടയാളപ്പെടുത്തുന്നതിന് നിർദ്ധനരായ 85 ഹൃദ്രോഗികൾക്ക് ആളൊന്നിക്ക് 1.5 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഹൃദയ ശസ്ത്രക്രിയ ചെയ്ത് കൊടുക്കുന്ന സാമൂഹ്യപ്രവർത്തനമാണ് അതിലൊന്ന്. ഭാഗ്യസ്മരണാർഹരായ കാലംചെയ്ത 10 പിതാക്കന്മാരുടെ ഓർമ്മക്കായി 3000 ഡയാലിസ്സിസ്സുകൾ - ഏകദേശം 60 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന - നടത്തുവാനുള്ള പദ്ധതിയാണ് രണ്ടാമത്തേത്. മൂന്നാമതായി നമ്മുടെ സഭയിലെ സാധിക്കുന്ന എല്ലാവരെയും പങ്കെടുപ്പിച്ച് "അവയവദാന സമ്മത പത്രം" സമാഹരിക്കുന്നതും ആനുകാലിക പ്രസക്തിയുള്ളതും അത്യധികം ആവശ്യമുള്ളതുമായ ഒരു സൽസംരംഭമായിരിക്കുമെന്നതിലും സംശയമില്ല. മറ്റൊന്ന് അപൂർവ്വ രക്തഗ്രൂപ്പിൽപ്പെട്ട രോഗികൾക്ക് രക്തദാനത്തിന് സഹായകമായ Blood Bank സമാരംഭിക്കുക. സാമ്പത്തികമായി ഏറെ ചെലവുള്ളതെങ്കിലും സാമൂഹിക മാറ്റത്തിനും ഉപവിപ്രവർത്തികൾക്കും അണിചേരുവാൻ പ്രേരണനല്കുന്ന ഒരു സദുദ്യമം തന്നെയായിരിക്കും അത്. ആയതിലേക്ക് സഭാമക്കളുടെയും വായനക്കാരുടെയും സുഹൃത്തുക്കളുടെയും സാമ്പത്തിക സഹായത്തോടൊപ്പം മറ്റെല്ലാത്തരത്തിലുള്ള പിന്തുണയും അഭ്യർത്ഥിക്കുന്നു. 85-ാം പുനരൈക്യവാർഷികവും സഭാസംഗമവും ജീവന്റെ പ്രഘോഷണമായിത്തീരാൻ കഴിയുമെങ്കിൽ അതിനെക്കാൾ ശ്രേഷ്ഠമായ ആഘോഷം മറ്റെന്തുണ്ട്? ഉപവസിച്ചും പ്രാർത്ഥിച്ചും പരിശ്രമിച്ചും പരസ്പര പ്രേരണനൽകിയും നമുക്കുള്ളതും നമ്മുടെ നന്മകളും പങ്കുവെച്ചും നമുക്ക് ഈ സഭാസംഗമത്തിനൊരുങ്ങാം.

സാമൂഹ്യസമ്പർക്ക മാദ്ധ്യമങ്ങളെപ്പറ്റി ഈ ലക്കം ഐക്യദീപം പരിപ്രേക്ഷ്യം നടത്തുന്നു. അനുദിനമെന്നോണം സാങ്കേതിക കുതിച്ചു ചാട്ടത്തിനൊരുങ്ങുന്ന ഈ മേഖലയെപ്പറ്റി പരിചിന്തനം ചെയ്യേണ്ടതാവശ്യകമത്രെ. മാദ്ധ്യമങ്ങളെ അവഗണിച്ചോ മറികടന്നോ ആധുനിക കാലഘട്ടത്തിൽ ജീവിതപ്രയാണം സാദ്ധ്യമാവില്ല. ഏതു കണ്ടുപിടിത്തങ്ങളും ആരംഭിക്കുന്നത് മനുഷ്യ നന്മക്കും സംസ്കാര പുരോഗതിക്കും വേണ്ടിയാണ്. പക്ഷേ അതിവേഗം ധാർമ്മികമായ അപഭ്രംശത്തിനും, സാമൂഹിക തിന്മക്കും,വ്യക്തിപരമായ അധ:പ്പതനത്തിനും വഴിതെളിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നതായി കാണാം. "നന്മയും തിന്മയും, ജീവനും മരണവും എല്ലാ സങ്കേതിക കണ്ടുപിടിത്തങ്ങളിലും ഗുപ്ത മാണ്." മനുഷ്യന്റെ ഇച്ഛാസ്വാതന്ത്ര്യത്തിന്റെയും സ്വതന്ത്രബുദ്ധിയുടെയും മുന്നിൽ അവതരിപ്പിക്ക പ്പെടുന്ന എന്തും അങ്ങനെ ആയിരിക്കുകയും ചെയ്യും. വിവേചനം ദൈവദാനങ്ങളിൽ അതിപ്രധാന മത്രേ.

ലോകത്തിന്റെ വളർച്ചയും പുരോഗതിയും എന്നപോലെ തകർച്ചയും തിരോധാനവും മനുഷ്യന്റെ വിരൽതുമ്പിലാണ്. അനന്തസാദ്ധ്യതയും അത്യപകടവും ചേർന്ന് ചേർന്ന് നിലക്കുന്നതാണ് നാം കാണുക. ഉൾവലിവും പ്രതിബദ്ധതയില്ലായ്മയും മുഖമുദ്രയായി മാറുമ്പോൾ, എല്ലാം ഒരു കൗതുകവും വിനോദവും വാർത്തകളുമായി താഴുമ്പോൾ, എല്ലാം സ്വാർത്ഥതാനുര്യങ്ങളിലും കമ്പോളസംസ്കാരത്തിലും അധ:പ്പതിക്കുമ്പോൾ മൂല്യബോധവും ധാർമ്മികതയും കാറ്റിൽ പറക്കുകയാണ്. തിരിച്ചുവരവും പൊളിച്ചെഴുത്തും അനുപേക്ഷണീയമത്രേ. മനുഷ്യമഹത്വത്തിന് ചേരാത്ത സംസ്കാരങ്ങളും പ്രവർത്തനങ്ങളും താമസംവിനാ തകർന്നു തരിപ്പണമാകതന്നെ ചെയ്യും. "യുദ്ധം മനുഷ്യന് വിരാമമിടുന്നതിനുമുമ്പ് മനുഷ്യൻ യുദ്ധത്തിന് വിരാമമിടണമെന്ന" ദീർഘദർശനം ഇവിടെയും പ്രസക്തമത്രേ. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും മുന്നേറുവാൻ നമുക്ക് സത്യ- സന്മാർക്ഷ- സൗഹൃദ കൂട്ടയ്മകൾ പടുത്തുയർത്താം. ●

# When The "Called" Ones Fail!



**Bro. Jerry**
USA

Today with the prevalence and the increased use (and misuse) of media, we face several stories about the failure of the called ones, be they priests or nuns or religious of any state. As a seminarian, I too am expected to be close to perfect, if not perfect. Of course that comes with its share of headaches since I am a limited and sinful human being like all others. I too am worried about failing the call and the ensuing consequences before God and the people. So when the question was posed to me to write about why the "called ones" fail and how can they can come back, I took it as an opportunity to reflect on this complex topic.

To help me with this investigation, I looked to the events in the lives of David, Samson, and Aaron. These three were called by God in a special way and failed at some point in their life, but came back into proper relationship with God, and thus to their vocation. The more I reflected on the notion of "those who are called", it became clear that it is not just the priests and the religious who are called. Each baptized Christian is called to live a life of holiness - a life that is different from that of the world while living in the world. Thus, each baptized person has a special vocation. Consequently, the factors discussed below apply to all Christians, and not just to the clergy and religious.



A reflection on the lives of the three aforementioned Old Testament characters show the following factors as those that lead to the fall from one's special vocation:

**1. False sense of perfection** - As we look into their lives, we see a false sense of perfection that they hold just before their fall. Before he takes Bethsheba to satisfy his lust (which results in the death of his son and loss of kingdom), David is strolling in his palace, indicating that he is comfortable with the status of his kingdom, his achievements, and his current position. Before Samson is captured by the Philistines as a result of loss of strength, he is seen as sleeping in the presence Delilah who already tried to get him captured multiple times, thus also indicating a sense of contentment and a feeling of everything being ideal. Aaron is seen as asking for and receiving gold earrings from the Israelites to build the golden calf (which resulted in his death in the wilderness without entering the Promised Land and the passing of priesthood from his sons to the rest of the Levites). This action shows both the false sense of authority possessed by Aaron (even to make a new god and an altar for it) and the mentality of the Israelites that they have nothing to lose.

This same false sense of perfection can creep into the lives of today's Christians as well. After a time of struggle, be they spiritual or emotional, we often reach a period of contentment where everything seems to be going our way and to our liking - our prayer life seems strong, the daily struggles seem to have eased, and the various conflicts that we battled before seem to have eased. During these times, it is easy to fall into a complacency, a feeling of false security. It is then that the devil strikes. Just when everything seems to be going perfectly, the devil tempts us with something that is pleasing to our lower appetites (power, pleasure, popularity etc.). Because we think we are in a strong state spiritually and emotionally and based on a false sense of self-reliance, we test the waters by getting closer and closer to the object of temptation, be they power, money, or pleasure. It is not until we are neck deep in the ocean of sin with little hope of getting back to shore that we realize and accept that we are in trouble.

**2. Idleness** - When we read the early life of David, from the time he first appears in the pages of Scripture, he is constantly busy: whether it be shepherding his sheep, killing a lion with his bare hands, guarding the dignity of the Israelite army by eliminating the threat of Goliath, or fighting battles to protect and expand Israel. Moreover, all throughout his efforts, we see him in constant contact with God. He is seen asking God for help before battles and offering thanksgiving after victories. How did this faithful king of Israel, this musician who was after the heart of God, fail? He became comfortable, complacent. In a word, he gave into idleness. When we recall the story of David's sin with Bethsheba, one aspect strikes us. As opposed to the previous times when David fought with his soldiers, here we see David strolling on the roof of his palace while his army is fighting. He is not with his men! It is then that he sees Bethsheba and his heart desires her in a lustful manner, which leads him to killing her husband Uriah so that he can take her as his own. Samson also fell into this idleness as indicated by his sleeping. Aaron's idleness is seen in his lack of hesitation in building the golden calf despite being a priest of the one true God.

The same idleness can creep into the life of the called ones as well. As a result of the false sense of perfection described above or as a result of lack of motivation, each of us can fall into a sense of idleness and sluggishness. We see ourselves procrastinating and trying to find shortcuts to the duties and responsibilities with which we are entrusted. We try to pass on the things we had to do to others and thus shifting the blame if anything goes wrong. We start focusing only on our needs and wants, and not to the needs of others around us. In a sense, we reduce ourselves from 'being for others' to 'being for ourselves.' This can result in using those who we are supposed to take care of for our own benefit, just as David used Bethsheba as an object when he was called for the purpose of protecting her.

**3. Listening less to God and more to the self/crowd** - Before his fall, David listened to his own desires rather than to God's commandments (You shall not commit adultery, You shall not covet your neighbor's wife). Aaron tried to please the crowd instead of God by making the golden calf. He listened not to the one who gave him the authority and position, but to the people he was supposed to guide. He misused his authority against the one whom he was supposed to serve. Acting contrary to what he had been

commanded by the angel, Samson gave away the secret of his strength to Delilah. It showed a lack of loyalty to the one who called him.

We also have the tendency to listen to our own selfish desires or to the requests of others that go against the will of God. When life seems to be going well, we have the tendency to indulge ourselves. This may derive from a sense of entitlement ("we are called by God and therefore we deserve some pleasures"), a false sense of superiority, presumption of God's mercy ("God will forgive me anyway"), and attempting to compensate ("I gave up certain things for God, so it is okay to indulge in other things"). In all these cases, the importance is being given to the person himself, rather than to God. The place of the Creator is usurped by the creature. The called ones are following their own calls rather than the One who called them to their unique vocation in the first place.

**Result of the fall** - When the called ones fall, a host of negative consequences follow. In the case of David, the battle his soldiers were fighting is nearly lost, Bethsheba's son dies, and David's throne is usurped by his son Absalom and the former is forced to flee. Samson loses his strength, is captured by the Philistines, and his eyes are gouged out. He is treated as a mere performer and a spectacle, a far cry from his position as a judge of Israel. In the case of Aaron, the priesthood that was given to only him and his sons is taken away and given to the other Levites. Thus, in all these cases, a total loss of identity follows. This also happens in the called ones who lose their way in life's journey. Due to their self-indulgences, several consequences follow - their own conscience pricks them, they become a spectacle and a subject of ridicule among their own people, they fall into darkness of depression and even despair, they lose faith in their call, and the person is treated in a manner less than his or her vocation.

**When the fallen ones listen again** - All hope is not lost. There is always room for hope. As we examine the lives of David, Samson, and Aaron, they are redeemed and placed back to their previous position as a result of the following changes:

**1. Acceptance of the sin** - The first step to reestablishing the proper relationship with God after falling away is the acceptance of one's own sin. It may be made aware to oneself by one's own conscience or by those around them. If the individual listens to the reproach of the conscience or of the people toward them and accept them without trying to justify their actions, the stage is set for the next step of the return to God.

**2. Repentance** - A true heartfelt repentance is required to restore the relationship with God. David prayed the deeply remorseful Psalm 51 and Samson cried for help to God to restore his strength once more. It is this repentance that is needed in the lives of the called ones who have also fallen. A heartfelt repentance of one's sins and failings is not ignored by God. As Scripture says, "Though your sins are like scarlet, they shall be as white as snow" (Isaiah 1:18). When we take one small step toward God, He will in turn leap to our side to be with us. We are blessed with the sacrament of Confession. Confession, as with all sacraments, is a way to gain the grace of God, when it is received with faith and proper disposition (repentant heart and conscious effort to avoid sin).

**3. Doing the will of God** - After repentance, it is important to do the will of God; that is, to act according to one's calling. David spent the rest of his life praising God and amassing the things needed to build a Temple for God and Aaron spent the rest of his life priestly service near the Ark of the Covenant, and Samson used his strength to fulfill his mission of protecting Israel by destroying the Philistines, resulting in his death. Even though we cannot do anything in return for God's abundant mercy which forgave our failings and restored us into sonship with Him, it is important to continue our lives doing His will, thus being openly thankful for His mercy and compassion.

We may not be perfect, but our God who called us is perfect. We may fail in being faithful, but the faithfulness of God never wavers. Like a merciful father, He waits for us to return to Him each time we leave Him in search of satisfying our own pleasures and desires. It is our loving God who constantly reminds us,

"You are my servant; I chose you, I have not rejected you—

Do not fear: I am with you;

do not be anxious: I am your God.

I will strengthen you, I will help you,

I will uphold you with my victorious right hand." (Isaiah 41:9-10)

കുടുംബവേദി

# E-കുടുംബം




**ഫാ. ജോസ് തൈപ്പറമ്പിൽ**

**ഡയറക്ടർ, ഫാമിലി അപ്പസ്തോലേറ്റ്**

**തിരുവല്ല അതിരൂപത**




മാധ്യമങ്ങൾ മനുഷ്യന് ആശയ വിനിമയത്തിനുള്ള ഉപാധിയാണ്. അവയിൽ പരമ്പരാഗതമായി ഉപയോഗിക്കപ്പെട്ടിട്ടുള്ള പത്രം, മാസികകൾ, പ്രസിദ്ധീകരണങ്ങൾ ഇവയെക്കാൾ ഇലക്ട്രോണിക് മാധ്യമങ്ങളാണ് ഇന്ന് വ്യക്തികളെയും കുടുംബങ്ങളെയും ശക്തമായി വശീകരിക്കുന്നത്. ഇവ വാർത്തകളും ചിത്രങ്ങളും മാത്രമല്ല, നമുക്ക് നൽകുന്നത്. കുടുംബത്തിലുള്ള വ്യക്തികളുടെ ചിന്തകളെ ആഴത്തിൽ സ്വാധീനിക്കാനും അവരുടെ ജീവിതശൈലിയെ ത്തന്നെ മാറ്റി മറിക്കാനും ഇവയ്ക്ക് കഴിയുന്നുണ്ട്. ഇന്ന് പല മാധ്യമങ്ങളും സ്നേഹത്തെ വികലമായിട്ടാണ് അവതരിപ്പിക്കുന്നത്. സ്നേഹമെന്നത് ലൈംഗികതയും കാമവുമാണെന്ന് പഠിപ്പിക്കുകയും, യഥാർത്ഥ സ്നേഹത്തിലുള്ള ത്യാഗം, സമർപ്പണം, വിശ്വസ്തത ഇവയെ മറക്കുകയും ചെയ്യുന്നു. ഇപ്രകാരം വിശ്വസിച്ച് കുടുംബത്തിലുള്ളവർ ജീവിതശൈലി രൂപപ്പെടുത്തിയാൽ കുടുംബബന്ധങ്ങൾക്ക് വിള്ളലുണ്ടാകും. കുട്ടികളുടെ ഇടയിൽ കുറ്റകൃത്യവാസനയും ആത്മഹത്യാ പ്രവണതയും നിരാശാബോധവും വർദ്ധിച്ചുവരുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ഇതിന്റെ കാരണമായി ചൂണ്ടിക്കാണിക്കുന്നത് ടെലിവിഷന്റെയും ഇലക്ട്രോണിക് മാധ്യമങ്ങളുടെയും അമിത ഉപയോഗമാണ്. എപ്പോഴും ടിവിയുടെ മുമ്പിലിരിക്കുന്ന കുട്ടികൾക്ക് മാതാപിതാക്കളോടും മറ്റുള്ളവരോടുമുള്ള ബന്ധം തീരെ കുറയുന്നു. നിരന്തരം മൊബൈൽ ഫോൺ ഉപയോഗിക്കുന്ന കുട്ടിക്ക് തന്റെ ചുറ്റുമുള്ളവരോട് സംസാരിക്കാനോ, ചുറ്റുമുള്ള പ്രകൃതിഭംഗി ആസ്വദിക്കാനോ, ദുഃഖങ്ങളും വേദനകളും മനസ്സിലാക്കാനോ സാധിക്കുന്നില്ല. ടെലിവിഷൻ കാർട്ടൂൺ ചാനലുകൾ നിർദ്ദോഷമാണെന്ന് കരുതി അവ കുഞ്ഞുങ്ങൾക്ക് നിരന്തരം തുറന്നു കൊടുക്കുന്ന മാതാപിതാക്കളുണ്ട്. കുഞ്ഞുങ്ങൾക്ക് സന്തോഷം ഉണ്ടാകും എന്നു കരുതി നൽകുന്നതാണെങ്കിലും അവർ കാർട്ടൂൺ കഥാപാത്രങ്ങളെ അന്ധമായി അനുകരിച്ച് സ്വപ്നലോകത്തിൽ വിഹരിക്കുന്നു. 'സ്പൈഡർമാനും ആംഗ്രി ബേർഡ്സും ഹീമാനും' ഒക്കെയായിത്തീരാൻ കളിമണ്ണുപോലെ രൂപാന്തരപ്പെടുന്ന കുഞ്ഞിന്റെ മനസ്സിൽ തീവ്രമായ ആഗ്രഹങ്ങളുണ്ടാകും.

ഏതാനും വർഷങ്ങൾക്കുമുമ്പ് മലേഷ്യയിൽ 4 കുഞ്ഞുങ്ങൾ ഒരുയർന്ന കെട്ടിടത്തിന്റെ അഗ്രത്തിൽ നിന്നുചാടി മരിച്ച സംഭവം 'സൂപ്പർമാൻ' എന്ന കഥാപാത്രത്തെ അനുകരിച്ചപ്പോഴുണ്ടായതാണ്. കാർട്ടൂൺ കഥാപാത്രങ്ങളോട് കൂട്ടുകൂടാൻ ജീവൻ ത്യജിച്ച കുഞ്ഞുങ്ങൾ അനേകരുണ്ട്. കുഞ്ഞുങ്ങളിൽ ചിലർക്ക് കർത്താവിന്റെ ശിഷ്യരുടെ പേരുകൾ നിശ്ചയമില്ലെങ്കിലും, കുടുംബപ്രാർത്ഥനകൾ നിശ്ചയമില്ലെങ്കിലും, കാർട്ടൂൺ ചാനലുകളിലെ മിക്ക കഥാപാത്രങ്ങളുടെയും പേരുകൾ കാണാപാഠമാണ്. ടെലിവിഷന്റെ മുമ്പിൽ കൂടുതൽ സമയം കഴിയുന്ന കുട്ടികളുടെ തൂക്കം വർദ്ധിക്കുന്നുവെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.



കൂടുതൽ കൊഴുപ്പ് പ്രദാനം ചെയ്യുന്ന ആഹാര പദാർത്ഥങ്ങൾ, ചില കുപ്പിപാനീയങ്ങൾ എന്നിവ, നീളൻ കാർട്ടൂൺ പ്രോഗ്രാമുകളിൽ ലയിച്ചിരുന്ന് അവനകത്താക്കുന്നു. ഏതാണ്ട് അഞ്ചു മണിക്കൂർ ടിവിയുടെ ലോകത്ത് തുടർച്ചയായി വിരാജിക്കുന്ന കുട്ടികൾക്ക് പരിസരബോധം പോലും നഷ്ടപ്പെടുന്നു. അവന്റെ മുമ്പിൽ അക്രമവും നശീകരണ പ്രവർത്തനങ്ങളും ഇടതടവില്ലാതെ അരങ്ങേറുമ്പോൾ ടിവിയുടെ ഫ്രെയിമിൽനിന്ന് കുഞ്ഞിന്റെ മനസ്സിന്റെ ഫ്രെയിമിലേക്ക് അത് വരച്ചിടപ്പെടുന്നു.

ടിവിയിലെ മിക്ക കാർട്ടൂൺ കഥാപാത്രങ്ങളും തോക്കുമായിട്ടാണ് സംസാരിക്കുന്നത്. ഇത് കാണുന്ന കുഞ്ഞ് കളിപ്പാട്ടമായി തോക്ക് വാങ്ങാൻ മാതാപിതാക്കളെ നിർബന്ധിക്കുന്നു. ഇന്ന് കണ്ണട വച്ച കുട്ടികളുടെ എണ്ണം ഏറുകയാണ്. അതി വേഗത്തിലുള്ള ആനിമേഷൻ രംഗങ്ങൾ തുടർച്ചയായി ടിവിയുടെ അടുത്തിരുന്ന് കാണുന്ന കുട്ടികളുടെ കണ്ണിന്റെ ഒപ്റ്റിക് നേർവുകളെ ഇത് സാരമായി ബാധിക്കുന്നു. ഈ ചിത്രങ്ങളുടെ വേഗത കുഞ്ഞിന്റെ കണ്ണുകളെ അസ്വസ്ഥപ്പെടുത്തി കാഴ്ചയ്ക്ക് വൈകല്യമുണ്ടാക്കുന്നു.

ഇന്റർനെറ്റിന്റെ ദുരുപയോഗം ഇന്ന് വർദ്ധിച്ചിരിക്കുന്നു. വിരൽതുമ്പിൽ വിജ്ഞാനമെങ്കിലും അശ്ലീലതയെ കോരിയെടുക്കുവാൻ ഇന്റർനെറ്റിലൂടെ കഴിയുമെന്ന് കുഞ്ഞുങ്ങൾ മനസ്സിലാക്കിയിരിക്കുന്നു. സാത്താൻ പൂജയുമായി ബന്ധപ്പെട്ട് ബ്ലാക് മാസ് പോലുള്ള ദുരാചാരങ്ങളും അക്രമസ്വഭാവമുള്ള രംഗങ്ങളും കുത്തഴിഞ്ഞ ലൈംഗിക ആഭാസങ്ങളും ഇതിൽ ലഭ്യമാണെന്ന് മാതാപിതാക്കൾ മറക്കരുത്. ടെലിവിഷന്റെ അതിപ്രസരം കുടുംബത്തിലെ ആദ്ധ്യാത്മിക ജീവിതത്തിന് വെല്ലുവിളിയായിട്ടുണ്ട്. പല ഭവനങ്ങളിലും കുടുംബ പ്രാർത്ഥനയുടെ സമയം ടിവി എന്ന മാധ്യമം അപഹരിച്ചു കഴിഞ്ഞു. കുടുംബ പ്രാർത്ഥനയുടെ സമയംപോലും നിശ്ചയിക്കുന്നത് ടിവിയാണ്.

നന്മയും തിന്മയും തിരിച്ചറിയാനുള്ള കഴിവ് മനുഷ്യർക്കുണ്ട്. ഇത് മനുഷ്യർക്ക് മാത്രം ദൈവം തന്ന ദാനമാണ്. ഇന്ന് മാധ്യമങ്ങൾ പകർന്നു തരുന്ന നന്മകളെ ഉൾക്കൊണ്ട് തിന്മകളെ തിരസ്കരിക്കാം. കുടുംബങ്ങളിൽ മാധ്യമങ്ങൾക്ക് അർഹമായ സ്ഥാനം വേണം. പക്ഷേ അവ കുടുംബത്തിലുള്ളവരെ വിഴുങ്ങാൻ അനുവദിക്കരുത്. കുട്ടികൾക്ക് അവർ കാണേണ്ട പ്രോഗ്രാമുകൾ മാതാപിതാക്കൾക്കൂടി ചർച്ച ചെയ്ത് തീരുമാനിക്കട്ടെ. മാധ്യമങ്ങൾ തരുന്ന കാഴ്ചയ്ക്കപ്പുറം വിശാലമായ പ്രകൃതിയിലേക്കും മനുഷ്യനിലേക്കും ആത്മീയതയിലേക്കും അടുത്ത തലമുറയെ വഴികാട്ടാം. അപ്പോൾ ഇ-ലോകവും മനോഹരമാകും.

# അമ്മ മനസ്സ്



**സി. സോണിയ ഒ.എസ്.എസ്.**
**സെക്രട്ടറി ഫാമിലി അപ്പോസ്തലേറ്റ്**

# പഴുത്ത പ്ലാവില വീഴുമ്പോൾ...

ഒരിക്കൽ കോളജിൽ പഠിക്കുന്ന ഒരു യുവതി കൂട്ടുകാരികളുമൊത്ത് സന്തോഷിച്ചു നടന്നുവരികയായിരുന്നു. റോഡുപണിയിൽ വ്യാപൃതരായിരുന്ന ഒരു കൂട്ടം പണിക്കാരിൽനിന്ന് പ്രായമായ അവളുടെ അമ്മ അവളെ പേരുചൊല്ലി വിളിച്ചു. അല്പം അവജ്ഞയോടുകൂടി വേഗം അവൾ അമ്മയ്ക്കരികിലേക്ക് പോയി. അമ്മ എന്തോ കാര്യം പറഞ്ഞ് അവളെ തിരിച്ചുവിട്ടു. തിരിച്ചെത്തിയപ്പോൾ കൂട്ടുകാരികൾ ആ സ്ത്രീ ആരാണെന്നാരാഞ്ഞു. "വീട്ടിൽ പണ്ട് ജോലിക്കു നിന്നിരുന്ന സ്ത്രീ" എന്നായിരുന്നു അവളുടെ മറുപടി. രാപകലില്ലാതെ വിയർപ്പൊഴുക്കി വളർത്തി വലുതാക്കുന്ന മാതാപിതാക്കളെ നൈമിഷികമായ അഭിമാനത്തിനും സ്ഥാനങ്ങൾക്കും മുമ്പിൽ നിഷേധിക്കുന്നവരാകുകയാണ് മക്കൾ.

ഒരു കാലത്ത് അവരുടെ കൈകളായിരുന്നു അവന്റെ പിഞ്ചുകരങ്ങൾക്ക് ശക്തിയായിരുന്നത്. അവരുടെ കാലുകളായിരുന്നു അവനായി ദൂരങ്ങൾ താണ്ടിയത്. അവരുടെ സ്നേഹവും കരുത്തുമായിരുന്നു അവനെ പരിപാലിച്ചത്. പക്ഷേ അവൻ എല്ലാം മറന്നുപോകുന്നു, അതല്ലെങ്കിൽ മറന്നതായി നടിക്കുന്നു.

തലയിൽ വച്ചാൽ പേനരിക്കും, താഴെ വച്ചാൽ ഉറുമ്പരിക്കും എന്നു കരുതി ലാളിച്ചു വളർത്തിയ പൊന്നോമന മകൾക്ക് ഉപയോഗയോഗ്യമല്ലാത്ത ക്ലാവ് പിടിച്ച പാത്രങ്ങൾ പോലെയായിരിക്കുന്നു ഇന്ന് മാതാപിതാക്കൾ. അവരിൽ നിന്ന് അവസാന തുണ്ടു ഭൂമിയും ഒപ്പിട്ടു വാങ്ങുമ്പോൾ എന്തു സ്നേഹമായിരുന്നു, എന്നാൽ പിന്നീട് വേലി തന്നെ വിളവു തിന്നുന്ന അനുഭവങ്ങൾ. വൃദ്ധമന്ദിരങ്ങളും അനാഥാലയങ്ങളും എന്തിന് ചില ഭവനങ്ങൾ സന്ദർശിക്കുമ്പോൾ പോലും പല വൃദ്ധമാതാപിതാക്കൾക്കും പറയാനുള്ളത് നെഞ്ചിന്റെ നെരിപ്പോടിൽ നീറിപ്പുകയുന്ന അവഗണനയുടെയും തകർച്ചയുടെയും സ്നേഹമില്ലായ്മയുടെയും കയ്പേറിയ അനുഭവങ്ങളാണ്.

പല മക്കളും പറയുക ഇപ്രകാരമാണ്. എന്താ തന്തയ്ക്കും തള്ളയ്ക്കും മനസ്സിലാകാത്തത് ഒരു വകതിരിവില്ലാത്ത പെരുമാറ്റം. ഇവരെക്കൊണ്ട് മടുത്തു....



അതെ വയസ്സാകുമ്പോൾ ചെറുപ്പക്കാരായ മക്കളുടെ യുക്തികൾ മനസ്സിലാക്കാൻ ബുദ്ധിമുട്ടനുഭവിക്കുന്നവരാണ് മാതാപിതാക്കൾ. ഗർഭപാത്രത്തിൽ വച്ച് കൊല്ലാതെ, സ്നേഹത്തിലൂടെ ജന്മം നൽകി, താലോലിച്ച് വളർത്തി, അദ്ധ്വാനിച്ച് വലുതാക്കിയ അവരെ മനസ്സിലാക്കാൻ ശ്രമിക്കുന്നതല്ലേ, വിദ്യാസമ്പന്നരായ മക്കളുടെ മികവ്? ഇങ്ങനെയുള്ള മക്കളെക്കുറിച്ച് സുഭാഷിതങ്ങൾ 10:1-ൽ പറയുന്നുണ്ട്, "ജ്ഞാനിയായ മകൻ പിതാവിന് ആനന്ദമണയ്ക്കുന്നു, ഭോഷനായ മകനാകട്ടെ മാതാവിന് ദുഃഖവും." മാതാപിതാക്കളെ അധികപറ്റായി കരുതുന്ന മക്കൾ ഓർമ്മിക്കേണ്ട ഒരു വചനമുണ്ട്. യുവത്വവും ജീവിത പ്രഭാവത്വവും മിഥ്യയാണ്." (സഭാ പ്രസംഗകൻ 11:10). വളർത്തി വലുതാക്കിയതിന് കൂലിയെന്നവണ്ണം മാതാപിതാക്കളെ വൃദ്ധമന്ദിരങ്ങളിലേക്കയയ്ക്കുവാൻ മക്കൾ ഇന്ന് ജീവിച്ചിരിക്കുന്നുവെങ്കിൽ അത് മാതാപിതാക്കളുടെ കൃപകൊണ്ടു മാത്രമാണ്. അവരുടെ വിയർപ്പിന്റെ ഉപ്പാണ് മക്കളുടെ വിദ്യയുടെ അഴക്. അവരുടെ സഹനങ്ങളുടെ പ്രതിഫലമാണ് മക്കളുടെ നല്ല ജീവിതം.

ഇന്ന് നമ്മുടെ പ്രിയപ്പെട്ട വയസ്സായ മാതാപിതാക്കൾക്ക് വേണ്ടത് വൃദ്ധസദനങ്ങളിലേക്കും ചിലപ്പോൾ വൃദ്ധസദനങ്ങളേക്കാൾ ഏകാന്തത തളം കെട്ടിനിൽക്കുന്ന കുടുംബങ്ങളിലേക്കും അയയ്ക്കുന്ന പണമോ പലഹാരങ്ങളോ സമ്മാനപ്പൊതികളോ അല്ല. അവയെക്കാളുപരിയായി പ്രിയമക്കളുടെ സ്നേഹവും പരിചരണവും ആശ്വാസവാക്കുകളും സ്നേഹസാമീപ്യവും അമ്മേ... അപ്പച്ചാ... എന്ന നീട്ടിയ വിളികളുമാണ്. അതോടൊപ്പം ഭവനങ്ങളിലുള്ള മാതാപിതാക്കളോട് മക്കളും കൊച്ചുമക്കളും എന്നും സംസാരിക്കണം. അതല്ലെങ്കിൽ അവർ ഒറ്റപ്പെട്ടവരായി മാറും.

അതുകൊണ്ട് മാതാപിതാക്കളെ വെറുക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്ന മക്കൾ ഒന്നു മറക്കരുത്. യുവത്വത്തിന്റെ തൊലി മിനുസം ചുക്കിച്ചുളിയുന്ന കാലം വരും. യാഥാർത്ഥ്യങ്ങളിൽനിന്ന് ഒളിച്ചോടുവാൻ ഒരിക്കലും കഴിയുകയില്ല. അതിനാൽ അർത്ഥസമ്പുഷ്ടമായ പഴഞ്ചൊല്ല് എപ്പോഴും മനസ്സിൽ സൂക്ഷിക്കാം, "പഴുത്ത പ്ലാവില വീഴുമ്പോൾ പച്ചപ്ലാവില ചിരിക്കരുത്."



# ഞാവൽ മരം

**സിജി മാത്യു,**
ബോധന തിരുവല്ല
പരിസ്ഥിതി പ്രവർത്തകൻ

ആധുനിക ഔഷധങ്ങളിൽ പലതും സസ്യജാല ങ്ങളിൽ നിന്നും ഉണ്ടാകുന്നവയാണ്. ആയുർവേദ ഔഷധങ്ങൾക്കും ചികിത്സയ്ക്കും കൂടുതൽ പ്രാധാന്യം ലഭിച്ച ഈ കാലഘട്ടത്തിൽ ആരോഗ്യ കരമായ ഒരു നാളെയ്ക്കു വേണ്ടി നമ്മുടെ ഭവന ങ്ങൾ ഔഷധസസ്യങ്ങ ളുടെ കലവറയാക്കി മാറ്റു വാൻ നമ്മൾ ശ്രമിക്കണം. കഴിഞ്ഞ ലക്കങ്ങളിൽ നിര വധി ഔഷധസസ്യങ്ങളെ നമ്മൾ പരിചയപ്പെട്ടു. നമ്മുടെ ചുറ്റുപാടുകളിൽ ആർത്തുവളരുന്ന ഓരോ പുൽച്ചെടിയും ഔഷധഗു ണങ്ങൾ ഉള്ളതാണെന്ന തിരിച്ചറിവ് നമ്മൾ കൈവ രിക്കേണ്ടതുമാണ്. ഇന്ന് നമ്മൾ പരിചയപ്പെടുന്നത് ഞാവലിനെക്കുറിച്ചാണ്. ഞാവൽ മരം നമ്മളിൽ ചിലരുടെയെങ്കിലും വീടുക ളിൽ ഉള്ളതാണ്. എല്ലാ ക്കാലത്തും കാണപ്പെ ടാത്ത ഒരു പഴമാണ് ഞാവൽപ്പഴം. കൊച്ചുകുട്ടി കൾക്കുപോലും ഞാവൽ പ്പഴം ഇഷ്ടമുള്ള ഒന്നാണ്. കടുംനീല നിറത്തിലുള്ള ഞാവൽപ്പഴം സുഗന്ധമുള്ളതും വളരെ സ്വാദുള്ളതു മാണ്. മീനം, മേടം മാസങ്ങളിലാണ് ഞാവൽമരം പൂക്കുന്നത്. ഞാവൽമരത്തിന്റെ ഇലയും തൊലിയും ഞാവൽപ്പഴത്തിന്റെ കുരുവും എല്ലാം ഔഷധത്തിന് ഉപയോഗിക്കുന്നു. ഞാവൽപ്പഴത്തിന് 'ഞാറയ്ക്കാ' എന്നും ചിലയിടങ്ങളിൽ വിളിക്കാറുണ്ട്. ഞാവൽപ്പഴം കഴിക്കുന്നതുകൊണ്ട് വയറിന് നല്ല സുഖം കിട്ടും. മൂത്രം ധാരാളം പോകുന്നതിനും പ്രമേഹത്തെ പ്രതി രോധിക്കുന്നതിനും ഞാവൽപ്പഴത്തിന്റെ കുരുവിൽ അടങ്ങിയിരിക്കുന്ന രാസഘടകങ്ങൾക്ക് സാധിക്കു മെന്ന് ആധുനിക വൈദ്യശാസ്ത്രങ്ങൾ പരീക്ഷണ ത്തിലൂടെ കണ്ടെത്തിയിരിക്കുന്നു. ഞാവൽപ്പഴത്തിൽ ധാരാളം ഇരുമ്പുസത്ത് അടങ്ങിയിരിക്കുന്നതു കൊണ്ട് വിളർച്ചയുള്ള രോഗികൾ ഞാവൽപ്പഴം സേവിക്കുന്നത് ഫലപ്രദമാണ്. ഞാവൽപ്പഴം അധികം കഴിച്ചുണ്ടാകുന്ന ദഹനക്കേടിന് കല്ലുപ്പ് കഴി ക്കുന്നതും വളരെ ഫലപ്രദമാണ്. ഞാവൽക്കുരു ഉണക്കിപ്പൊടിച്ച് പ്രമേഹമുള്ളവർ കാലത്ത് ചൂടുവെ ള്ളത്തിൽ ചേർത്ത് കഴിക്കുന്നത് രക്തത്തിലെ വർദ്ധിച്ച പഞ്ചസാരയുടെ അളവിന്റെ തോത് കുറ യ്ക്കുവാൻ സാധിക്കും. നാവിന്മേലുണ്ടാകുന്ന പുണ്ണിന് ഞാവൽപ്പഴവും ഞാവൽമരത്തിന്റെ തൊലിയും കൊടിത്തൂവ വേരും സമം എടുത്ത് കഷായം ഉണ്ടാക്കി കവിൾകൊള്ളുന്നത് രോഗശമ നത്തിന് നല്ലതാണ്. ഇത്രയേറെ ഔഷധമൂല്യമുള്ള ഈ മരം നമ്മുടെ പറമ്പിലും വളർത്താൻ ശ്രമിക്കു ക. ആധുനിക കാലം ആയുർവേദത്തിന്റെ ചരി ത്രത്തെ ഉയർത്തട്ടെ.



●

# വൈദിക വാർഷിക ധ്യാനം

തിരുവല്ല അതിഭദ്രാസനത്തിലെ വൈദികരുടെ വാർഷിക ധ്യാനം 2014 ഒക്ടോബർ 6,7,8,9,10 തീയതികളിലായി പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റൂറ്റിൽ വച്ച് നടത്തപ്പെട്ടു. വാർഷിക ധ്യാനത്തിന് നേതൃത്വം നല്കിയത് ബഹു. ജോമോൻ കൊച്ചുകണിയാംതറ MCBC അച്ചനായിരുന്നു. അതിഭദ്രാസന അദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് പിതാവും സഹായമെത്രാൻ അഭി. സ്തേഫാനോസ് പിതാവും വൈദികരോടൊപ്പം ധ്യാനത്തിൽ പങ്കുചേർന്നു. 8–ാം തീയതി സന്ധ്യാപ്രാർത്ഥനയ്ക്കായ് വി. അൽഫോൻസാമ്മയുടെ കബറിങ്കൽ എല്ലാവരും ഒത്തുകൂടി. 9–ാം തീയതി വൈകിട്ട് പാലാ രൂപതയുടെ അദ്ധ്യക്ഷൻ അഭി. മാർ മാത്യു കല്ലറങ്ങാട്ട് പിതാവ് വൈദികരെ സന്ദർശിച്ചു.10–ാം തീയതി 1 മണിയോടെ ധ്യാനം സമാപിച്ചു.

# എം. സി. എ തെരഞ്ഞെടുപ്പ്

മലങ്കര കാത്തലിക് അസോസിയേഷന്റെ വിവിധ തലങ്ങളിലുള്ള ഭാരവാഹികളുടെയും കമ്മറ്റികളുടെയും കാലാവധി 2014 ഡിസംബർ 31 തീയതി അവസാനിക്കുകയാണ്. എം. സി. എ സഭാതലസമിതിയുടെ നിർദ്ദേശപ്രകാരം 2015–2016 വർഷങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് താഴെപറയുന്ന ക്രമീകരണങ്ങൾക്കു വിധേയമായി ഭരണഘടനാനുസൃതം നടത്തുവാൻ ബഹു. വൈദികരും നിലവിലുള്ള ഭാരവാഹികളും നടപടി സ്വീകരിക്കണം.

യൂണിറ്റ് തെരഞ്ഞെടുപ്പ് :– 2014 നവംബർ 15 മുതൽ 30 വരെയുള്ള കാലയളവ്.

മേഖലാ തെരഞ്ഞെടുപ്പ്:– 2014 ഡിസംബർ 1 മുതൽ 15 വരെയുള്ള കാലയളവ്.

അതിരൂപതാ തെരഞ്ഞെടുപ്പ് :– 2015 ജനുവരി 10

സഭാതല തെരഞ്ഞെടുപ്പ് :– 2015 ജനുവരി 26

# ICSE Top Scorer



2014 ലെ ICSE 10–ാം ക്ലാസ് പരീക്ഷയിൽ കേരളത്തിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് നേടിയ റിറ്റി സൂസൻ ഷിബു. തോട്ടഭാഗം സെന്റ് മേരീസ് ഇടവകയിൽ മേളാകയിൽ ഷിബു എം ഏബ്രാഹാമിന്റെയും ലീന ഫിലിപ്പിന്റെയും മകളാണ്.

## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കോട്ടൂർ**

## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മറിയാമ്മ ചെറിയാൻ, നീലംപിലാവിൽ, ഇരവിപേരൂർ**

## ഉപകാര സ്മരണ



**മത്തായി ചെറിയാൻ**

**ഇടത്തറ**

## ഉപകാര സ്മരണ



**ഒരു വിശ്വാസി**

## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കുരിശുമുട്ടം**

അതിഭാവുകത്വവും തീവ്രവൈകാരികതയും നിറഞ്ഞ സമകാലീന ലോകജീവിതത്തിലെ നവജാതശിശുവാണ് ഓൺലൈൻ മീഡിയ. പരമ്പരാഗത മീഡിയയുടെ ഭാഗമായ പത്രം, മാസിക, എഴുത്ത്, റേഡിയോ, ടെലിവിഷൻ, തുടങ്ങിയവയിൽനിന്നും ഇന്റർനെറ്റിന്റെ അപാരസാദ്ധ്യതകളിലേക്കുള്ള ചുവടുമാറ്റം കാലത്തിന്റെ അനിവാര്യതയാണ്. ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവാനും ക്രിസ്തുവിന് സാക്ഷ്യം നൽകുവാനും ഓരോ ക്രിസ്ത്യാനിയും പരിശ്രമിക്കുമ്പോൾ ഓൺലൈൻ സംവിധാനങ്ങൾ പ്രദാനം ചെയ്യുന്ന മൾട്ടിപ്പിൾ സാദ്ധ്യതകൾ

# ഓൺലൈൻ മരുപ്പച്ചകൾ അഥവാ ക്ഷുഭിത യൗവനങ്ങളുടെ തടവറ






**ഫാ. ഷീൻ തങ്കാലയം**

ഇൻഡ്യാ വിഷൻ
മുൻ റിപ്പോർട്ടർ


വിസ്മരിക്കാനാകില്ല. സഭയും സംസ്കാരങ്ങളും പരസ്പരം കെട്ടുപിണഞ്ഞു കിടക്കുന്നിടത്ത് സമൂഹത്തിലെ മാറ്റങ്ങളുടെ മാറ്റ് തിരിച്ചറിഞ്ഞ് ഉൾക്കൊള്ളേണ്ടത് സഭയുടെ ധർമ്മമാണ്.

സാർവ്വത്രിക സഭയോട് ചേർന്നുനിന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭ നടത്തുന്ന സുവിശേഷ പ്രവർത്തനങ്ങൾ ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടവയാണ്. ശക്തമായ സഭാനേതൃത്വത്തിന്റെ കീഴിൽ തീക്ഷ്ണതയോടെ മുന്നേറുന്ന നമുക്ക് ആധുനിക യുഗത്തിൽ കൂടുതൽ നൈപുണ്യവും ആർജ്ജവത്വവും വേണം. ഇരുമിഴികളും പൂട്ടി ഉറങ്ങുമ്പോഴും മൂന്നാം കണ്ണായി സ്മാർട്ട്ഫോണോ ടാബ്ലെറ്റോ നമുക്കുവേണ്ടി ഉണർന്നിരിക്കും. അഥവാ നാം എപ്പോഴും ഓൺലൈനായിരിക്കും. യുവത്വത്തിന്റെയും ചടുലതയുടെയും ഈ ഡിജിറ്റൽ ലോകത്ത് ഗൗരവമേറിയ വിഷയങ്ങളുടെ നിസ്സാരവത്കരണവും വിവാദവിഷയങ്ങളോടുള്ള അമിതാവേശവും വർദ്ധിക്കുന്നു. അവാസ്തവമായ 'ചരിത്രനിർമ്മാണം', ഭ്രൂണഹത്യയും സ്വവർഗവിവാഹവും പോലുള്ള വിഷയങ്ങൾ, സാത്താൻസേവ, മദ്യം-ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗം, വസ്ത്രധാ

രണം-ഫാഷൻ മേഖലകളിലെ ലൈംഗികാതിപ്രക സരം തുടങ്ങിയ എല്ലാ പുതിയ വെല്ലുവിളികളിലും ഓൺലൈൻ സ്വാധീനം വ്യക്തമാണ്. ക്ഷുഭിതയൗവനങ്ങളുടെ അപക്വമായ 'ഇടപെടലുകൾ' വിഷയങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. ഈവിധ വിഷയങ്ങളിലേക്കുള്ള ഒരു തിരനോട്ടമാണ് ഈ ചിന്തകൾ.

ഫാമിലി റീചാർജ്, ഫാമിലി പാക്ക്, ഫാമിലി ചാറ്റ് തുടങ്ങിയവയെല്ലാം നമുക്കിന്ന് പരിചിതമാണ്. എന്തിനും ഏതിനും ഇന്റർനെറ്റിനെ ആശ്രയിക്കുമ്പോൾ പരസ്പര ആശ്രയവും സഹകരണവും നാമമാത്രമേ വേണ്ടിവരുന്നുള്ളൂ. മനുഷ്യബന്ധവും ഗന്ധവും നഷ്ടപ്പെടുന്ന ഒരു പുതിയ ലോകം സൃഷ്ടിക്കപ്പെടുന്നു. നമ്മുടെ തീൻമേശകൾ ഭക്ഷണം കഴിക്കാൻവേണ്ടി മാത്രമുള്ള ഇടങ്ങളായിരുന്നില്ല; കുടുംബ ചർച്ചകളുടെ വേദികൾ കൂടെയായിരുന്നു. പിന്നീട് ടെലിവിഷൻ പരിപാടികൾക്കിടയിലെ ഒരു 'ഐറ്റം' മാത്രമായി ഭക്ഷണം മാറി. ഇപ്പോൾ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്ന കുടുംബങ്ങൾ തന്നെ ഇല്ലാതായിരിക്കുന്നു. ഇന്റർനെറ്റിൽ ഉണ്ടും ഉറങ്ങിയും കഴിയുന്ന ഒരു തലമുറ പുതിയ സംസ്കാരവും ശൈലികളും രൂപപ്പെടുത്തുന്നു.

ഫ്ളാറ്റ് സംസ്കാരത്തിൽ ഫ്ളാറ്റ് ആയിപ്പോകുന്ന ഇന്നത്തെ തലമുറ കൂട്ടുകുടുംബത്തിന്റെ സ്വാദ് നുണഞ്ഞിട്ടുള്ളവരല്ല. കൊണ്ടും കൊടുത്തും വശത്താക്കുന്ന പക്വതയുടെ പാഠങ്ങൾക്കുപകരം ഏകാന്തതയുടെ തുരുത്തുകളിൽ വിരിച്ചിരിക്കുന്ന 'ഇലക്ട്രോണിക് വല'കളിൽ സ്വയം ഇരയാകുന്നു. പെറ്റമ്മയുടെ സ്നേഹത്തിൽ ചാലിച്ച 'ഓമനത്തിങ്കൾക്കിടാവോ' പോലുള്ള സെന്റി പാട്ടിനേക്കാൾ പോപ്പ്-റോക്ക് സംഗീതങ്ങളാകും ഈ തലമുറ ഇഷ്ടപ്പെടുന്നത്. പങ്കുവയ്പിന്റെ അർത്ഥം 'ഓൺലൈൻ ഷെയർ' എന്ന് മനസ്സിലാക്കാനാണ് സാദ്ധ്യത. മുമ്പ് കുടുംബ പ്രശ്നങ്ങളുടെ പരിഹാരം നിശ്ചയിച്ചിരുന്നത് കാരണവന്മാരായിരുന്നെങ്കിൽ ഇപ്പോൾ ആ സ്ഥാനത്ത് ധാരാളം ഓൺലൈൻ ഗുരുക്കന്മാരുണ്ട്. വികലവും അപൂർണ്ണവും യാന്ത്രികവുമായ ഇത്തരം ബന്ധങ്ങളാണ് നമ്മുടെ കുടുംബങ്ങളെ ശിഥിലപ്പെടുത്തുന്നത്. അവസാന ശ്വാസംവരെ കുടുംബത്തിനുവേണ്ടി ചോരയും നീരുമൊഴുക്കുന്ന കുടുംബാംഗം ഇന്ന് കെട്ടുകഥയിലെ കേവലം ഒരു കഥാപാത്രം മാത്രമാകുന്നു. നമുക്ക് ഒരു മടക്കം കൂടിയേതീരൂ, മണ്ണിലുറച്ച് മണ്ണിലേക്കും, വിണ്ണിനെ ചിന്തിച്ച് വിണ്ണിലേക്കും.

വിവര സാങ്കേതിക വിദ്യയിലും വിജ്ഞാനമണ്ഡലത്തിലും ഇന്റർനെറ്റ് നൽകുന്ന സംഭാവനകൾ നിസ്തുലമാണ്. എന്നാൽ, ചിരിയില്ലാതെ ചിരിക്കാനും, കണ്ണീരില്ലാതെ കരയാനും, സ്നേഹമില്ലാതെ പ്രേമിക്കാനും, യുക്തിയില്ലാതെ അടുക്കാനും കഴിയുന്ന ഇന്റർനെറ്റിന്റെ മായികലോകത്തിൽ ഭ്രമിച്ചുപോകുന്ന ബാല്യ-കൗമാരങ്ങളെക്കുറിച്ച് വിലപിക്കാനല്ലേ നമുക്ക് കഴിയൂ. വഴി തെറ്റിയ 'ട്രെൻഡു'കളെ അപഥസഞ്ചാരങ്ങളായി അംഗീകരിക്കാനോ തള്ളിക്കളയാനോ ഈ തലമുറ തയ്യാറാകുന്നില്ല. അനുകരണീയ മാതൃകയുടെ മാനദണ്ഡം 'പോപ്പുലാരിറ്റി'യാണെന്ന വിശ്വാസത്തിൽ കാട്ടിക്കൂട്ടുന്ന വിക്രയകൾ പലപ്പോഴും സഭ്യതയുടെയും സാംസ്കാരിക അച്ചടക്കത്തിന്റെയും അതിർവരമ്പുകൾ ലംഘിക്കുന്നു. ഒരു കൈകൊണ്ട് ചാരിറ്റി കൊടുക്കുമ്പോൾ മറുകൈകൊണ്ട് 'സെൽഫി' എടുക്കുന്ന 'Yo-Yo Youth' ചിന്തിക്കുന്നത് കിട്ടാനിരിക്കുന്ന ലൈക്കുകളെയും കമന്റുകളെയും കുറിച്ച് മാത്രമാണ്.

നാം സാധാരണ കേൾക്കുകയും നമുക്ക് പരിചിതവുമായ Car Racing, Angry Birds, Bubbles, Sports & Games തുടങ്ങിയ ഗയിമുകളല്ലാതെ പലതരം ഓൺലൈൻ 'കളികളും' Online, Android, Windows പ്ലാറ്റ്ഫോമുകളിൽ ലഭ്യമാണ്. Porn Site കളെപ്പോലും വെല്ലുന്ന തരത്തിലുള്ള Sexual Games, അക്രമവാസന വളർത്തുന്ന Criminal Games, ക്രൂരമായ War Games, ലഹരിവസ്തുക്കളെ മഹത്വീകരിക്കുന്നവ, സഭ്യേതരമല്ലാത്ത ട്രെന്റുകളെ പ്രോത്സാഹിപ്പിക്കുന്ന Fashion Games തുടങ്ങിയവ യുവാക്കൾക്കിടയിൽ പോപ്പു



ലർ ആയ ഗയിമുകളിൽ ചിലതുമാത്രമാണ്. ഓൺലൈൻ ഗയിമുകൾ ബുദ്ധിശക്തി വർദ്ധിപ്പിക്കുമെന്ന വാദം ശരിതന്നെ. എങ്കിലും മാതാപിതാക്കളുടെ വിവേകപൂർണമായ ഒരു 'നോട്ടം' നല്ലതാണ്.

ഓർക്കുട്ട് എന്ന പുതിയ ഓൺലൈൻ സംരംഭം ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ലോകത്താകമാനം ചർച്ചാവിഷയമായിരുന്നു. നൈമിഷികാനന്ദത്തിന്റെയും അംഗീകാരത്തിന്റെയും അജ്ഞാത സുഹൃത്തുക്കളുടെയും ഈ 'വലയം' പെട്ടെന്ന് ക്ലിക്കായി. ബ്രസീലിയൻ ഹാക്കർമാരുടെ വൈറസ് ആക്രമണത്തിൽ കർന്നുവീണ ഓൺലൈൻ ബന്ധങ്ങൾ ഫെയ്സ്ബുക്കിലൂടെ പുനർജനിച്ചു. 2004 ഫെബ്രുവരിയിൽ തുടക്കം കുറിച്ച ഫെയ്സ്ബുക്കിന്റെ ജനസംഖ്യ ഭാരതത്തിന്റെ പൗരന്മാരുടെ എണ്ണത്തിനൊപ്പം വരും. ശരാശരി 90 കോടി സന്ദർശകരും 70 ഭാഷകളിലുള്ള സന്ദേശങ്ങളും WhatsApp പോലുള്ള അനുബന്ധ ആപ്ലിക്കേഷനുകളും കനത്ത ആസ്തിയുമായി ഫെയ്സ്ബുക്കു തന്നെയാണ്

സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളിൽ മുന്നിൽ നിൽക്കുന്നത്. കുഞ്ഞൻ ബ്ലോഗായ Twitter (31 കോടി), LinkedIn (25.5 കോടി), Printerest (25 കോടി), Google Plus (12 കോടി), Tumblr, Instagram, Vk, Flickr, Vine, Meetup, Tagged, ask.fm, MeetMe, Classmates, Hi5 തുടങ്ങി നിരവധി social networking sites ഇന്നത്തെ തലമുറയ്ക്ക് പരിചിതമാണ്. മുല്ലപ്പൂവിപ്ലവവും വാൾസ്ട്രീറ്റ് പ്രക്ഷോഭവവും മറ്റ് നിരവധി സമര-വിപ്ലവങ്ങളും വളർന്നത് ഇവയുടെ 'ചുവരുകൾ'ക്കുള്ളിലാണ്.

ഫെയ്സ്ബുക്കിന്റെ wall ൽ പോസ്റ്റ് ചെയ്യപ്പെടുന്ന ഈശോയുടെയും മറിയത്തിന്റെയും വിശുദ്ധന്മാരുടെയും ചിത്രങ്ങൾക്കും കുറെ ബൈബിൾ വാക്യങ്ങൾക്കുമപ്പുറം ജീവിതം സന്ദേശവും സുവിശേഷവും ആയി മാറ്റണം. യുവജന മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസി പറയുന്നത് ശ്രദ്ധിക്കുക: Preach the Gospel at all times; use words if necessary". പ്രവൃത്തികൾ ഉൾച്ചേരാത്ത നിരർത്ഥക വാക്കുകൾ (post, like and comment) നമ്മിൽ നിന്നും വരാതിരിക്കട്ടെ. ഇന്റർനെറ്റിലും സ്മാർട്ട്ഫോണിലുമിരുന്ന് സമയം പാഴാക്കുന്നതിനുപകരം ക്രിയാത്മക പ്രവർത്തനങ്ങളിലേക്ക് തിരിയാനാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ യുവജനങ്ങളോട് ആവശ്യപ്പെടുന്നത്.

ഇന്റർനെറ്റിൽ 'ഒരു ക്രിസ്ത്യൻ സ്റ്റൈൽ' സ്ഥാപിക്കാനുള്ള മഹത്തായ ഒരു മാധ്യമമായി സോഷ്യൽ മീഡിയയെ കാണുകയും ഓൺലൈനിൽ ക്രിസ്തീയ സാന്നിദ്ധ്യത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കത്തോലിക്കാ സഭ ഇന്ന് online ൽ സജീവമാണ്. Twitter, Vatican YouTube Channel, Vatican Sites, വത്തിക്കാന്റെ facebook application ആയ Pope2You തുടങ്ങിയവ സഭയുടെ പുതിയ മുഖങ്ങളാണ്. 2011-ൽ ബനഡിക്ട് XVI-ാമൻ പാപ്പ തുടങ്ങിവച്ച Twitter-ൽ (@Pontifex) സജീവമായ Tweet ചെയ്തുകൊണ്ട് അനുകരണീയ മാതൃകയാണ് 77 കാരനായ മാർപ്പാപ്പ നമുക്ക് നൽകുന്നത്.

ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടി മാധ്യമലോകത്തിൽ പ്രകടമായ നവീനചിന്തകൾ രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ വിചിന്തന വിഷയങ്ങളെ സ്വാധീനിക്കുകയും പരിവർത്തനപരമായ തീരുമാനങ്ങളിലേക്ക് നയിക്കുകയും ചെയ്തു. 'സഭ ആധുനിക യുഗത്തിൽ' എന്ന പാസ്റ്ററൽ കോൺസ്റ്റിറ്റ്യൂഷൻ 'ആധുനിക യുഗത്തിൽ സഭയുടെ ധർമ്മ'ത്തെക്കുറിച്ച് വ്യക്തമായി പഠിപ്പിക്കുന്നു. ചെറുതെങ്കിലും സുപ്രധാനമായ ചിന്തകൾ നൽകുന്ന 'സാമൂഹ്യമാധ്യമങ്ങൾ' എന്ന ഡിക്രി പറയുന്നത് സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ ഉപയോഗിക്കേണ്ടത് സഭയുടെ കടമയാകുന്നു എന്നാണ്. അജപാലനവൃത്തിയെ സഹായിക്കുന്ന പ്രസിദ്ധീകരണങ്ങൾ, സിനിമ, നാടകം, റേഡിയോ തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം അതിനായി വൈദികരെയും സന്യസ്തരെയും അല്മായരെയും ഒരുക്കുകയും വേണം.

2002-ലെ 'Ethics in Internet', 'The Church and the Internet' എന്നിവ ഇന്റർനെറ്റിനെക്കുറിച്ചുള്ള സഭയുടെ ഗൗരവമേറിയ പഠനങ്ങളാണ്. ലോകമാധ്യമദിന സന്ദേശത്തിൽ ഓരോ വർഷവും സഭ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ നാം കൂടുതൽ ആഴത്തിൽ പഠിക്കണം. മാധ്യമവളർച്ചയ്ക്കൊപ്പം യുവജനങ്ങളോടുള്ള ശ്രദ്ധ ആവശ്യമായി വന്നപ്പോഴാണ് 1970-ൽ 'Social Communications and Youth' എന്ന സന്ദേശം വരുന്നത്. 1990-ൽ കമ്പ്യൂട്ടർ, 1994-ൽ ടെലിവിഷൻ, 1995-ൽ സിനിമ, 1999-ൽ മാസ്മീഡിയ, 2002-ൽ ഇന്റർനെറ്റ്, 2009-ൽ ന്യൂ ടെക്നോളജീസ്, 2010-ൽ നവമാധ്യമലോകത്ത് വൈദികരും അജപാലന ദൗത്യവും, 2013-ൽ സോഷ്യൽ നെറ്റ് വർക്സ് തുടങ്ങിയ സന്ദേശങ്ങളിലൂടെ സഭ ലോക മാറ്റങ്ങൾക്കൊപ്പം ചിന്തിക്കുകയും സൂക്ഷ്മതയോടും ഗൗരവത്തോടുംകൂടെ വിഷയങ്ങളെ കൈകാര്യം ചെയ്യുന്നുണ്ടെന്നും തെളിയിച്ചു.

അച്ചടി മാധ്യമങ്ങൾ, റേഡിയോ, ടെലിവിഷൻ, കേബിൾ ചാനലുകൾ, ഔദ്യോഗിക വെബ് സൈറ്റുകൾ, സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകൾ, ഓൺലൈൻ പോർട്ടലുകൾ, ഓൺലൈൻ റേഡിയോ, ടിിറ്റർ, ബ്ലോഗുകൾ, ചാറ്റ് ആപ്ലിക്കേഷനുകൾ, ബൈബിളിന്റെയും ജപമാല-നൊവേന പ്രാർത്ഥനകളുടെയും മൊബൈൽ ആപ്ലിക്കേഷനുകൾ തുടങ്ങിയ, പരമ്പരാഗതവും നവീനവുമായ മാധ്യമങ്ങളിലൂടെ സഭ സുവിശേഷ പ്രവർത്തനങ്ങൾ തുടരുന്നു. കത്തോലിക്കരുടെ ഓൺലൈൻ സാന്നിദ്ധ്യം ശ്രദ്ധേയമാണ്. എന്നാൽ 'ഡിജിറ്റൽ ഭൂഖണ്ഡത്തിൽ ഓൺലൈൻ ചർച്ച്' കെട്ടിപ്പൊക്കി ദൈവമില്ലാത്ത ദൈവാലയത്തിൽ 'ബൗദ്ധിക ആരാധന' നടത്തുന്നവരായി നാം അധഃപതിക്കരുത്. അങ്ങനെയായാൽ വ്യക്തി-വ്യക്തി ബന്ധങ്ങൾ അന്യമായ virtual world ലെ റോബോട്ടുകളായി നാം പരിമിതപ്പെട്ടേക്കാം. സഭാ നേതൃത്വത്തിന്റെയും ദൈവ-മനുഷ്യബന്ധത്തിന്റെ മദ്ധ്യസ്ഥരായ വൈദികരുടെയും സർവ്വോപരി ദൈവാനുഗ്രഹത്തിന്റെയും നടുത്തളങ്ങളിൽ നാം തഴച്ചുവളരണം. ഇന്റർനെറ്റിന്റെ നൈമിഷിക മരുപ്പച്ചയിൽ കുടുങ്ങിപ്പോകാതെ, ശുദ്ധവായു ഉള്ളിലേക്ക് കയറാൻ തുറവിയുടെ ജാലകങ്ങളെ ഒരിക്കൽക്കൂടി നമുക്ക് തുറന്നിടാം. അമലാപോൾ എന്ന ചലച്ചിത്ര നടി ഹൈന്ദവനായ ചെറുപ്പക്കാരനെ കത്തോലിക്കാ പള്ളിയിൽ വച്ച് കല്യാണം കഴിച്ചെന്നും പണക്കാർക്കും പ്രശസ്തർക്കും വേണ്ടി സഭ ഏതുനിയമവും മാറ്റിയെഴുതുമെന്നുമൊക്കെ ചിത്രങ്ങൾ സഹിതം വന്ന മാധ്യമ വാർത്തകളുടെ പ്രധാന പ്രചാരകർ സോഷ്യൽ നെറ്റ്‌വർക്കുകളായിരുന്നു. വിവാഹ വസ്ത്രമണിഞ്ഞ് വരനോടൊപ്പം ദൈവാലയത്തിൽ പ്രാർത്ഥിക്കാൻ പോയ നടിയും കുടുംബവും സഭയും പട്ടക്കാരും തെറ്റുചെയ്യാതെ digital കേട്ടു. വാസ്തവം തിരയാതെ തെറിപറയുന്ന ഒൺലൈൻ കോടതികൾ ദിനംപ്രതി വർദ്ധിച്ചുവരുന്നു. ഓരോ പോസ്റ്റിലും ലൈക്കിലും കമന്റിലും നിങ്ങൾ സുരക്ഷിരമാകണമെങ്കിൽ high speed internet മാത്രം പോരാ; ഉള്ളിൽ അണയാതെ


കത്തുന്ന വിശ്വാസത്തിന്റെ തിരിനാളവും സാന്മാർഗ്ഗിക ചിന്തകളും വേണം. വിവേകവും വിവേചനവും കൂടി അതിനൊപ്പം ചേർന്നാൽ വ്യക്തിത്വത്തിന്റെ തുടർച്ചയായി നമ്മുടെ Online activities മാറും.

യുവതലമുറയുടെ നന്മകൾ കാണാതെ അവരെ അടച്ചാക്ഷേപിച്ചുകൊണ്ട് 'ഒഫ്ലൈൻ' ആകുന്ന കുറെ വികാര ജീവികളും സദാചാരപോലീസുമാരും നമുക്കിടയിലുണ്ട്.ഇപ്പോഴുള്ളതെല്ലാം തെറ്റ്, ഈ പിള്ളേർ ചെയ്താൽ ശരിയാവില്ല, ഈ യന്ത്രത്തെക്കാൾ നന്നായി ഞങ്ങൾ കൈകൊണ്ട് ചെയ്തിട്ടുണ്ട്, ഓൺലൈൻ ചീത്തയാ..... ഇങ്ങനെ ഓരോന്ന് ദിനം പ്രതി നാം കേൾക്കുന്നു. നവമാധ്യമങ്ങളെ പഴിയ്ക്കുന്ന ദോഷൈകദൃക്കുകൾ മാത്രമാകാതെ ഈ മേഖലയിൽ ഒരു തിരിനാളമെങ്കിലും തെളിച്ച് മുന്നേറുകയാണ് നാം ചെയ്യേണ്ടത്. രക്തദാനം, അവയവദാനം, നിർധനസഹായം തുടങ്ങിയ ചാരിറ്റിപ്രവർത്തനങ്ങൾക്ക് സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകളും യുവതലമുറയും നൽകുന്ന സംഭാവന അതുല്യമാണ്. ഇന്റർനെറ്റ് ദൈവത്തിന്റെ ദാനമാണ്. അതിവേഗതയുടെ ഈ ഡിജിറ്റൽലോകത്ത് നമുക്ക് അന്യമായിരിക്കുന്നത് സമാധാനവും ശാന്തതയുമാണ്. അതിനായി മനുഷ്യരുടെ നെറ്റ്വർക്കും വളരണം. ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങളെല്ലാം ദൈവത്തിൽ നിന്നാണെന്ന് തിരിച്ചറിയുകയും പഠിപ്പിക്കുകയും ചെയ്യുന്ന സഭ ഇന്റർനെറ്റിന്റെയും ഓൺലൈൻ സങ്കേതങ്ങളുടെയും ബഹുമുഖസാദ്ധ്യതകൾ ഉപയോഗപ്പെടുത്തണം. അങ്ങനെയായാൽ ലോകത്തിന്റെ മുക്കിലും മൂലയിലും സുവിശേഷവെളിച്ചം പകരാൻ ഇത്രയും ചുരുങ്ങിയ ചിലവിൽ ഞൊടിയിൽ സാധിക്കുന്ന മാധ്യമം വേറൊന്നില്ല. മലയാളിയും മലയാളവും മലങ്കരസഭയും കാത്തുസൂക്ഷിക്കുന്ന പാരമ്പര്യവും ആത്മീയതയും കുടിക്കൊള്ളുന്നത് ഇന്റെർനെറ്റിലും ഫെയ്സ്ബുക്കിലും അല്ലെങ്കിലും ഉപയുക്തമാക്കാവുന്ന ഇന്റെർനെറ്റ് സങ്കേതങ്ങൾ ഉപയോഗിക്കാൻ നാം ഇനിയും മടിച്ചുനിൽക്കരുത്.

ഒരുപാട് പരിചരണം ആവശ്യമുള്ള ഒരു കുസൃതിക്കുട്ടിയാണ് ഇന്റർനെറ്റ്; ശരിയായ ശിക്ഷണം അനിവാര്യം."Give soul to internet,'' ബനഡിക്ട് XVI-ാംമൻ മാർപാപ്പയുടെ ഈ വാക്കുകൾ നമുക്ക് സ്വീകരിക്കാം. കുട്ടികൾക്ക് ആനിമേഷൻ ബൈബിൾ കഥകൾ, യുവാക്കൾക്ക് ബൈബിളിന്റെയും പ്രാർത്ഥനകളുടെയും മൊബൈൽ ആപ്ലിക്കേഷനുകൾ, ഓൺലൈൻ ചർച്ചാവേദികൾ, ഇന്റർനെറ്റ്-കമ്മ്യൂണിറ്റി റേഡിയോകൾ, ഡിജിറ്റൽ മാഗസിനുകൾ, സഭാപഠിപ്പിക്കലുകൾ വിശദമാക്കുന്ന വെബ്സൈറ്റുകൾ, ന്യൂസ് പോർട്ടലുകൾ, ക്രിസ്ത്യൻ ടെലിവിഷൻ ചാനലുകൾ, ഇലക്ട്രോണിക് പ്രസംഗങ്ങൾ, FAQനുള്ള ഔദ്യോഗിക വേദികൾ....സാദ്ധ്യതകൾ ഇനിയുമേറെയുണ്ട്. സഭയ്ക്ക് ഒരു Cyber wing നെക്കുറിച്ച് ചിന്തിക്കാവുന്നതാണ്.


"Cast your net on the other side" ക്രിസ്തുനാഥന്റെ വാക്കുകളുടെ ആന്തരീകാർത്ഥം ഗ്രഹിച്ചുകൊണ്ടുള്ള തീരുമാനങ്ങൾ നമ്മുടെ മിഷൻ പ്രവർത്തനങ്ങളുടെ ഫലം നൂറുമേനിയാക്കും.


## ഉപകാര സ്മരണ




റെന്നി എം. വർഗ്ഗീസ്

## ഉപകാര സ്മരണ



അലൻ എം. റെന്നി

## ഉപകാര സ്മരണ



ഏബൽ എം. റെന്നി


## വിവാഹ ഒരുക്ക സെമിനാർ 2014

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**

**ഫോൺ 0469-2603968, 9446270259, 9447617877**

**തീയതി: നവംബർ 4, 5, 6 – 18, 19, 20**

**ഡിസംബർ 11, 12, 13 – 25, 26, 17**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.



# പ്രബോധനം

തിരുവചനത്തിന്റെ പുനർവായന

മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...

## 2014 നവംബർ 2 കൂദോശ് ഈത്തോ ഞായർ

### മത്തായി 16:13 – 20

സഭയെയും രക്ഷകനായ യേശുവിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന വേദഭാഗമാണീ മത്തായി 16-ന്റെ 18-19 വാക്യങ്ങൾ. സഭ യേശുവിനാൽ സ്ഥാപിക്കപ്പെട്ടതാണോ എന്ന സന്ദേഹത്തിന് വ്യക്തമായ മറുപടി ഈ വേദഭാഗം മിശിഹായുടെ തന്നെ വാക്കുകളിൽ നമുക്ക് ലഭിക്കുന്നു. ആരാധന വത്സരം ആരംഭിക്കുന്ന കൂദോസ് ഈത്തോ അഥവാ സഭയുടെ ശുദ്ധീകരണപ്പെരുന്നാളിൽ ഈ വേദഭാഗമാണ് ചർച്ച ചെയ്യപ്പെടുന്നത്.

മിശിഹായെപ്പറ്റിയുള്ള വെളിപാടിന്റെയും തിരിച്ചറിവിന്റെയും ഉച്ചകോടിയാണ് പത്രോസിന്റെ ദൈവപുത്രനായ ക്രിസ്തുവിനെപ്പറ്റിയുള്ള പ്രഖ്യാപനം. ഈ ഭാഗം മത്തായിയുടെ സുവിശേഷത്തെ രണ്ടു ഘട്ടങ്ങളായി തിരിക്കുന്നു. തന്റെ പീഡാനുഭവ വെളിപ്പെടുത്തൽ മുതൽ ഇതുവരെയുള്ള സുവിശേഷഗതിക്ക് വ്യതിയാനം സംഭവിക്കുന്നു. ഇനിയുള്ള ജറുസലേം യാത്ര എതിർപ്പിന്റെ തുടക്കവും പീഡന പോരാട്ടങ്ങളുടെ തുടർച്ചയുമത്രേ.

ഈ സുവിശേഷ ഭാഗം വി. പത്രോസിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ളതാണ്. ക്രമീകരിക്കപ്പെടുന്ന സഭയിൽ പത്രോസിനുള്ള നിയതവും സുവ്യക്തവുമായ പങ്കിനെ വ്യക്തമാക്കുന്നു. പത്രോസിന്റെ ചരിത്രപരമായ പ്രാധാന്യം അപ്പസ്തോലപ്രവർത്തനങ്ങളിലൂടെയും ക്രൈസ്തവ പാരമ്പര്യങ്ങളിലൂടെയും സ്പഷ്ടമാക്കുന്നുണ്ട്. ഈ ഭാഗത്തോടുകൂടി യഹൂദ സമുദായത്തിൽനിന്ന് വേറിട്ടുള്ള ഒരു ചരിത്രഗതി ക്രൈസ്തവ സഭയ്ക്ക് കൈവരുന്നത് നാം കാണുന്നു.

'മനുഷ്യപുത്രൻ' എന്ന പ്രയോഗം യേശു സ്വയം ചാർത്തുന്ന ഒരു സംജ്ഞയാണ്; താൻ മനുഷ്യനാണ് എന്ന സൂചനയോടൊപ്പം മനുഷ്യനായതന്നെ എങ്ങനെ കാണുന്നു, മനസ്സിലാക്കുന്നു എന്നറിയാൻ കൂടിയാണ് യേശു സ്വയം ഈ നാമം സ്വീകരിച്ചത്. പ്രവാചകരിൽ ഒരാളായി തന്നെ കാണുന്നതിന് സാമാന്യജനങ്ങൾക്ക് പ്രയാസമില്ല. തീക്ഷ്ണതയുടെ പര്യായമായ ഏലിയായോടൊപ്പമോ നാശത്തെപ്പറ്റി പ്രവചിച്ച ജെറമിയായെപ്പോലെയോ (ജെറ.22:5) സ്നാപകന്റെ പുനരവതാരമായിട്ടോ കാണാനും അവർക്ക് സാധിക്കും. പക്ഷേ അത് പോരല്ലോ. അതുകൊണ്ടൊന്നും മനുഷ്യാവതാര ലക്ഷ്യം പൂർത്തിയാകുന്നില്ല.

"സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയാൻ വിളി ലഭിച്ച ശിഷ്യർ" (മത്തായി 13:11, 16-17) തന്നെ എങ്ങനെ തിരിച്ചറിയുന്നു എന്നറിയുന്നത് സുപ്രധാനമാണ്. ആരെങ്കിലും തന്നെ യഥാർത്ഥമായി അറിയുന്നുണ്ടോ എന്നറിയുവാൻ യേശുവിനും ആകാംക്ഷയുണ്ടായിരുന്നു. ശിഷ്യന്മാർ പൊതുവിലും പ്രത്യേകിച്ച് പത്രോസും ഇക്കാര്യത്തിൽ വിജയിച്ചു. തന്നെ തിരിച്ചറിഞ്ഞ പത്രോസിലും പത്രോസിന്റെ വിശ്വാസത്തിലുമാണ് യേശു സഭയെ സ്ഥാപിക്കുന്നത്. എവിടെവച്ചാണ് ഇത് പറയപ്പെട്ടത് എന്നതും ശ്രദ്ധേയമാണ്. പൂർവ്വികമായി കാനാന്യർ ബാൽദേവനെ ആരാധിച്ചിരുന്ന സ്ഥലമാണ് കേസറിയ ഫിലിപ്പി. ഇപ്പോൾ 'ബാൽ' ദേവനെ (ലിംഗോപാസന) ആരാധിക്കുന്ന കേസറിയ ഫിലിപ്പിയിൽവച്ച് തന്നെ സത്യദൈവത്തെ തിരിച്ചറിഞ്ഞു എന്നത് സുപ്രധാനമാണ്.

ദൈവത്തെപ്പറ്റിയുള്ള അറിവ് നാം തേടിയലഞ്ഞ് നേടുന്നതിനേക്കാൾ, ദൈവിക വെളിപാടായി നൽകപ്പെട്ടു എന്നതാണ് (മത്തായി 11:25, 27; 13:16-17).

പഴയ നിയമത്തിൽ പേരുമാറ്റം ശ്രദ്ധേയമാണ്. അബ്രാമിനെ അബ്രഹാമായും, സാറായിയെ സാറായായും, യാക്കോബിനെ ഇസ്രായേലായും പുനർനാമകരണം ചെയ്യുന്നുണ്ട്. ശിമയോന് പത്രോസ് അഥവാ കേപ്പാ എന്ന് അപരനാമം നൽകുന്നത് ശ്രദ്ധേയമാണ്. അവന്റെ 'പാത്രധർമ്മം' എന്തെന്നതിന്റെ സൂചന പേരുമാറ്റത്തിൽ വ്യക്തമാകുന്നു. പത്രോസ് എന്ന് വിളിക്കപ്പെടുന്ന ശെമയോൻ എന്ന് മത്തായി എപ്പോഴും ആവർത്തിക്കുന്നുണ്ട്. അത് നൽകപ്പെട്ട ഒരു പേരാണ്. വിളിച്ചപ്പോൾ തന്നെ കേഫാ എന്ന് വിളിക്കുന്നതായി യോഹന്നാൻ 1:42 -ൽ വായിക്കുന്നു. അതെന്തുകൊണ്ടാണ് എന്ന് വിശദീകരിക്കുന്ന ഒരു സന്ദർഭമാണിത്. അരമായ ഭാഷയിൽ പാറ (ശില) എന്നാണ് കേഫായുടെ അർത്ഥം. ഗ്രീക്ക് ഭാഷയിൽ PETROS എന്നും തത്ഭവമായ ആംഗലേയപദം PETER എന്നും.

അവൻ ഒരു പാറപോലെ ഉറച്ചുനിൽക്കണമെന്ന് യേശു ആഗ്രഹിച്ചു. പാറ ഉറപ്പിന്റെ പ്രതീകമാണല്ലോ. പാറയുടെ സുപ്രധാന കർത്തവ്യം കെട്ടിടത്തിന് ഉറപ്പുള്ള അടിസ്ഥാനമായിത്തീരുക എന്നതാണ്. ശെമഓൻ കേപ്പായുടെ ദൗത്യമതാണ്. നീ തിരിഞ്ഞുവന്നു നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊള്ളുക എന്ന് യേശു പത്രോസിനോടാണ് പറഞ്ഞത്.

കെട്ടുന്നതും അഴിക്കുന്നതുമായ ദൃഷ്ടാന്തം ഭരണപരമായ അധികാരത്തിന്റെ സൂചനയാണ്. അധികാരവിനിയോഗമാണ് വിവക്ഷിതം. സമന്മാരിൽ ഒന്നാമൻ

എന്നതാണ് പത്രോസിന്റെ വ്യക്തിപരമായ അധികാരം. സഭാപരമായ കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിന് ദൈവികമായ മാർഗ്ഗദർശനം പത്രോസിന് ലഭിക്കുമെന്നതിന്റെ വാഗ്ദാനമാണത്. സ്വർഗ്ഗം മുന്നമേ എടുത്തിട്ടുള്ള തീരുമാനം വിനിയോഗിക്കുന്നതിനുള്ള അധികാരമാണ് നൽകപ്പെട്ടത്.

താൻ മിശിഹായാണെന്ന് പരസ്യപ്പെടുത്തരുതെന്ന് യേശുവിന്റെ നിർബന്ധത്തിനുമുണ്ട് കാരണങ്ങൾ. ഒന്നാമതായി അത് പരസ്യമായി പറയുമ്പോൾ ഉണ്ടാകുന്ന അപകടം യേശുവിന് നന്നായറിയാമായിരുന്നു. മറ്റൊന്ന് തന്റെ യഥാർത്ഥ ദൗത്യവും മിശിഹായെപ്പറ്റി നിലിവിലിരുന്ന പ്രതീക്ഷയും ധാരണയും തമ്മിൽ ഒത്തുപോകുന്നതായിരുന്നില്ല. തെറ്റിദ്ധാരണ നൽകുവാൻ യേശു ആഗ്രഹിച്ചിരുന്നില്ല. രക്ഷയുടെ കൂദാശയായി സഭയെ സ്ഥാപിച്ച ദൈവത്തെ നമുക്ക് സ്തുതിക്കാം. ആരാധന വത്സരം അനുഗ്രഹ സമ്പൂർണ്ണമാക്കുവാൻ പ്രാർത്ഥിക്കാം.

*ഫാ. ഏബ്രഹാം നടുവിലേടം*

## 2014 നവംബർ 9 ഹൂദോസ് ഈത്തോ ഞായർ (യോഹ. 2: 13 – 22)

ഇന്ന് തിരുസഭ ഹൂദോസ് ഈത്തോ ഞായർ ആഘോഷിക്കുകയാണ്. 'ഹൂദോസ് ഈത്തോ' എന്നാൽ സഭയുടെ നവീകരണം എന്നാണ് അർത്ഥം. സഭയുടെ നവീകരണം എന്നാൽ സഭാമക്കളുടെ നവീകരണം. ഇന്നത്തെ സുവിശേഷത്തിൽ ദേവാലയ ശുദ്ധീകരണമാണ് നാം കാണുന്നത്. സുവിശേഷങ്ങളിൽ യേശു ഏറ്റവും കൂടുതൽ കോപിഷ്ഠനായി കാണുന്നത് ഈ ഭാഗത്തിന്റെ മറ്റൊരു പ്രത്യേകതയാണ്.

ദേവാലയ ശുദ്ധീകരണത്തിലൂടെ യേശു വിരൽചൂണ്ടുന്നത് ശരീരമാകുന്ന ദേവാലയത്തിന്റെ (യോഹ. 2:21) നവീകരണത്തെപ്പറ്റിയാണ്. സമാന്തര സുവിശേഷങ്ങളിൽനിന്ന് വ്യത്യസ്തമായി യോഹന്നാന്റെ സുവിശേഷത്തിൽ ദേവാലയം ശുദ്ധീകരിക്കുന്ന സംഭവം യേശുവിന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽതന്നെ അവതരിപ്പിച്ചിരിക്കുന്നു. ദേവാലയം നഷ്ടപ്പെട്ട ജനതയ്ക്ക്, യേശുവിൽ വിശ്വസിക്കുന്ന ജനങ്ങളുടെ കൂട്ടമാണ് ദേവാലയം എന്ന പ്രത്യാശ പകരുകയാണ് യോഹന്നാൻ. നാലു ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ജറുസലേം ദേവാലയത്തിൽ വിജാതീയർക്കും സ്ത്രീകൾക്കും പ്രാർത്ഥിക്കുവാനുള്ള സ്ഥലത്താണ് കച്ചവടം നടക്കുന്നത്. ഇത് കണ്ടാണ് യേശു പ്രകോപിതനാകുന്നത്.

സമൂഹത്തിൽ ചൂഷണത്തിനു വിധേയരാകുന്ന ജനങ്ങൾക്കുവേണ്ടി യേശു ശബ്ദമുയർത്തി. സഭയിലും സമൂഹത്തിലും കുടികൊള്ളുന്ന തിന്മയ്ക്കെതിരെ ചാട്ടവാറെടുക്കുവാൻ യേശുവിനെ പ്രേരിപ്പിക്കുന്നത് തന്റെ പിതാവിന്റെ ആലയത്തെപ്പറ്റിയുള്ള തീഷ്ണതയാണ് (യോഹ. 2:17) ക്രിസ്തു ഇന്നു വസിക്കുന്നത് സഭയിലാണ്. അതിനാൽ സഭയുടെ നവീകരണം സഭയിലേക്കുള്ള ഓരോ വ്യക്തികളുടെയും നവീകരണമാണ്. ക്രിസ്തു തന്റെ പുനരുത്ഥാനത്തിലൂടെ പുതിയ ദേവാലയം പണിതുയർത്തി. ഈ ദേവാലയം മനുഷ്യനിർമ്മിതമല്ല. മറിച്ച് പൗലോസ് ശ്ലീഹാ പറയുന്നു, "നിങ്ങൾ ദൈവത്തിന്റെ ആലയങ്ങളാണ്"(1കൊരി. 3:16) ഇന്ന് ക്രിസ്തുവസിക്കുന്നത് ഓരോ വ്യക്തികളിലാണ്. കാളകളും ആടുകളും പ്രാവുകളുമാകുന്ന പ്രതീകങ്ങളുടെ സ്ഥാനത്ത് ഇന്ന് വ്യക്തിജീവിതത്തിൽ പണക്കൊതിയും അധികാരമോഹവും സുഖലോലുപതയും ചൂഷണസ്വഭാവവും പ്രതിഷ്ഠിച്ചിരിക്കുന്നു. ഇന്ന് സഭയിൽ ക്രിസ്തു വസിക്കണമെങ്കിൽ വ്യക്തിജീവിതങ്ങൾ നവീകരിക്കപ്പെടണം. കാരണം ഓരോ വ്യക്തിയുടെയും ശുദ്ധീകരണമാണ് സഭയുടെ നവീകരണം.

അവിടുത്തെ ആലയത്തെപ്പറ്റിയുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞു (സങ്കീ. 69:9). ദൈവഭവനത്തെ ക്കുറിച്ചുള്ള തീക്ഷ്ണതയാലാണ് കർത്താവ് കച്ചവടക്കാരെ ദേവാലയത്തിൽനിന്ന് അടിച്ചിറക്കിയത്. ആരാണ് ദൈവഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണതയാൽ വിഴുങ്ങപ്പെടുന്നത്? മിശിഹായുടെ അംഗങ്ങളായ എല്ലാവരും ദൈവഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണതയാൽ വിഴുങ്ങപ്പെടണം. ഈ വിഴുങ്ങപ്പെടൽ ഒരു ശൂന്യവത്കരണമാണ്. ക്രിസ്തു ലോകത്തിനു തന്റെ ശരീരം നൽകിയതുപോലെ ഒരു വ്യക്തി തന്റെ വ്യക്തിപരമായ ആഗ്രഹങ്ങളെ മാറ്റിവച്ച് ദൈവത്തിനുവേണ്ടി നിലകൊള്ളണം. സഭയിലെയും സമൂഹത്തിലെയും തെറ്റുകൾ തിരുത്തുമ്പോൾ, സമൂഹത്തിൽ ചൂഷണത്തിനു വിധേയരാകുന്ന ജനങ്ങളുടെ ശബ്ദമായിത്തീരുമ്പോൾ, സഭയിൽ സ്വന്തം കാര്യങ്ങൾ മാറ്റിവച്ചു മിശിഹായുടെ കാര്യങ്ങൾ തേടുമ്പോൾ, അവിടുത്തെ ഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞു എന്ന വചനം ഒരുവൻ പൂർത്തിയാക്കുന്നു. ഈ തീക്ഷ്ണതയാണ് സ്വയം നവീകരണത്തോടൊപ്പം മറ്റു വ്യക്തികളുടെയും സഭാ മുഴുവന്റെയും നവീകരണത്തിലേക്കും നയിക്കുന്നത്. അതിനായി നമുക്ക് പ്രാർത്ഥിക്കുകയും യത്നിക്കുകയും ചെയ്യാം.

*ഡീക്കൻ സുമിത് നിക്കോളാസ് ഒ.ഐ.സി*

## 2014 നവംബർ 16 സ്കറിയായോടുള്ള അറിയിപ്പ് വി. ലൂക്കാ 1:5 – 25

ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു (റോമാ. 8:28). അനുദിന ജീവിതത്തിലെ ദൈവിക ഇടപെടൽ തിരിച്ചറിയുവാനും ദൈവത്തിന്റെ പദ്ധതിയോട് പൂർണ്ണമായി സഹകരിക്കുവാനും ഈ വചനഭാഗം നമ്മെ ആഹ്വാനം ചെയ്യുന്നു. ദൈവസന്നിധിയിൽ നീതിപൂർവ്വം ചരിക്കുന്നവർക്ക് ദൈവം നീതി

നടത്തിക്കൊടുക്കും എന്ന് സഖറിയാ-എലിസബത്ത് ദമ്പതിമാരുടെ ജീവിതാനുഭവം നമ്മെ ഓർമ്മിപ്പിക്കുകയാണ്.

പുത്രസൗഭാഗ്യം അനുഭവിക്കാൻ ഭാഗ്യം ലഭിക്കാത്ത ദമ്പതികളായിരുന്നു സഖറിയായും എലിസബത്തും. ദൈവസന്നിധിയിൽ നീതിപൂർവ്വം ജീവിച്ചിട്ടും ദൈവം വലിയ സഹനം അവർക്കു നൽകി. എലിസബത്ത് വന്ധ്യയും ഗർഭം ധരിക്കാൻ കഴിയാത്ത വിധം പ്രായം കഴിഞ്ഞവളും ആയിരുന്നു. മക്കളില്ലാത്ത അവസ്ഥ യഹൂദ സമൂഹത്തിൽ വലിയ ശാപമായി കരുതപ്പെട്ടിരുന്നു. മനുഷ്യരുടെ ഇടയിൽ എലിസബത്തിനു വലിയ അപമാനമായിരുന്നു എന്ന് വി. ലൂക്കാ 1:25-ൽ പറയുന്നു. അതിനാൽ ഇക്കാലമെല്ലാം സഖറിയാ സന്താനലബ്ധിക്കായി ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

മാനുഷികമായ സകല സാദ്ധ്യതകളും ഇവിടെ അസ്തമിക്കുന്നതായി നമുക്കു കാണുവാൻ കഴിയും. മാനുഷികമായ സാദ്ധ്യതകളെല്ലാം അവസാനിക്കുന്നിടത്തു മാത്രമേ ദൈവത്തിന് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. "അവിടുന്ന് എന്നോട് അരുളിചെയ്തു. നിനക്ക് എന്റെ കൃപ മതി. എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായി പ്രകടമാകുന്നത്" (2കൊറി 12:9). ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ താഴ്മയോടെ നിൽക്കുവാൻ നാം തയ്യാറായാൽ ദൈവം അവിടുത്തെ അനുഗ്രഹങ്ങളാൽ നമ്മെ നിറയ്ക്കും. (1 പത്രോസ് 5:6).

നീതിമാന്മാരുടെ സഹനം യേശുവിന്റെ കുരിശിലെ ബലിയിൽ പൂർത്തിയാക്കപ്പെടുകയാണ്. അവിടുന്ന് നീതിമാൻ ആയിരുന്നിട്ടും സകല മനുഷ്യരുടെയും രക്ഷയ്ക്കുവേണ്ടി സഹനം ഏറ്റുവാങ്ങി. പ്രായശ്ചിത്തത്തിന്റെയും പരിഹാരത്തിന്റെയും ജീവിതം നയിച്ച് ദൈവനീതിയെ പ്രതിസഹനം സ്വീകരിച്ചുകൊണ്ട് ദൈവത്തിന്റെ നീതിമാന്മാരായി ക്രിസ്തുവിന്റെ സഹനത്തിൽ പങ്കുചേരുവാൻ നമുക്ക് കഴിയണം.

ദൈവത്തെ ഏറെ സ്നേഹിക്കുന്നവരായിട്ടും ദൈവം നൽകിയ സഹനത്തിൽ അവർ ദൈവത്തെ ഒറ്റപ്പെടുത്തുന്നില്ല. നീതിനിഷ്ഠയിലോ ദൈവശുശ്രൂഷയിലോ യാതൊരു കുറവും അവർ വരുത്തുന്നില്ല. ദൈവം സഹനങ്ങൾ നൽകുന്നത് ജീവിതവിശുദ്ധീകരണത്തിനുവേണ്ടിയാണ്. ദൈവത്തിനേറ്റവും ഇഷ്ടമുള്ളവർക്കാണ് ദൈവം സഹനങ്ങൾ നൽകുക. "എന്തെന്നാൽ സ്വർണ്ണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു. സഹനത്തിന്റെ ചൂളയിൽ കർത്താവിനു സ്വീകാര്യരായ മനുഷ്യരും" (പ്രഭാ.2:5). ദൈവസന്നിധിയിലുള്ള സുദീർഘവും നിരന്തരവും ത്യാഗപൂർണ്ണവുമായ പ്രാർത്ഥനയോടെ, ദൈവത്തിന്റെ സവിശേഷമായ ദാനമെന്ന നിലയിൽ വേണം ഓരോ കുഞ്ഞിനെയും മാതാപിതാക്കൾ സ്വീകരിക്കേണ്ടതെന്ന് സഖറിയായുടെയും എലിസബത്തിന്റെയും ജീവിതം നമ്മെ പഠിപ്പിക്കുന്നു.

ദേവാലയ ശുശ്രൂഷ നടത്തിക്കൊണ്ടിരുന്ന പുരോഹിതനായ സഖറിയായ്ക്ക് കർത്താവിന്റെ ആലയത്തിൽ ധൂപം സമർപ്പിക്കാനുള്ള അപൂർവ്വ അനുഗ്രഹം ലഭിച്ചു. ഒരു വ്യക്തിക്ക് ജീവിതത്തിൽ ഒരു പ്രാവശ്യം മാത്രം ലഭിക്കാനിടയിലുള്ള മഹത്തായ ഭാഗ്യമാണിത്. ധൂപാർപ്പണ സമയത്താണ്, കർത്താവിന്റെ ദൂതൻ സഖറിയായ്ക്ക് പ്രത്യക്ഷനാകുന്നതും പുത്രനെ ലഭിക്കും എന്ന സന്തോഷവാർത്ത അറിയിക്കുന്നതും. 7 പ്രധാന മാലാഖമാരിൽ ഒരുവനായ ഗബ്രിയേൽ, പഴയ നിയമത്തിൽ ദാനിയേലിനും പുതിയ നിയമത്തിൽ കന്യകമറിയത്തിനും സഖറിയാക്കും മാത്രമേ പ്രത്യക്ഷപ്പെടുന്നതായി നാം കാണുന്നുള്ളൂ.

ദൂതനെ കണ്ട് സഖറിയാ അസ്വസ്ഥനാവുകയും ഭയചകിതനാവുകയും ചെയ്തു. ദൈവിക പ്രത്യക്ഷപ്പെടലിനെ മനുഷ്യന്റെ സ്വാഭാവികമായ പ്രതികരണം "ഭയവും അസ്വസ്ഥതയും" ആണ്. എന്നാൽ സഖറിയായെ മാലാഖ ധൈര്യപ്പെടുത്തുന്നുണ്ട് "ഭയപ്പെടേണ്ട". ദൈവദർശനത്താൽ ഭയചകിതരാകുന്നവർക്ക് ദൈവം നൽകുന്ന ആശ്വാസമാണിത്.

"നിന്റെ ഭാര്യ എലിസബത്തിൽ നിനക്ക് ഒരു പുത്രൻ ജനിക്കും. നീ അവന് യോഹന്നാൻ എന്ന് പേരിടണം." ഈ വാക്യത്തിലൂടെ അസാദ്ധ്യമെന്ന് അവർ കരുതിയിരുന്നത് ദൈവത്താൽ സാദ്ധ്യമാകും എന്നോർപ്പിച്ചുകൊണ്ട് സഖറിയായുടെ വിശ്വാസത്തെ ഉണർത്തുകയാണ്. കുട്ടിക്ക് പേരിടാനുള്ള അവകാശം അവന്റെ പിതാവിൽ നിക്ഷിപ്തമാണ്. എന്നാൽ ഇവിടെ ദൈവം തന്നെ തന്റെ മാലാഖ വഴി കുഞ്ഞിന്റെ പേര് നിർദ്ദേശിക്കുകയാണ്.

വാർദ്ധക്യത്തിൽ ദൈവം മക്കളെ നൽകിയ അനേക സംഭവങ്ങൾ പുരോഹിതനായ സഖറിയാക്ക് അറിയാമെങ്കിലും, ദൂതൻ വഴി തനിക്ക് ലഭിച്ച വാഗ്ദാനത്തിൽ സഖറിയാ സ്ഥിരീകരണം ആവശ്യപ്പെടുന്നുണ്ട്. "ഞാൻ ഇത് എങ്ങനെ അറിയും. ഞാൻ വൃദ്ധനാണ്, എന്റെ ഭാര്യ പ്രായം കവിഞ്ഞവളുമാണ്." സഖറിയായുടെ ഈ ചോദ്യം അവിശ്വാസത്തിന്റെ അടയാളമായിട്ടാണ് ചിത്രീകരിക്കപ്പെടുന്നത്. സഖറിയായുടെ ചോദ്യത്തിനു മറുപടിയായി ദൂതൻ തന്റെ സ്ഥാനവും ദൗത്യവും സഖറിയാക്കുള്ള ശിക്ഷയും അറിയിക്കുന്നതായി നാം കാണുന്നു. സ്വന്തം ആവശ്യങ്ങളിൽ ദൈവത്തിലാശ്രയിക്കുകയും അവിടുത്തെ മുറുകെ പിടിച്ചുകൊണ്ട് മുന്നേറുകയും ചെയ്യുന്നതല്ല യഥാർത്ഥ വിശ്വാസം. നാം ദൈവത്തോട് ചോദിക്കുന്നതെല്ലാം നിറവേറ്റിക്കിട്ടുന്നതിലല്ല യഥാർത്ഥ വിശ്വാസം അടങ്ങിയിരിക്കുന്നത്. പിന്നെയോ, ദൈവത്തിലുള്ള അടിപതറാത്ത ശരണവും അവിടുത്തെ കരുതലിലും പരിപാലനത്തിലുമുള്ള ഉറച്ചബോദ്ധ്യവും ദൈവതിരുമനസ്സിനോടുള്ള വിധേയത്വവും, സമ്പൂർണ്ണ സമർപ്പണഭാവവും, പ്രത്യാശയോടുകൂടിയ കാത്തിരിപ്പും, ദൈവത്തോടുള്ള പരിപൂർണ്ണമായ സ്നേഹവും വിശ്വാസത്തിൽ ഉൾച്ചേർന്നിരിക്കുന്നു. ഇച്ഛാശക്തിയെ ദൈവതിരുമുമ്പിൽ അടിയറവച്ച് ബുദ്ധിക്കും യുക്തിക്കും അപ്പുറത്തുള്ള വിശ്വാസത്തിലധിഷ്ഠിതമായ ഒരു ജീവിതശൈലിയെ വളർത്തിയെടുക്കുവാൻ സഖറിയ-എലിസബത്ത് ദമ്പതിമാരെപ്പോലെ നമുക്കും പരിശ്രമിക്കാം.

*ഫാ. ജോസഫ് കരിപ്പായിൽ*

## 2014 നവംബർ 23
## പരി. ദൈവമാതാവിനോടുള്ള അറിയിപ്പ്
## ലൂക്കാ 1:26 – 38

സഭാവത്സരത്തിലെ ആദ്യകാലമായ വചനിപ്പ് കാലത്തിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഈ കാലഘട്ടത്തിലെ നാലാമത്തെ ഞായറാഴ്ചയിലൂടെ കടന്നുപോകുമ്പോൾ സഭാ മാതാവ് നമുക്ക് വിചിന്തനത്തിനായി നൽകുന്ന വേദഭാഗം വി. ലൂക്കാ എഴുതിയ സുവിശേഷം ഒന്നാം അദ്ധ്യായം ഇരുപത്തിയാറ് മുതൽ മുപ്പത്തിയെട്ട് (1:26–38) വരെയുള്ള തിരുവചനങ്ങളാണ്. ലോക പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടിന് ജനിക്കുവാൻ ഇടം തേടി പരി. അമ്മയുടെ അനുവാദത്തിനായി ഗബ്രിയേൽ മാലാഖ കടന്നുവരുന്നതും, "ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം എന്നിൽ ഭവിക്കട്ടെ" എന്ന് പറഞ്ഞ് പരി. അമ്മ സമർപ്പണം നടത്തുന്നതുമാണ് ഈ വേദഭാഗം.

ആദി മാതാപിതാക്കളുടെ പാപത്തിന് പരിഹാരം ചെയ്യാൻ ഉത്പത്തിയിലെ വാഗ്ദാനം ചെയ്യപ്പെട്ടതും പ്രവാചകന്മാരിലൂടെ ഉറപ്പിക്കപ്പെട്ടതുമായ രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പാണ് നാം ശ്രവിച്ചത്. യഹൂദ പാരമ്പര്യങ്ങൾക്കുതന്നെ വിരുദ്ധമായിട്ടാണ് ഈ അഭിവാദനം സംഭവിക്കുക. സ്ത്രീകൾക്ക് കൂടുതൽ പ്രാധാന്യം നൽകാതിരുന്ന ഒരു പാരമ്പര്യത്തിൽ ഇതാ ദൈവത്തിന്റെ ദൂതൻ ഒരു പെൺകുട്ടിയുടെ അനുവാദത്തിനായി കാത്തുനിൽക്കുന്നു. ലോകം കാതോർത്തിരുന്ന സദ്വാർത്ത ആദ്യമായി കേട്ടത് മറിയമാണ്.

ദൈവകൃപ നിറഞ്ഞവളേ, സ്വസ്തി എന്ന് അഭിവാദനം ചെയ്തുകൊണ്ടാണ് ദൂതൻ മറിയത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുക. കായിരേ എന്ന ഗ്രീക്ക് പദമാണ് ഇവിടെ സ്വസ്തി എന്ന് വിവർത്തനം ചെയ്തിരിക്കുന്നത്. എന്നാൽ ഈ പദത്തിന്റെ വാച്യാർത്ഥം ആനന്ദിക്കുക എന്നതാണ്. ദൈവം മനുഷ്യകുലത്തിന് യേശുവിലൂടെ നൽകുന്ന രക്ഷയിൽ സന്തോഷിക്കുവാനുള്ള ക്ഷണമായി ഈ അഭിവാദന ക്രിയയെ മനസ്സിലാക്കാം. മാലാഖയുടെ അഭിവാദ്യം സെഫാനിയ 3:14–17 –ലെ പ്രവചനവുമായി ബന്ധമുള്ളതാണ്. എന്നാൽ ദൂതന്റെ അഭിവാദനം കേട്ടപ്പോൾ സന്തോഷിക്കുന്നതിനു പകരം അസ്വസ്ഥയാകുകയാണ് മറിയം ചെയ്യുന്നത്. കാരണം ദൈവിക വെളിപ്പാടുകൾ സ്വീകരിക്കും എന്നതിന്റെ അർത്ഥം അറിഞ്ഞുകൊണ്ട് സഹനങ്ങളുടെ മടയിലേക്ക് ചാടുക എന്നുതന്നെയാണെന്ന് പരി. മറിയം മനസ്സിലാക്കിയിരുന്നു എന്നുവേണം നാം ചിന്തിക്കാൻ. ദൈവമാതാവാകാനുള്ള ക്ഷണം സ്വീകരിച്ചത് മുതൽ പ്രയാസങ്ങൾ അവളുടെ ജീവിതത്തിൽ ഒഴിയാതെ നിന്നു. ഭർത്താവിനാൽ തെറ്റിദ്ധരിക്കപ്പെടുക, കടിഞ്ഞൂൽ പുത്രന് പുൽത്തൊഴുത്ത് ഈറ്റില്ലമാക്കുക, പ്രിയപുത്രന്റെ കുരിശുമരണത്തിന് മൂകസാക്ഷിയാകുക.... മറിയം അസ്വസ്ഥയായത് കാരണം കൂടാതെയായിരുന്നില്ല എന്ന് സാരം.

ഓരോ ദൈവവിളിയും അസ്വസ്ഥമാകാനുള്ള വിളികൂടിയാണ്. ആരോഗ്യവതികളും സൗന്ദര്യധാമങ്ങളുമായിരുന്ന കൊച്ചുത്രേസ്യായും അൽഫോൻസാമ്മയും ദൈവവിളി കിട്ടിയ നാൾമുതൽ സഹനത്തിന്റെ തീച്ചൂളയിൽ ഉരുകി. ദൈവവിളി സമ്മാനിച്ച അസ്വസ്ഥതയെ ദൈവഹിതമാക്കി സന്തോഷപൂർവ്വം സ്വീകരിച്ചപ്പോൾ അവർ വിശുദ്ധരായി. സമർപ്പിത ജീവിതത്തിൽ മാത്രമല്ല, കുടുംബജീവിതത്തിലേക്കുള്ള വിളിയും അസ്വസ്ഥതയുടെ കുരിശു ചുമക്കാനുള്ള വിളിയാണ്. ജീവിതപങ്കാളിയുടെ രോഗമാകാം, കുറവുകളുമാകാം, മദ്യപാനമാകാം, മക്കളെക്കുറിച്ചുള്ള പരിദേവനമാകാം... ഈ അസ്വസ്ഥതയുടെ കുരിശ് രക്ഷാകരമാണ്. സകല തലമുറകളും പ്രകീർത്തിക്കുന്ന അമ്മയായി മറിയം മാറിയത് വ്യാകുല സമുദ്രങ്ങൾ നീന്തിക്കടന്നപ്പോഴാണ്. എന്നാൽ നാമിന്ന് ഒരു 'മരവിപ്പ്' സംസ്കാരത്തിലാണ് ജീവിക്കുന്നത്. ശാരീരിക വേദനകളെ മരുന്നുകൾകൊണ്ടും, മാനസിക വേദനകളെ മദ്യംകൊണ്ടും മയക്കുമരുന്ന് കൊണ്ടും, അങ്ങനെ മറ്റ് പല അധാർമ്മിക മാർഗ്ഗങ്ങൾ കൊണ്ടും നാമതിനെ മറികടക്കാൻ ശ്രമിക്കുമ്പോൾ നാം മനസ്സിലാക്കണം വിശുദ്ധിയുടെ പടവുകളെയാണ് നാം തള്ളിക്കളയുക എന്ന്.

ഈ അസ്വസ്ഥതയെ പരി. അമ്മ ഒരു ചോദ്യം കൊണ്ട് നേരിടുകയാണ്: "ഇതെങ്ങനെ സംഭവിക്കും, ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ." സാമൂഹിക പശ്ചാത്തലം ഇവിടെ പ്രതിധ്വനിച്ച് നിൽക്കുന്നുണ്ട്. അസാധാരണത്വം നിഴലിക്കുന്നു, എന്നാൽ ദൂതന്റെ വചനം പരിശുദ്ധാത്മാവ് നിന്റെ മേൽ വരും എന്ന വചനത്തിന് മുമ്പിൽ മാതാവ് അടിയറവ് പറയുന്നു.

പ്രിയമുള്ളവരെ, ഇവിടുത്തെ ചോദ്യം നമ്മുടെ ജീവിത അസ്വസ്ഥതകൾക്ക് പരിശുദ്ധാത്മാവ് ഉത്തരമാകുന്നുണ്ടോ എന്നാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് നമ്മുടെ ജീവിതങ്ങളെ അടിയറവ് വയ്ക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ എന്നാണ്. ഈ അടിയറവിലാണ് ക്രിസ്തീയത പിറക്കുന്നത് എന്ന് നാം മനസ്സിലാക്കണം. ലോകം മുഴുവൻ തനിക്കെതിര് നിന്നാലും പരിശുദ്ധാത്മാവിന്റെ നിറവുണ്ടെങ്കിൽ തനിക്കൊന്നും സംഭവിക്കില്ല എന്ന് അമ്മ വിശ്വസിക്കുന്നു. പൂർണ്ണ സമർപ്പണം നടത്തുന്നു. ക്രിസ്തീയ ജീവിതത്തിൽ എന്ത് പ്രയാസങ്ങളുണ്ടായാലും അതിന് പരിശുദ്ധാത്മാവ് ഉത്തരമാണ് എന്ന് പരി. അമ്മ നമ്മെ പഠിപ്പിക്കുന്നു.

പ്രിയമുള്ളവരെ, നമുക്കും നടത്താം ഇപ്രകാരം ഒരു സമർപ്പണം. നമുക്കും ജീവിക്കാം ധന്യമായ ഒരു ക്രിസ്തീയ ജീവിതം. നമുക്ക് വിട്ടുകൊടുക്കാം നമ്മുടെ ജീവിതം അവന്റെ ഇഷ്ടം നിറവേറുവാൻ. ഇപ്രകാരം ദൈവസന്നിധിയിൽ കൃപ കണ്ടെത്തിക്കൊണ്ട് നമുക്കും ജീവിക്കാം ഈ ലോകത്തിൽ കൃപനിറഞ്ഞ ജീവിതം. ക്രിസ്തുവിനെ ലോകത്തിനു നൽകുന്ന കൃപ നിറഞ്ഞ ജീവിതം.

***ഫാ. ഓസ്റ്റിൻ തെക്കേതിൽ***

## 2014 നവംബർ 30
## എലിസബത്തിനെ സന്ദർശിക്കുന്നു.
### ലൂക്കോസ് 1:39 – 56

ആരാധനാക്രമവത്സരത്തിലെ ആദ്യകാലമായ വചനിപ്പുകാലത്തിലെ അഞ്ചാമത്തെ ഞായറാഴ്ചയിലൂടെ കടന്നുപോകുമ്പോൾ നാം വിചിന്തനം ചെയ്യുന്ന വേദഭാഗം വി. ലൂക്കാ എഴുതിയ സുവിശേഷം ഒന്നാം അദ്ധ്യായം 39 മുതൽ 56 വരെയുള്ള തിരുവചനങ്ങളാണ്. ഗബ്രിയേൽ ദൂതന്റെ അറിയിപ്പിലൂടെ തന്റെ ഇളയമ്മയായ എലിസബേത്ത് ഗർഭം ധരിക്കുന്നു എന്ന് മനസിലാക്കിയ മറിയം ഇളയമ്മയുടെ അടുത്തേക്ക് പോകുന്നതും ഇളയമ്മയെ അഭിവാദനം ചെയ്യുന്നതും സ്തോത്രഗീതമാലപിക്കുന്നതുമാണ് വേദഭാഗം.

പരിശുദ്ധത്മാവിനെ സ്വീകരിച്ച രണ്ട് വ്യക്തികൾ തമ്മിൽ കണ്ട് മുട്ടുമ്പോൾ സംഭവിക്കുന്ന കാര്യങ്ങളാണ് ഇവിടെ പ്രത്യേകം വിവരിച്ചിരിക്കുക. മറിയത്തിന്റെ അഭിവാദനം ശ്രവിച്ചയുടനെ തന്റെ ഉദരത്തിലുള്ള ശിശു ചലിക്കുന്നതായി എലിസബത്തിന് അനുഭവപ്പെട്ടു. പഴയനിയമത്തിൽ ഇതുപോലൊരു അനുഭവം ഉണ്ട്(ഉൽപ 25:22) ഏസാവിന്റെയും യാക്കോബിന്റെയും അമ്മയായ റബേക്കായ്ക്ക്. ആ അനുഭവത്തിൽ നിന്നും രണ്ട് ഗോത്രങ്ങളുണ്ടെന്ന് തിരിച്ചറിഞ്ഞു. മൂത്തവൻ ഇളയവനെ ദാസ്യവേലചെയ്യുന്നതായും അതുപൊലെ തന്നെ ഇവിടെയും സംഭവിക്കുന്നു. എലിസബത്തിന്റെ ഉദരത്തിൽ ചലനമുണ്ടായി. മൂത്തവൻ(യോഹന്നാൻ) പ്രവാചകന്മാരെയും ദൈവപുത്രനെയും കോർത്തിണക്കുന്ന കണ്ണിയായി മാറുന്നു. കർത്താവിന് വഴിയൊരുക്കുന്നു, അവനെ ലോകത്തിന് പരിചയപ്പെടുത്തി കൊടുക്കുന്നു.


അങ്ങനെ അമ്മയുടെ ഉദരത്തിൽ വച്ച് തന്നെ യോഹന്നാൻ പരിശുദ്ധാത്മാവിനാൽ നിറയുന്നു. ഈ നിറവിൽ നിന്നാണ് എലിസബേത്ത് മറിയത്തെ കർത്താവിന്റെ അമ്മയായി തിരിച്ചറിയുന്നത്. മാത്രമല്ല മറിയത്തെ പ്രകീർത്തിക്കുന്നു: “കർത്താവ് അരുളിചെയ്ത കാര്യങ്ങൾ നിറവേറ്റുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി” ഇതിനു മറുപടിയെന്നോണം കൃപ സ്വീകരിച്ചവൾ കൃപ നല്കിയവന്റെ മുമ്പിൽ അടിയറവച്ച് സ്തോത്രഗീതമാലപിക്കുന്നു. പരി. അമ്മ ഇവിടെ നമുക്ക് ഒരു മാതൃകയായി മാറുകയാണ്. സ്വീകരിക്കുന്ന കൃപയെ കൃപയായി തിരിച്ചറിയാൻ പോലും ശ്രമിക്കാത്ത അന്ധത ബാധിച്ചുപോയി ഈ ലോകത്തിന്. നമ്മുടെ ജീവിതങ്ങളെ ഒന്ന് പരിശോധിക്കാം. നിരവധി കൃപകൾ ദൈവത്തിൽ നിന്നും സ്വീകരിക്കുന്ന നമുക്ക് നന്ദി നിറഞ്ഞ ഹൃദയത്തോടെ കർത്താവിനെ ഒരു സ്തോത്രഗീതമാലപിക്കുവാൻ സാധിക്കുന്നുണ്ടോ?

മറിയത്തിന്റെ സ്തോത്രഗീതം സാമുവേലിന്റെ പുസ്തകത്തിലെ ഹന്നായുടെ സ്തോത്രഗീതവുമായി ബന്ധപ്പെട്ടിരിക്കുന്നു. മക്കളില്ലായിരുന്ന് ജനിച്ച മകനെ കർത്താവിന് തിരിച്ച് സമർപ്പിച്ച് ഹന്ന ആലപിക്കുന്ന സ്തോത്രഗീതമാണിത്. ഇപ്രകാരം മറിയവും തനിക്ക് ദൈവം നല്കിയ കൃപയെ അനുസ്മരിച്ച് കൊണ്ട് സ്തോത്രഗിതമാലപിക്കുന്നു. താഴ്മയെ കടാക്ഷിക്കുന്ന ദൈവത്തിന്റെ ചിത്രമാണ് മറിയം ഈ സ്തോത്രഗീതത്തിലൂടെ നൽകുന്നത്. ദൈവത്തെ പോലും വെല്ലുവിളിച്ച് കൊണ്ട് കുതിച്ച് പായുന്ന ലോകത്തെ പരി. അമ്മ ഓർമ്മിപ്പിക്കുന്നു ജീവിതത്തിൽ താഴ്മ ആഭ്യസിക്കുവാൻ. താഴ്മ വിശുദ്ധർ മാത്രം അഭ്യസിക്കുന്ന ഒരു പുണ്യമായി ഇന്ന് മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. ആർക്കും ആരുടെയും മുമ്പിൽ താഴുവാൻ സാധിക്കാത്ത അവസ്ഥ! എല്ലാം നേടിയെന്ന് അഹങ്കരിക്കുന്ന നമ്മുടെ മുമ്പിൽ മറിയം പറയുന്ന കാര്യമിതാണ്: പരിശുദ്ധാത്മാവിനെ ലഭിക്കണമെങ്കിൽ നാം സ്വയം താഴ്മ സ്വീകരിക്കണം. പരിശുദ്ധാത്മാവിന്റെ നിറവും അനുഗ്രഹവും നമ്മുടെ ജീവിതങ്ങളിൽ ആവോളം സ്വീകരിക്കുവാൻ നമ്മുക്ക് സാധിക്കുന്നില്ലെങ്കിൽ നം മനസ്സിലാക്കണം നമ്മുടെ ജീവിതങ്ങളിൽ എളിമ എന്ന പുണ്യം നഷ്ടപ്പെട്ടിരിക്കുന്നു എന്ന്.

ദൈവത്തിന്റെ കൃപ ഉള്ളവർക്ക് മാത്രമേ എളിമപ്പെടുവാൻ സാധിക്കുകയുള്ളൂ; തനിക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണെന്ന് ഏറ്റ് പറയുവാൻ സാധിക്കുകയുള്ളു. അന്ത്യത്താഴ വേളയിൽ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി എളിമയുടെ പാഠങ്ങൾ പഠിപ്പിച്ച ക്രിസ്തുവിന്റെ ജീവിതത്തോട് നമുക്കു അനുരൂപപ്പെടാം. നമ്മുടെ ക്രിസ്തീയ ജീവിതം എളിമയുടെ ജീവിതമാക്കി മാറ്റാൻ നമുക്ക് പരിശ്രമിക്കാം. അതുവഴി ദൈവത്തിന്റെ ദാനങ്ങൾ നമ്മുടെ ജീവിതത്തിലേക്ക് സമൃദ്ധമായി സ്വീകരിക്കുവാൻ നമ്മുടെ ജീവിതങ്ങളെ ഒരുക്കാം. ദൈവത്തിന്റെ കൃപ ധാരാളമായി ഒഴുകുവാൻ നമ്മുടെ ജീവിതങ്ങളെ നവീകരിക്കുകയും ചെയ്യാം.


***ഫാ. ഓസ്റ്റിൻ തെക്കേതിൽ***

**ഉപകാരസ്മരണ**



**റോയി**
**ബാംഗ്ലൂർ**

**ഉപകാരസ്മരണ**



**സിൻസി ശോശ**
**മാത്യു ചെത്തോങ്കര**

# മസ്തിഷ്കരോഗ ചികിത്സയിലെ നൂതന പ്രവണതകൾ




**ഡോ. റോബർട്ട് മാത്യു MD, DNB, DM**
**പുഷ്പഗിരി മെഡിക്കൽ കോളജ്, തിരുവല്ല**

ആധുനിക ചികിത്സാ രീതികളിൽ വിപ്ലവാത്മകമായ മാറ്റങ്ങൾ സംഭവിക്കുന്ന ഒരു ഘട്ടത്തിലാണല്ലോ നാം. മറ്റു ശാഖകളിൽ വരുന്നതിന് സമാനമായ മാറ്റങ്ങൾ ന്യൂറോളജിയിൽ സംഭവിക്കുന്നു എന്നത് തികച്ചും സ്വാഭാവികമാണ്. കംപ്യൂട്ടറിന്റെ ഉപയോഗവും അതിനോടനുബന്ധിച്ചു സാധ്യമായ അനേകം സങ്കീർണ്ണ ഉപകരണങ്ങളുമാണ് ഈ മാറ്റങ്ങളുടെ പ്രധാന കാരണം. ഓരോ ഡോക്ടറും ചില പ്രത്യേക രോഗങ്ങൾ മാത്രം ചികിത്സിക്കുക എന്ന രീതിയിലേയ്ക്ക് മാറിയതും വിപ്ലവാത്മകമായ മാറ്റങ്ങളുടെ മറ്റൊരു പ്രധാനപ്പെട്ട കാരണമാണ്. കുറച്ചു രോഗങ്ങൾ മാത്രം ചികിത്സിക്കുവാൻ ശ്രമിക്കുക, ആ രോഗങ്ങൾക്ക് ഏറ്റവും നല്ല ചികിത്സ ലഭ്യമാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

അപസ്മാര രോഗത്തിന്റെ ചികിത്സയിൽ പല നൂതന രീതികളും ഇന്ന് ലഭ്യമാണ്. ഏതാനും പതിറ്റാണ്ടുകളായി നാലോ അഞ്ചോ തരം മരുന്നുകൾ മാത്രമേ അപസ്മാര ചികിത്സയ്ക്ക് ലഭ്യമായിരുന്നുള്ളു. എന്നാൽ ഇന്ന് ഇരുപതോളം തരം മരുന്നുകൾ വിപണിയിൽ ലഭ്യമാണ്. പാർശ്വഫലങ്ങൾ വലുതായി ഇല്ല എന്നതാണ് ഈ മരുന്നുകളുടെ പ്രത്യേകത.

നേരത്തെ ഉപയോഗിച്ചിരുന്ന മരുന്നുകൾ പലതും ഒരു പരിധിക്കപ്പുറം നല്കുമ്പോൾ പല തരത്തിലുള്ള പാർശ്വഫലങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ചിലപ്പോഴെങ്കിലും പാർശ്വഫലങ്ങൾ മൂലം ഈ മരുന്നുകൾ ഫലപ്രദമായ അളവിൽ നൽകാൻ സാധിക്കാറുമില്ലായിരുന്നു. ശരിയായ തോതിൽ മരുന്നു നൽകിയാലെ ഉദ്ദേശിക്കുന്ന ഫലം കിട്ടുകയുള്ളു എന്നതുകൊണ്ട് പാർശ്വഫലങ്ങൾ പലപ്പോഴും ഫലപ്രദമായ ചികിത്സയ്ക്ക് തടസ്സമാകാറുണ്ട്. പുതിയ മരുന്നുകൾക്ക് പഴയ മരുന്നുകളെ അപേക്ഷിച്ച് ചിലവ് കൂടുമെന്നു മാത്രം. മരുന്നുകൾ തമ്മിലുള്ള പ്രതിപ്രവർത്തനം പുതിയ മരുന്നുകളിൽ കുറവാണ് എന്നത് ഒന്നിൽകൂടുതൽ മരുന്നുകൾ കഴിക്കേണ്ടിവരുന്നവർക്ക് ആശ്വാസമാണ്. അപസ്മാര രോഗത്തനുള്ള ശസ്ത്രക്രിയയാണ് മറ്റൊരു പ്രധാനപ്പെട്ട ചുവടുവയ്പ്. നിലവിലുള്ള ആധുനിക മരുന്നുകൾക്ക് പോലും ഭേദമാക്കാൻ സാധിക്കാത്ത അപസ്മാരം 10% രോഗികൾക്ക് ഉണ്ടാകാറുണ്ട്. ഇവരിൽ പകുതിയോളം രോഗികൾക്ക് തലച്ചോറിലെ ചില പ്രത്യേക ശസ്ത്രക്രിയ വഴി ആശ്വാസം കിട്ടുന്നു. പലതരത്തിലുള്ള ശസ്ത്രക്രിയകൾ ഇതിനായി ഉപയോഗിക്കാറുണ്ട്. ഇവയിൽ വളരെ ലഘുവായതും വളരെ സങ്കീർണമായതും ഉണ്ട്. ശസ്ത്രക്രിയകൊണ്ട് പ്രയോജനം കിട്ടാൻ സാധിക്കുന്ന രോഗിയെ തിരിച്ചറിയുക എന്നതാണ് ഈ പ്രക്രിയയിൽ ഏറ്റവും പ്രധാനപ്പെട്ട നടപടി. എല്ലാ രോഗികൾക്കും ശസ്ത്രക്രിയകൊണ്ട് പ്രയോജനം കിട്ടില്ല എന്നതുകൊണ്ടാണ് ഇത് പ്രധാനമായിത്തീരുന്നത്. തലച്ചോറിന്റെ ഏതു ഭാഗത്തുനിന്ന് അപസ്മാരം ഉത്ഭവിക്കുന്നു എന്ന് സൂക്ഷ്മമായി കണ്ടുപിടിച്ച് ആ ഭാഗത്തെ ശസ്ത്രക്രിയയിലൂടെ നീക്കികളയുക എന്നതാണ് ഈ ചികിത്സാരീതി.



*(തുടരും)*




## തിരുവല്ല അതിരൂപത വിശ്വാസ പരിശീലന ബൈബിൾ കലോത്സവം 2014 – 15

തിരുവല്ല അതിരൂപത വിശ്വാസ പരിശീലന ബൈബിൾ കലോത്സവം 2014 ഒക്ടോബർ 22–ാം തീയതി തിരുവല്ല അതിരൂപതാ പാസ്റ്ററൽ സെന്റർ ശാന്തിനിലയത്തിൽ വച്ച് വിപുലമായി നടത്തപ്പെട്ടു. അതിരൂപതാദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത കലോത്സവം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കലോത്സവം മത്സരത്തിന്റെ വേദി എന്നതിലുപരി തന്നോടു തന്നെ മത്സരിക്കുവാനും തന്നിലെ ഏറ്റവും നല്ലതിനെ പുറത്ത് കൊണ്ടുവരുവാനുമുള്ള അവസരമാണിത് എന്ന് അഭി. പിതാവ് ഓർമ്മിപ്പിച്ചു. സൺഡേസ്കൂൾ ഡയറക്ടർ ഫാ. ഡേവിഡ് വടക്കുംമുറിയിലച്ചൻ കലോത്സവത്തിന് നേതൃത്വം നല്കി. Best district award- ഒന്നാംസ്ഥാനം തിരുവല്ലാ മേഖലയ്ക്കും രണ്ടാം സ്ഥാനം കുമിളി മേഖലയ്ക്കും മൂന്നാം സ്ഥാനം മല്ലപ്പള്ളി മേഖലയ്ക്കും ലഭിച്ചു. Best Parish award- നേടിയത് തിരുവല്ലാ മേഖലയിലെ സെന്റ് മേരീസ് ചർച്ച് പെരിങ്ങരയും രണ്ടാംസ്ഥാനം സെന്റ് ജോൺസ് കത്തിഡ്രലും മൂന്നാസ്ഥാനം സെന്റ് ജോസഫ് ചർച്ച് നെറ്റിതൊഴുവും കരസ്ഥമാക്കി. വിജയികളായ കുട്ടികൾക്ക് പി.ഒ.സി ഡയറക്ടർ ബഹു. വർഗീസ് വള്ളിക്കാട്ട് അച്ചനും ബഹു. കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ അച്ചനും സമ്മാനങ്ങൾ നൽകിയും കുട്ടികളെ അഭിനന്ദിച്ച് സംസാരിക്കുകയും ചെയ്തു.













# ജീവിതത്തോട് പടപൊരുതുക




**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി
ഡെവലപ്മെന്റ് ട്രെയ്നർ

ലാഘവമേറിയ ജീവിതമാണ് എല്ലാവരും ഇഷ്ടപ്പെടുക. പ്രത്യേകിച്ച് പുതുതലമുറ. ജീവിതം ആയാസരഹിതമാക്കിത്തീർക്കാനുള്ള മാർഗ്ഗം ആരായുന്ന ആധുനിക മനുഷ്യർ കണ്ടെത്താറുള്ള ഉപാധികൾ അവനെ മോഹഭംഗത്തിലെത്തിക്കുവാൻ മാത്രമേ ഉപകരിക്കുന്നുള്ളൂ. ആയാസ രഹിതമായി ജീവിക്കാൻ മോഹിക്കുന്ന പുത്തൻ തലമുറക്കാർ അതിന് സഹായകരമായ നൂതന വ്യവസ്ഥിതി ഉണ്ടാകണമെന്ന് മുറവിളി കൂട്ടുന്നു. പഠിച്ചില്ലെങ്കിലും പരീക്ഷയെഴുതിയില്ലെങ്കിലും ജയിക്കണം. ബിരുദം നേടണം. ഉദ്യോഗം ലഭിക്കണം. ബുദ്ധിമുട്ടാൻ തയ്യാറല്ല. ഇങ്ങനെയുള്ള ഒരു പ്രവണത വളർന്നുകൊണ്ടിരിക്കുമ്പോൾ നിരായാസം ജീവിക്കാൻ ആരും ആഗ്രഹിക്കരുത് എന്നുപറഞ്ഞാൽ അതിനേക്കാൾ പിന്തിരിപ്പനായ ഒരു ജീവിത തത്വശാസ്ത്രം വേറെ കാണുകയില്ല. അനായാസ ജീവിതം നയിക്കുന്നവർ പ്രതിസന്ധികളിൽ തകർന്ന് തരിപ്പണമാകും.

അമേരിക്കൻ ഐക്യനാടുകളുടെ കിഴക്കേ തീരത്തുള്ള മെയിൻ എന്ന പ്രദേശത്തുള്ള ഒരു ഉൾക്കടലിൽ കാണാറുള്ള കടൽപ്പാത്തയുടെ കഥയാണിത്. കടുംതൂക്കായ പാറക്കെട്ടുകളുള്ള ആ പ്രദേശത്ത് അതീവ സൗന്ദര്യമുള്ള ഒരു പക്ഷി പ്രകൃതിയൊടു മല്ലിട്ടു ജീവിക്കുകയും അതിന്റെ പിൻതലമുറക്കാരെ അങ്ങിനെതന്നെ ജീവിക്കാൻ പഠിപ്പിക്കുകയും ചെയ്യുന്നു. പ്രകൃതിയുടെ പ്രതീകൂല ശക്തികളെ അതിജീവിക്കാനും വളരെ ബുദ്ധിമുട്ടി ഇരതേടാനുള്ള പരിശീലനം ചെറുപ്പത്തിലേ കിട്ടുന്നതുകൊണ്ട് എപ്പോഴും നല്ല ചുറുചുറുക്കോടെ മാത്രമേ ഈ പക്ഷിയെ കാണാൻ കഴിയൂ.

മഞ്ഞുകാലത്ത് ഈ കടൽപാത്ത ഭക്ഷണം തേടി ഫ്ളോറിഡയിലേയ്ക്ക് പോകുക പതിവാണ്. ഒരു മഞ്ഞുകാലത്ത് ഈ പക്ഷികൾ തെക്കോട്ട് പറന്നപ്പോൾ ഉഗ്രമായ കൊടുംകാറ്റുണ്ടായി. അതിന്റെ ഫലമായി അവയ്ക്ക് കൊൻച് എന്ന ദ്വീപിലേയ്ക്ക് പോകേണ്ടിവന്നു. വടക്കുനിന്നും വന്ന ആ പക്ഷികളെ അവിടുത്തേ പക്ഷികൾ സന്തോഷപൂർവ്വം സ്വാഗതം ചെയ്തു. എന്നാൽ അവ ഇരതേടാൻ പോകാതെ അലസമായി ഇരിക്കുന്നതു കണ്ടപ്പോൾ വടക്കുനിന്നുവന്ന അതിഥികൾക്ക് അത്ഭുതം തോന്നി. അല്പം കഴിഞ്ഞപ്പോൾ മീൻപിടുത്ത കപ്പൽ അടുത്തുവരുന്നതുകണ്ടു. ഉടനെ ആ ദ്വീപിലെ കടൽപാത്തകൾ അതിഥികളെ ക്ഷണിച്ചുകൊണ്ട് ആ കപ്പലുകളുടെ അടുത്തേയ്ക്ക് പറന്നു. മീൻപിടുത്തക്കാർ വലിച്ചെറിയുന്ന മീനിന്റെ അവശിഷ്ടങ്ങളും അവർ ഉപേക്ഷിക്കുന്ന ചെറുമത്സ്യങ്ങളും ആ പക്ഷികൾ കൊക്കിനുള്ളിലാക്കി. നല്ല കുശാലായ ഭക്ഷണം. ഒരു ബുദ്ധിമുട്ടുമില്ല. വടക്കുനിന്നുവന്ന പക്ഷികൾക്കും സന്തോഷമായി. അവ അദ്ധ്വാനിക്കാതെ ഇഷ്ടംപോലെ തിന്നുകനത്തു. അവരുടെ കുഞ്ഞുങ്ങൾക്ക് നിരായാസം ഭക്ഷണം കിട്ടി വന്നതുകൊണ്ട് വെള്ളത്തിൽ മുങ്ങി മീനിനെ പിടിക്കേണ്ട ആവശ്യമില്ലായിരുന്നു. അതുകൊണ്ട് അതിനുള്ള കൗശലം വശമാക്കാൻ അവയ്ക്ക് കഴിഞ്ഞില്ല.

കുറേനാൾ കഴിഞ്ഞപ്പോൾ മീൻപിടുത്തക്കാർ കൂടുതൽ മീൻ കിട്ടുന്ന സ്ഥലതതേയ്ക്ക് പോയപ്പോഴാണ് കാര്യം കുഴപ്പത്തിലായത്. ഇനിയും വെറുതേയിരുന്നാൽ പട്ടിണികിടക്കേണ്ടി വരുമെന്നായി. പക്ഷേ അവരുടെ കുഞ്ഞുങ്ങൾക്ക് ഇരപിടിക്കാൻ അറിഞ്ഞുകൂടായിരുന്നു. അവ വിശന്നുവലഞ്ഞ് ചത്തടിഞ്ഞു. വളർന്നുവരുന്ന തലമുറയ്ക്ക് ബുദ്ധിമുട്ടിയും അദ്ധ്വാനിച്ചും ജീവിക്കാനുള്ള പരിശീലനം നൽകിയില്ല എങ്കിൽ അവർക്കും ഈ പക്ഷികളുടെ അനുഭവം ആയിരിക്കും.












ഫാ. എൽദോ മോഴശ്ശേരിൽ

# സോഷ്യൽ നെറ്റ്‌വർക്ക്

പത്തൊൻപത് വയസുള്ള മാർക്ക് സൂക്കർബർഗ് എങ്ങനെയൊരു കോടീശ്വരനായിത്തീർന്നു എന്നതിന്റെ കഥയാണ് സോഷ്യൽ നെറ്റ്‌വർക്ക് എന്ന സിനിമ പറഞ്ഞുവയ്ക്കുന്നത്. കൊച്ചുകുട്ടികൾ മുതൽ കബറിന്റെ പടിയിൽ കാൽച്ചവുട്ടി നിൽക്കുന്ന അപ്പാപ്പന്മാർക്കുപോലും പരിചിതമാണ് ഫെയ്സ്ബുക്ക് എന്ന പ്രതിഭാസം. പക്ഷേ പൊതുവിജ്ഞാനം എന്ന നിലയിൽ ആരാണ് ഫെയ്സ്ബുക്കിന്റെ ഉപജ്ഞാതാവെന്ന് ചോദിച്ചാൽ പലർക്കും ഉത്തരംമുട്ടും. എന്നാൽ ഫെയ്സ്ബുക്ക് എന്ന സോഷ്യൽ നെറ്റ്‌വർക്കിന്റെ സ്വാധീനം അത്ര വലുതാണ്.

ഹാർഡ്‌വേർഡ് യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന മാർക്ക് സൂക്കർബർഗിന്റെ കാമുകിയാണ് എറിക്കാ അൽബ്രൈത്ത് എന്ന പെൺകുട്ടി. അവൾ സൂക്കർ ബർഗിനെ തന്റെ കാമുകനായി ഇനിവേണ്ട എന്നുവയ്ക്കുന്നു. സൂക്കർബർഗ് നിരാശപ്പെടുകയും തന്റെ മുറിയിൽ പ്രവേശിച്ച് എറിക്കായെ തന്റെ ബ്ലോഗ് വഴി അപമാനിക്കുന്നു. ഫെയ്സ് മാഷ് എന്ന ഒരു വെബ്സൈറ്റ് സൃഷ്ടിക്കുന്നു. ആ വെബ് പേജിൽ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥിനികളുടെ മോഷ്ടിക്കപ്പെട്ട ഫോട്ടോകൾ ഇടുകയും ആ സൈറ്റിൽ പ്രവേശിക്കുന്നവർക്ക് അവരുടെ ആകർഷണീയതയെ വിലയിരുത്താനുള്ള അവസരവും സൃഷ്ടിച്ചു. ഈ സൈറ്റിൽ പ്രവേശിക്കുന്നവരുടെ എണ്ണം കൂടിവന്ന സാഹചര്യത്തിൽ ഹാർഡ്‌വേർഡ് യൂണിവേഴ്സിറ്റിയുടെ കമ്പ്യൂട്ടർ നെറ്റ്‌വർക്ക് തന്നെ തകരാറിൽ ആയി. അങ്ങനെ സൂക്കർബർഗിനെ യൂണിവേഴ്സിറ്റി നിരീക്ഷണത്തിന് വിധേയനാക്കുകയാണ്.

ഫെയ്സ് മാഷിന് ഒത്തിരി ജനപ്രീതി ലഭിച്ചു. ഹാർഡ്‌വേർഡിലെ ഉന്നതരുടെ ശ്രദ്ധ പിടിച്ചുപറ്റാൻ സൂക്കർബർഗിനായി. കാമറൂൺ - ടെയ്ലർ എന്ന ഇരട്ട സഹോദരന്മാർ (അഥവാ വിൻകൽവോസ്) എന്ന ഇരട്ടകൾ ഒരു സോഷ്യൽ വെബ്സൈറ്റിൽ ജോലി ചെയ്യാൻ സൂക്കർബർഗിനെ ക്ഷണിക്കുന്നു.

വിൻകൽവോസ് എന്ന സഹോദരന്മാരുടെ ഈ സംരംഭത്തിൽ പങ്കുചേരാമെന്ന് സമ്മതിച്ച് അദ്ദേഹം തന്റെ സുഹൃത്തായ എടാർടോ സാവറിനെ ചെന്നുകണ്ട് ദ് ഫെയ്സ്ബുക്ക് എന്ന സോഷ്യൽ നെറ്റ്‌വർക്കിംഗ് വെബ്സൈറ്റിനെക്കുറിച്ചുള്ള ആശയം നൽകുന്നു. സാവറിൻ സൂക്കർബർഗിന് ആയിരം ഡോളർ നൽകി, ദ് ഫെയ്സ്ബുക്ക് എന്ന ഓൺലൈൻ വെബ്സൈറ്റ് വികസിപ്പിക്കാനുള്ള ഫണ്ട് നൽകുന്നു. ഉടൻതന്നെ അത് വളരെ പ്രസിദ്ധമാകുന്നു. വിൻകൽവോസ് സഹോദരങ്ങൾ സൂക്കർബർഗ് തങ്ങളെ ചതിച്ചു എന്ന് ആരോപിക്കുന്നു. അവരുടെ ആശയത്തിൽ ജനിച്ച ഒരു സംഭവം മോഷ്ടിച്ച സൂക്കർബർഗ് പ്രസിദ്ധനാകാൻ ശ്രമിക്കുകയാണ് എന്ന് അവർ ആരോപിച്ചു. ദ് ഫെയ്സ്ബുക്കിന്റെ പ്രസിദ്ധി ഹാർഡ്‌വേർഡിൽ മാത്രം ഒതുങ്ങി നിന്നില്ല. യാലേ യൂണിവേഴ്സിറ്റി, കൊളംബിയ യൂണിവേഴ്സിറ്റി, സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിലേക്കും ഈ സോഷ്യൽ നെറ്റ്‌വർക്ക് കടന്നുചെന്നു.

ക്രിസ്റ്റി ലീ എന്ന സഹചാരിയെ സാവറിനും സൂക്കർബർഗും കണ്ടുമുട്ടുന്നു. ലീയാണ് ഫെയ്സ്ബുക്ക് മി (Facebook me) എന്ന പദം ഉപയോഗിക്കുന്നത്. ഇത് സൂക്കർബർഗിന് വളരെ ആകർഷണീയമായി തോന്നി. ലീയാണ് സാവറിനെയും സൂക്കർബർഗിനെയും ഷീൻ പാർക്കർ എന്ന വ്യക്തിയുമായി പരിചയപ്പെടുത്തുന്നത്. ഷീൻ പാർക്കർ മറ്റൊരു ഓൺലൈൻ സേവനം നൽകുന്ന Napster എന്ന വെബ്സൈറ്റിന്റെ സഹസ്ഥാപകനാണ്. സൂക്കർബർഗിന് വേണ്ട നിർദ്ദേശം നൽകുകയും ദ് ഫെയ്സ്ബുക്ക് എന്ന ഈ ഓൺലൈൻ സേവനം മറ്റ് ഭൂഖണ്ഡങ്ങളിലും വ്യാപിപ്പിക്കാനുള്ള മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു


ന്നു. ഷീൻ പാർക്കറിന്റെ നിർദ്ദേശപ്രകാരം 'ദ്' എന്ന പദം ഫെയ്സ്ബുക്കിൽനിന്നും ഒഴിവാക്കി. പിന്നീട് വളരെ വേഗത്തിലായിരുന്നു ഫെയ്സ്ബുക്കിന്റെ വളർച്ച.

സൂക്കർബർഗിന് പിന്നീട് പരീക്ഷകളുടെ ദിനമാണ്. വിൻകൽവോസ് സഹോദരന്മാർ സൂക്കർബർഗിനെതിരെ കേസ് ഫയൽ ചെയ്യുന്നു.


പാർക്കറിനെ ചൊല്ലി, സൂക്കർബർഗിനും സാവനറിനുമിടയിൽ ചില പ്രശ്നങ്ങൾ ജനിക്കുന്നു. വിൻ കൽവോസ് സഹോദരന്മാരുടെ ആരോപണം സൂക്കർബർഗിന്റെ ആശയമല്ല ഫെയ്സ്ബുക്ക് എന്നത് അവനെ അലട്ടുന്ന ഒരു പ്രശ്നമായി തുടർന്നു ഈ ചിത്രം കാണിക്കുന്നു. സാവറിൻ, സൂക്കർബർഗ് തന്റെ പങ്ക് അവനു നൽകിയില്ല എന്ന ആരോപണവുമായി വരുന്നു.

അവസാന സീനിൽ സുക്കർബർഗ് അവന്റെ മുൻ കാമുകിക്ക് ഫ്രണ്ട് റിക്വസ്റ്റ് അയയ്ക്കുന്നതാണ്. തുടർന്ന് അവളുടെ പ്രതികരണത്തിനുവേണ്ടി അവൻ കാത്തിരിക്കുന്നു. ചിത്രം തീരുന്ന അവസരത്തിൽ സൂക്കർബർഗ്, വിൻ കൽവോസ് സഹോദരങ്ങൾക്ക് 65 മില്യൺ നൽകി അവരുമായി നിലനിൽക്കുന്ന പ്രശ്നം എങ്ങനെ പരിഹരിച്ചുവെന്നും, തന്റെ മുൻസുഹൃത്ത് സാവറിന് വലിയ ഒരു തുക (എത്രയാണ് ആ തുകയെന്ന് ആർക്കും അറിവില്ല) നൽകുകയും ഫെയ്സ്ബുക്കിന്റെ സഹസ്ഥാപകൻ എന്ന് സമ്മതിച്ചുകൊണ്ട് ഒരു പരസ്പര ധാരണയിൽ സൂക്കർബർഗ് തന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടു.

ഇന്ന് ലോകത്തിൽ ഈ വെബ്സൈറ്റിന് 500 മില്യൺ അംഗങ്ങൾ 207 രാജ്യങ്ങളിലായി ഉണ്ട്. ഫെയ്സ്ബുക്കിന്റെ മൂല്യം 25 ബില്യൺ ഡോളറിലാണ് നിശ്ചയിച്ചിരിക്കുന്നത്. മാർക്ക് സൂക്കർബർഗ് ലോകത്തിലെ ഏറ്റവും ചെറുപ്പക്കാരനായ കോടീശ്വരനാണ്. ഫെയ്സ്ബുക്കിന്റെ സൃഷ്ടി തന്നെ സ്നേഹിക്കുന്ന രണ്ടുപേർ തമ്മിലുള്ള കലഹത്തിലാണ്. (സൂക്കർബർഗും അവന്റെ കാമുകി എറിക്കായും തമ്മിൽ). ഇന്ന് സ്നേഹത്തേക്കാളുപരി മറ്റുള്ളവരുടെ വ്യക്തിത്വത്തെ ഹിംസിക്കാനും കരിവാരി തേക്കാനുമാണ് ഫെയ്സ്ബുക്ക് ഉപയോഗപ്പെടുത്തുന്നത്. "Facebook is a book of the faceless" എന്നു പറയുന്നതിൽ ആശ്ചര്യമില്ല. മാനസിക വൈകല്യമായ സ്വദേഹപ്രേമം (narcissism) അമിതമായി വളരാൻ പ്രോത്സാഹിപ്പിക്കുന്ന ഒരു സോഷ്യൽ നെറ്റ്വർക്കാണ് ഫെയ്സ്ബുക്ക്. സ്വന്തം ചിത്രങ്ങൾ പോസ്റ്റ് ചെയ്ത് അത് വീണ്ടും വീണ്ടും നോക്കി ആരൊക്കെയാണ് തന്റെ ഫോട്ടോയ്ക്ക് ലൈക്ക് ചെയ്തിരിക്കുന്നതെന്നും എന്തൊക്കെയാണ് കമന്റ്സ് എന്നും നോക്കുന്നവരാണ്. റോഡിൽവച്ചു പരസ്പരം ഇടിച്ചുവീണാൽ സംസാരിക്കാത്തവർ ഫെയ്സ്ബുക്കിൽ കയറി ചാറ്റിംഗാണ്. (ഒത്തിരി ചീറ്റിംഗും നടക്കുന്നുണ്ട്) അടുത്തുള്ള വീട്ടിലെ മനുഷ്യരെ അറിയാത്തവർ ഭൂഖണ്ഡങ്ങൾ താണ്ടി ചെന്ന് സുഹൃത്ത് വലയം സൃഷ്ടിക്കുകയാണ്. ഇത് ഒരു വലയാണ്. അതാണല്ലോ വെബ്സൈറ്റ് എന്നു പറയുന്നത് തന്നെ. പക്ഷേ ഈ വക കാര്യങ്ങൾക്കൊന്നും മനുഷ്യന്റെ ഉള്ളിലുള്ള ദാഹത്തെ ശമിപ്പിക്കാൻ സാധിക്കില്ല. ഓർക്കുട്ടും മറ്റ് പല ഓൺലൈൻ സോഷ്യൽ നെറ്റ് വർക്കുകളും ഇന്ന് ചരമം പ്രാപിച്ചു. കമ്പ്യൂട്ടറിനെയല്ല നാം സുഹൃത്താക്കേണ്ടത്, മനുഷ്യരെത്തന്നെ.






## പാവനസ്മരണയ്ക്ക്

13/10/2012



**ബിജോ തോമസ് (അപ്പൂസ്)**

മടയ്ക്കൽ

മറക്കാത്ത ഓർമ്മകളുമായി
ദുഃഖാർത്തരായ കുടുംബാംഗങ്ങൾ



# ഉള്ളതു പറഞ്ഞാൽ...



അഡ്വ. വിനോദ് മാത്യു വിൽസൺ



# വേഷം

കഴിഞ്ഞ ദിവസം സഹോദരി അമ്മയോട് പറയുന്നതു കേട്ടു: "അമ്മേ എന്റെ നീല യേശുദാസ് ഒന്നു കഴുകി ഇടണേ." അപ്പോ അമ്മയുടെ മറുപടി, "എടീ, അതു കണ്ടില്ല. ഞാൻ ആ കറുത്ത യേശുദാസ് കഴുകി" എന്താണിവർ പറഞ്ഞു ചിരിക്കുന്നതെന്ന് ഓർത്തിരുന്നപ്പോൾ, "എടാ, എല്ലാരും പ്രത്യേകിച്ച് ലേഡീസ് ഇപ്പോൾ ജീൻസിന് യേശുദാസ് എന്നാണ് പറയുന്നതുപോലും...".

"വേഷങ്ങൾ ജന്മങ്ങൾ വേഷം മാറാൻ നിമിഷങ്ങൾ, നാം അറിയാതാടുകയാണീ ജീവിത വേഷം..."

ഇതു പാടി മനസ്സിൽ പതിപ്പിച്ച ദാസേട്ടൻ അതേ വേഷത്തിൽ പിടിച്ച് വിഷമത്തിലുമായി.

ദാസേട്ടൻ എന്താണ് പറഞ്ഞതെന്ന് ഞാൻ നേരിട്ട് കേട്ടില്ല. അതുകൊണ്ട് അദ്ദേഹം പറഞ്ഞു, എന്ന് പറഞ്ഞ് ഈ വിഷയത്തെ കൈകാര്യം ചെയ്യാൻ താല്പര്യപ്പെടുന്നില്ല. കാരണം വാർത്ത റിപ്പോർട്ട് ചെയ്തത് ഈ നാട്ടിലെ 'സരിതാ' ചാനലുകൾ ആണല്ലോ.

എന്തായാലും അദ്ദേഹത്തിന്റെ ജീൻസ് പ്രയോഗം കാരണം കടകളിൽ സ്ത്രീകളുടെ തിരക്കാണ്. ചട്ടയും മുണ്ടും ഉടുത്ത് ശീലിച്ചവർപോലും "ആഹാ, അയാൾ അത്രയ്ക്കായോ? എന്നാ ജീൻസ് ഇട്ടിട്ട് തന്നെ കാര്യം" എന്നായി.



ജീൻസ് ധരിക്കുന്നതുകൊണ്ട് പീഡനം നടക്കുന്നു എന്ന് പറയാനാവില്ല. 6 വയസുകാരിയെ 60 വയസുകാരൻ പീഡിപ്പിക്കുന്നതും, 80 വയസുകാരിയെ 40 കാരൻ പീഡിപ്പിക്കുന്നതും ജീൻസ് കാരണമല്ല. എന്നാൽ ചിലർ ജീൻസല്ല മറിച്ച് എന്തു ധരിച്ചാലും "ചുമ്മാതല്ല ഈ നാട്ടിൽ പീഡനം നടക്കുന്നത്" എന്ന് പറഞ്ഞ് നെടുവീർപ്പിടാത്തവരും കുറവാണ്.



മാറ് മറയ്ക്കാൻ സമരം ചെയ്തവരുടെ നാടാണിത്. അതേ നാട്ടിൽ 'മറയ്ക്കാതിരിക്കാൻ' അനുവദിക്കണം എന്നാവശ്യപ്പെട്ട് സമരം നടന്നാൽ അത്ഭുതപ്പെടാനാവില്ല.

ഈയിടയ്ക്ക് തുണിക്കടയിൽ നിന്നപ്പോൾ കേട്ട ആവശ്യമാണ്. "ചേച്ചീ, നമ്മുടെ സരിത ഉടുക്കുന്ന സാരിയില്ലേ, അത് ഏത് മെറ്റീരിയൽ ആണ്? അങ്ങനത്തെ സാരി എടുക്കാമോ?" ഇതാണ് അവസ്ഥ.

പ്രിയങ്ക ചോപ്ര ജീൻസ് ഇടുന്നതുപോലെ, സാനിയ മിർസ ടോപ്പ് ഇടുന്നതുപോലെ, സരിത സാരി ഉടുക്കുന്നതുപോലെ... ആഗ്രഹങ്ങൾ നീളുന്നു... ഇമ്മാതിരി ചിലരെ ചില മാതാപിതാക്കൾ കെട്ടി എഴുന്നള്ളിക്കുമ്പോൾ ഉത്സവപറമ്പിലെ ആന മാറി നിൽക്കും. ഇങ്ങനെ ആനയ്ക്ക് പകരം ആരെയെങ്കിലും കണ്ടതിന്റെ വിഷമത്തിൽ ദാസേട്ടൻ പറഞ്ഞതാകാം. എന്റെ വ്യക്തിപരമായ അഭിപ്രായം, സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ യോജിക്കുന്ന വേഷമാണ് ജീൻസ്. അതു മനസ്സിലാക്കണമെങ്കിൽ ദാസേട്ടൻ മകനെയും മരുമകളെയും നോക്കിയാൽ മതി.

aikyadeepam monthly



തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടന്ന 'World Heart Day 2014'ൽ വച്ച് ലോകപ്രശസ്ത ജ്വല്ലറി ഗ്രൂപ്പായ ജോയ് ആലുക്കാസിന്റെ ചെയർമാൻ ശ്രീ. ജോയ് ആലുക്കാസിനെയും ആലുക്കാസ് ഗ്രൂപ്പ് ഡയറക്ടർ ശ്രീമതി ജോളി ജോയിയെയും തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അനുമോദിച്ചു. ആതുര സേവന രംഗത്ത് അവർ നല്കുന്ന വിശിഷ്ടമായ സേവനങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ അംഗീകാരത്തിനായി ഇവർ തെരഞ്ഞെടുക്കപ്പെട്ടത്.





Date of Publication: 29-10-2014 **AIKYADEEPAM MONTHLY** REG. NO. G/KL/TLA/40/2012-14
Price ₹ 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 R.N.I. 35982/90
Licenced to Post without Pre Payment No. KL/TLA/WPP/112/12-14 November 2014



## വിവാഹിതരായി

**റോയി വർഗീസ് ജോണും**
**സജു ജോണും**

പുല്ലാട് കാഞ്ഞിരപാറ വടക്കുംതലയിൽ ശ്രീ. വർഗീസ് ജോണിന്റെയും ശ്രീമതി ഏലിയാമ്മ ജോണിന്റെയും മകൻ **റോയി വർഗീസ് ജോണും** തുള്ളക്കളത്തിൽ പരേതനായ ജോണിന്റെയും ശ്രീമതി ലൈസമ്മ ജോണിന്റെയും മകൾ **സജു ജോണും** തമ്മിലുള്ള വിവാഹം 2014 സെപ്റ്റംബർ 22ന് വെണ്ണിക്കുളം സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് **റവ. ഫാ. ചാക്കോ തടത്തിലിന്റെ** പ്രധാന കാർമ്മികത്വത്തിൽ ആശീർവദിക്കപ്പെട്ടു.




*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*